‘ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ’

Kshatra Sandesam
Quarterly News Magazine of
Kshatriya Kshema Sabha
April - June 2010
Me 1185 Meenam - Edavam
Volume 10 Issue 2

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ഏപ്രിൽ – ജൂൺ 2010
1185 മീനം – ഇടവം
വാല്യം 10, ലക്കം 2

## വിഷയവിവരം

പത്രാധിപക്കുറിപ്പ് 1
വായനക്കാരുടെ കത്തുകൾ 2
വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് 3
വിദ്വാന്മാരും വിദുഷികളും 4
**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**
എം.സി. കേരളവർമ്മ ജന്മശതാബ്ദി ആഘോഷങ്ങൾ 6
ഒളിച്ചിരിപ്പൂ 7
**ലളിത.കെ. വർമ്മ**
കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ
കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ 8
**ഡോ. ബി.ആർ.ആർ. വർമ്മ**
വേണാട് (തിരുവിതാംകൂർ രാജവംശം) 10
**ഡോ. ആർ.പി. രാജാ**
ഗരുഡൻ 12
**ജയകൃഷ്ണൻ ആർ.വി.**
ദേവി 13
**പ്രഭാത് കുമാർ മുഖൊപാദ്ധ്യായ**
സമസ്യ 15
ഗൗരി ശങ്കരം 16
**ഹൈമവതി വർമ്മ**
മലയാളത്തിന്റെ മഹാപ്രതിഭ 18
**ആർ. ശ്രീലതാവർമ്മ**
ശ്ലോകം 20
**പി.കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി**
ക്ഷത്രിയൻ 20
**രാജേഷ് വർമ്മ**
ഭൂമികന്യ 21
**മനോജ് വർമ്മ**
എന്റെ ഗ്രാമം 24
**കെ. ഹരികൃഷ്ണ വർമ്മ**
പുസ്തകജാലകം 26
വളരുന്ന പ്രതിഭകൾ 28
ബാലവേദി 29
ഗ്രാമാതുരമൊരു സ്വപ്നം 29
**കെ. പ്രേമചന്ദ്രവർമ്മ**
വാർത്തകൾ - വിശേഷങ്ങൾ 30
വൈവാഹികം 37

പത്രാധിപക്കുറിപ്പ്

# വിദ്യകൊണ്ട് വളരുക, വികസിക്കുക

ഓരോ ജാതിക്കും സമുദായത്തിനും സമൂഹത്തിൽ അവരുടെ സ്വത്വം തെളിയിക്കാനും നിലനിർത്താനും മാർഗ്ഗങ്ങളുണ്ട്; അത് അവരുടെ കുലത്തൊഴിലിനെ ആശ്രയിച്ചാണുതാനും. ബ്രാഹ്മണർക്ക് വൈദികവൃത്തി, അമ്പലവാസികൾക്ക് ക്ഷേത്രവൃത്തികൾ, വിശ്വകർമ്മർക്ക് ഗൃഹ നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ തൊഴിലുകൾ, ഗണകർക്ക് ജ്യോതിഷം, അങ്ങിനെ പോകുന്നു ഓരോ സമുദായങ്ങളുടെയും ഐഡന്റിറ്റി അഥവാ തിരിച്ചറിയൽ. ക്ഷത്രിയർക്കോ? അവർ പണ്ട് രാജ്യം ഭരിച്ചിരുന്നവരായിരുന്നു എന്ന പഴയ ഓർമ്മകൾ മാത്രം. മാറിവരുന്ന ജീവിത വ്യാപാരവ്യവസ്ഥിതികളിൽ സംഘടിച്ച് മുന്നേറുക എന്ന മാർഗ്ഗമാണ് ഇതര സമുദായങ്ങളെല്ലാം അവലംബിക്കുന്നത്. അതാകട്ടെ അവരുടെ തൊഴിലിനെ ഉപയോഗപ്പെടുത്തിക്കൊണ്ടുമാണ്. അപ്പോൾ ക്ഷത്രിയർക്ക് സംഘടിച്ച് മുന്നേറാൻ എന്ത് തൊഴിലാണ് അവകാശപ്പെടാത്തത്? ഒന്നുമില്ല. അവർക്ക് മുന്നേറാൻ ഒരേ ഒരു മാർഗ്ഗമേയുള്ളു, വിദ്യകൊണ്ട് ഉയരങ്ങൾ കീഴടക്കുക. വിദ്യകൊണ്ട് ജീവിതത്തിന്റെ വിവിധരംഗങ്ങളിൽ വിജയിച്ചവർ ക്ഷത്രിയരുടെയിടയിലും ധാരാളമുണ്ട്. ഈയടുത്ത കാലത്തായി ഔദ്യോഗിക രംഗത്ത് ഉന്നതസ്ഥാനം ലഭിച്ചവരിൽ ചിലരെ ഇവിടെ ഓർക്കുകയാണ്. ഭൗമശാസ്ത്ര പഠനകേന്ദ്രത്തിലെ ശാസ്ത്രജ്ഞനായ ഡോ. ആർ. അജയകുമാർവർമ്മ (തിരു. ക്ഷത്രിയസഭാ മുൻപ്രസിഡന്റ്)ക്ക് സംസ്ഥാന സർക്കാരിന്റെ സയൻസ് ആന്റ് ടെക്നോളജി കൗൺസിലിന്റെ മെമ്പർ സെക്രട്ടറി സ്ഥാനം ലഭിച്ചതിലും കേരള ഗവൺമെന്റിന്റെ ബയോഡൈവേഴ്സിറ്റി ബോർഡിൽ ഡോ. ആർ. വി. വർമ്മ ചെയർമാനായി നിയമിതനായതിലും കവിയും പത്രപ്രവർത്തകനും സാഹിത്യകാരനുമായ പ്രഭാവർമ്മയ്ക്ക് കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് സ്ഥാനം ലഭിച്ചതിലും ബാങ്കിംഗ് ഓംബുഡ്സ്മാൻ സുമാവർമ്മയ്ക്ക് റിസർവ് ബാങ്ക് റീജിയണൽ ഡയറക്ടർ സ്ഥാനം ലഭിച്ചതിലും നമുക്ക് ആഹ്ലാദിക്കാനും അഭി മാനിക്കാനും പകയുണ്ട്. അവർ തീർച്ചയായും നമ്മുടെ അനുമോദനങ്ങൾ അർഹിക്കുന്നു.

പത്രാധിപ സമിതി
എം. രവിവർമ്മ രാജാ
*മുഖ്യപത്രാധിപർ*

ഡോ. എഴുമറ്റൂർ രാജരാജവർമ്മ
ദിനേശ്
ജി രാമവർമ്മ

ടി.എൻ. ആദിത്യവർമ്മ തമ്പാൻ
ആർ. കിഷോർ കുമാർ വർമ്മ
ചിത്രീകരണം: റാം കാശ്യപ് വർമ്മ

ഓഫീസ് നിർവഹണം ഃ ആർ. രാജരാജവർമ്മ, വത്സലാരവിവർമ്മ
മുഖചിത്രം ഃ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട്




**What is Eye Donation**
**Why is it important?**

There are hundreds of thousands of visually handicapped people in our country. It is estimated that out of this about 10 lakh people can regain vision with appropriate treatment. Surgery can restore vision to those who have become blind due to cataract or those whose cornea has been affected. So eye donation should be encouraged to the maximum extent possible. To enable another person obtain vision is one of the best forms of charity. Even after death the donor lives in the eyes of recipient. Eyes from a dead person can enable two blind people to acquire vision.

When should the eye-surgeon or eye bank be informed to donate the eyes?

The eyes of a dead person can be used only if they are taken out within 6 hrs of death. When a person who has given consent for the donation of one's eyes dies, the eye should be kept wet by sprinkling water on them. Otherwise pieces of cotton wool soaked in water should be placed on both the eyes so that the cornea does not become dry till the eye-surgeon arrives. After the removal of the eyes the eyelids will be stitched together and there will be no visible sign of the eyes having been removed. The entire process is completed within 10-15 mins. So act quickly and save the eyes for the living.

*Note: In this context, I would like to place on record my appreciation to shri VMD (an active member of Karivalloor unit of Kshatriya sabha) for his noble endeavour, magnifiscenece and generosity of spirit. (Ref. Page 23 of Kshatra sandesam - Jan - Mar-2010)*
*It would not be inappropriate for the members of Kshatriya Kshema Sabha to emulate this noble example.*

***C.K. Kerala Varma***
*Chirackal Kovilakom, Chirackal, Kannur*

# വായനക്കാരുടെ കത്തുകൾ




## വിഷുക്കണി

മഞ്ഞനിറത്തിൽ കുളിച്ച് കണിക്കൊന്നയുമായി പൊന്നിൻ വെള്ളി ഉരുളിയിൽ ഒരുക്കിവെച്ച വിഷുക്കണിയ്ക്കു മുന്നിൽ വേണുഗോപാലനായി ഉണ്ണിക്കണ്ണൻ നിന്നു വിളയാടുന്ന ഐശ്വര്യപൂർണ്ണമായ മുഖചിത്രത്തോടെ വന്നുചേർന്ന് ക്ഷാത്രസന്ദേശത്തെ എത്ര കണ്ടിട്ടും മതി വരുന്നില്ല. കൊടുങ്ങല്ലൂർ രാജവംശത്തെക്കുറിച്ച് കുഞ്ഞുണ്ണിരാജാ എഴുതുന്ന ലേഖനപരമ്പര പല അറിവുകളും തരുന്നുണ്ട്. മുൻനാടുവാഴികൾക്ക് നീതിനിഷേധിക്കരുതെന്ന ദാമോദർ സിംഹർ കർത്തായുടെ ലേഖനം ചിന്തോദ്ദീപകം തന്നെ.

**കുട്ടി അനിയൻ രാജ**

## റീജന്റ് റാണി മാധ്യമ പുരസ്കാരവും വിദ്യാഭ്യാസ പുരസ്ക്കാരവും

തിരുവിതാംകൂറിന്റെ സമഗ്രമായ വികസനത്തിന് ശ്ലാഘനീയമായ നേതൃത്വം നൽകി ഏഴുവർഷം തിരുവിതാംകൂർ ഭരിച്ച മഹാറാണി സേതുലക്ഷ്മീഭായിയുടെ സ്മരണ നിലനിർത്തുന്നതിനായി തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭയും മഹാറാണിയുടെ കുടുംബാംഗങ്ങളും സംയുക്തമായി ഏർപ്പെടുത്തിയിട്ടുള്ള മാധ്യമ- വിദ്യാഭ്യാസ പുരസ്ക്കാരങ്ങൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

2009 ഏപ്രിൽ 1 മുതൽ 2010 മാർച്ച് 31വരെ കേരളത്തിലെ സമകാലിക പ്രശ്നങ്ങളെ അധികരിച്ച് പ്രസിദ്ധപ്പെടുത്തിയ ഏറ്റവും മികച്ച ലേഖനമോ ലേഖപരമ്പരയോ ആണ് മാധ്യമപുരസ്ക്കാരത്തിനായി ഈ വർഷം പരിഗണിക്കുന്നത്. 15,000/- രൂപയും പ്രശസ്തിപത്രവും ശില്പവുമാണ് പുരസ്ക്കാര ജേതാവിന് നൽകുക.

2009-2010 അധ്യയനവർഷത്തിൽ SSLC, CBSE, ICSE എന്നീ സ്കീമുകളിൽ നിന്ന് 10-ാം ക്ലാസ്സിൽ ഏറ്റവും ഉയർന്ന മാർക്കു നേടിയ ക്ഷത്രിയ വിദ്യാർത്ഥി/വിദ്യാർത്ഥിനിക്കാണ് വിദ്യാഭ്യാസ അവാർഡ് നൽകുന്നത്. 15,000/- രൂപയും പ്രശസ്തി പത്രവുമാണ് പുരസ്ക്കാരജേതാവിനു നൽകുന്നത്.

മാധ്യമ അവാർഡിനുള്ള അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയോഡാറ്റയോടൊപ്പം പരിഗണിക്കപ്പെടേണ്ട ലേഖനത്തിന്റെ മൂന്നു പ്രതികൾ പ്രസിദ്ധീകരണത്തിന്റെ തെളിവു സഹിതം സമർപ്പിക്കേണ്ടതാണ്. കവറിനുമുകളിൽ 'മാധ്യമഅവാർഡിനുള്ള അപേക്ഷ' എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

വിദ്യാഭ്യാസ അവാർഡിന് ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ പകർപ്പു സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കവറിനു മുകളിൽ 'വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷ' എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

അപേക്ഷകൾ 2010 ഒക്ടോബർ 31നു മുമ്പ് കിട്ടത്തക്കവിധം സെക്രട്ടറി, തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ, സുന്ദരവിലാസം കൊട്ടാരം, കോട്ടയ്ക്കകം, തിരുവനന്തപുരം 695 023 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ജീവരേഖ

# വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട്

ഡോ. കെ. മുത്തുലക്ഷ്മി

ആയുർവേദാചാര്യനായ വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട്, ആലപ്പുഴ ചിങ്ങോലി സ്രാമ്പിയ്ക്കൽ മഠത്തിലെ ഡി. നാരായണയ്യരുടേയും, ചാലക്കുടി കിഴക്കേമഠത്തിൽ കെ. ലക്ഷ്മിക്കുട്ടി നമ്പിഷ്ടാതിരിയുടെയും മകനായി 20-5-1920-ൽ ജനിച്ചു. 1937-ൽ ചാലക്കുടി സർക്കാർ ഹൈസ്കൂളിൽ നിന്നായിരുന്നു സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1950-ൽ കൊച്ചി ഗവൺമെന്റിന്റെ വൈദ്യഭൂഷണ ബിരുദം കരസ്ഥമാക്കി. 1944-49 കാലഘട്ടത്തിൽ ആയുർവ്വേദ പണ്ഡിതനും രാമവർമ്മ സെൻട്രൽ ആയുർവ്വേദ ആശുപത്രിയിലെ മുഖ്യചികിത്സകനുമായിരുന്ന ശ്രീ.പി. വാസുദേവൻ നമ്പീശന്റെ കീഴിൽ ഗുരുകുല രീതിയിൽ പരിശീലനം നേടി. സംസ്കൃത സാഹിത്യം, തർക്കം, ജ്യോതിഷം എന്നിവയിലും വിവിധ ഗുരുക്കന്മാരിൽ നിന്നും അവഗാഹം നേടി.

കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും ആയുർവ്വേദത്തിന്റെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗവും പരീക്ഷകനുമായി പ്രവർത്തിച്ചു. കാലടിയിലെ ശ്രീശങ്കരാചാര്യ സർവകലാശാലയിലെ സിൻഡിക്കേറ്റ് അംഗവുമായിരുന്നു. ആയുർവ്വേദ-സംസ്കൃത വിദ്യാർത്ഥികൾക്ക് അടിസ്ഥാനതലം മുതൽ ഗവേഷണതലം വരെയുള്ള നിലകളിൽ മാർഗദർശനവും സഹായവും നൽകിവരുന്നു.

ചികിത്സകൻ, ദാർശനികൻ, എഴുത്തുകാരൻ, അദ്ധ്യാപകൻ, പ്രബന്ധകാരൻ, വിവർത്തകൻ, പ്രസംഗകൻ എന്നീ നിലകളിൽ ഒരു ബഹുമുഖപ്രതിഭയായി അദ്ദേഹം കേരളത്തിനകത്തും പുറത്തും അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഉള്ള പല ബഹുമതികളും ശ്രീ. തിരുമുൽപ്പാടിനെ തേടിയെത്തി. കോട്ടയ്ക്കൽ ആര്യവൈദ്യശാല സ്ഥാപക ദിനത്തിനോടനുബന്ധിച്ച് ദേശീയതലത്തിൽ നടത്തുന്ന പ്രബന്ധ മത്സരത്തിൽ, 1966 മുതൽ തുടർച്ചയായി 13 വർഷം അദ്ദേഹം സമ്മാനിതനായി. മറ്റ് നിരവധി അംഗീകാരങ്ങളിൽ, ഡൽഹിയിലെ നാഷണൽ അക്കാദമി ഓഫ് ആയുർവ്വേദയുടെ ഫെല്ലോഷിപ്പ്, കേരള ഗവൺമെന്റ്, ആയുർവ്വേദത്തിലെ സമഗ്ര സംഭാവനയ്ക്കായി നൽകിയ അഷ്ടാംഗ രത്ന അവാർഡ്, കോയമ്പത്തൂർ ആര്യവൈദ്യഫാർമസി നൽകിയ 'ബൃഹത്രയീരത്ന' അവാർഡ്, കേരളത്തിലെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി മന്ത്രാലയത്തിന്റെ അവാർഡ് എന്നിവ ഉൾപ്പെടുന്നു.

ആയുർവ്വേദസംബന്ധിയും അല്ലാത്തതുമായ നാൽപ്പതിലധികം ഗ്രന്ഥങ്ങളുടെ കർത്താവാണ് ശ്രീ. രാഘവൻ തിരുമുൽപ്പാട്. ആയുർവ്വേദ ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വാഗ്ഭടാചാര്യന്റെ സുപ്രധാന കൃതിയായ അഷ്ടാംഗസംഗ്രഹത്തിന് രചിച്ച പ്രകാശികാ വ്യാഖ്യാനമാണ്. 12 വാല്യങ്ങളിലായി ഇത് മുഴുവനാക്കപ്പെട്ടിരിക്കുന്നു. ആയുർവ്വേദ കോളേജുകളിൽ ഇന്നുപയോഗിച്ചു വരുന്ന പ്രധാന റഫറൻസ് ഗ്രന്ഥമാണിത്. കൂടാതെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഡി.സി. ബുക്സ്, ചിന്താബുക്സ് എന്നിവയും ഇദ്ദേഹത്തിന്റെ ആയുർവ്വേദ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. തിരുമുൽപ്പാട് രചിച്ച വിവർത്തന കൃതികളിൽ പ്രധാനപ്പെട്ടവ ഭഗവദ്ഗീത, തിരുക്കുറൾ, ധർമ്മപദം എന്നിവയുടെ മലയാള വിവർത്തനങ്ങളാണ്. ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് രചിച്ച 'മഹാത്മാവും ഇസവും' എന്ന ഗ്രന്ഥത്തിന് മറുപടിയായി രചിച്ച 'ഇസവും മഹാത്മാവും' എന്ന കൃതി തിരുമുൽപ്പാടിന്റെ രാഷ്ട്രീയമായ ഉൾക്കാഴ്ചയെയും സൂക്ഷ്മമായ ചിന്തയെയും പ്രതിഫലിപ്പിക്കുന്നു.

ഇക്കഴിഞ്ഞ മെയ് 23ന് ആയുർവ്വേദ വിദ്യാർത്ഥികളും ചികിത്സകരും ചേർന്ന് ശ്രീ. തിരുമുൽപ്പാടിന്റെ നവതി ആഘോഷം സംഘടിപ്പിച്ച വേളയിൽ, താഴെപ്പറയുന്ന 9 പുസ്തകങ്ങൾ പ്രകാശനം ചെയ്യപ്പെടുകയുണ്ടായി.

1. അയ്യപ്പസ്തുതി
2. രാഘവീയം (സംസ്കൃതം)
3. ചികിത്സാപ്രകാശം
4. ദീർഘജീവിതീയം
5. രസവൈശേഷികസൂത്രം (ഇംഗ്ലീഷ്)
6. ആയുർവ്വേദ പരിചയം
7. Glimpses of Wisdom (ഇംഗ്ലീഷ്)
8. ഇസവും മഹാത്മാവും
9. കർമ്മപരിചയം

*ഭാര്യ: കടപ്ര തുളിശാല കോയിക്കൽ വിശാലാക്ഷിത്തമ്പുരാട്ടി (കഴിഞ്ഞവർഷം അന്തരിച്ചു.)*
*മക്കൾ: കെ. മുകുന്ദൻ, ഡോ. കെ. മുരളി, കെ. മുരാരി, ഡോ. കെ. മുത്തുലക്ഷ്മി, രവിവർമ്മ*
*മരുമക്കൾ: സുജാത, സുധ, ശ്രീകല, സി.എസ്. വെങ്കിടേശ്വരൻ, ശ്രീവിദ്യ.*

# കൊടുങ്ങല്ലൂർ രാജവംശം
## (എട്ടാം ഭാഗം)
# വിദ്വാന്മാരും വിദുഷികളും

(തുടർച്ച)

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ

**12. കുഞ്ഞിപ്പിള്ള തമ്പുരാട്ടി മകൻ കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

ഇദ്ദേഹത്തെക്കുറിച്ച് പല കഥകളും നാട്ടിലും വീട്ടിലും പ്രചരിച്ചിരുന്നു. സമകാലീനരും, സുഹൃത്തുക്കളും അവരുടെ ശിഷ്യന്മാരും, രേഖപ്പെടുത്തിയിട്ടുള്ളവയിൽ, യുക്തിസഹമായി തോന്നിയിട്ടുള്ള കാര്യങ്ങൾ മാത്രമേ ഈ ലേഖനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. തമ്പുരാന്റെ പ്രവർത്തന മേഖലകളിൽ പ്രധാനപ്പെട്ട ചിലവ മാത്രമേ ഇതിൽ പ്രതിപാദിച്ചിട്ടുള്ളൂ.

ജനനം – കൊല്ലവർഷം 1040 കന്നി 4 അശ്വതിനാളിൽ.

മരണം–കൊല്ലവർഷം 1088 മകരം 10 (1913 ജനുവരി)

അച്ഛൻ വെൺമണി അച്ഛൻ നമ്പൂതിരിപ്പാടെന്ന് പ്രസിദ്ധനായ പരമേശ്വരൻ നമ്പൂതിരിപ്പാട്.

ഭാര്യമാർ 1. കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രത്തിനു പടിഞ്ഞാറുള്ള കോയാപ്പിള്ളിനായർ തറവാട്ടിലെ പാപ്പിയമ്മ.

2.കോട്ടക്കൽകോവിലകത്തെ ശ്രീദേവി തമ്പുരാട്ടി

3. തൃശൂർ വടക്കെകുറുപ്പത്ത് നായർ തറവാട്ടിലെ കുട്ടിപ്പാറു അമ്മ

മാതാപിതാക്കൾ പലേ വഴിപാടുകളും, പ്രത്യേകിച്ച് വടക്കൻ കോട്ടയത്ത് (കൊട്ടിയൂർ) തൃച്ചെറുകുന്നത്ത് ക്ഷേത്രത്തിൽ കൂത്തും മറ്റും നേർന്നതിന്റെ ഫലമായാണ്, ഇദ്ദേഹം ജനിച്ചതെന്നാണ്, മാതുലൻ കുഞ്ഞിരാമവർമ്മ തമ്പുരാൻ രേഖപ്പെടുത്തിയിട്ടുള്ളത്. 1040 കന്നി 4–ാം തീയതി ഉച്ച തിരിഞ്ഞ് 'രണ്ടടി നാലുവിരലുള്ളപ്പോഴാണ് (അക്കാലത്ത് കാലുകൊണ്ട് നിഴൽ അളന്നാണ് സമയം നിശ്ചയിച്ചിരുന്നത്) തമ്പുരാൻ ജനിച്ചതെന്നു മനസ്സിലാക്കിയ അച്ഛൻ 'അ! കുട്ടിച്ചാത്തൻതന്നെ' എന്ന് അഭിപ്രായപ്പെടുകയുണ്ടായി. തമ്പുരാന്റെ സന്തതസഹചാരിയായ കുനേഴത്തു പരമേശ്വര മേനോന്റെ ശിഷ്യൻ പ്രൊഫസർ കെ. ശിവരാമമേനോൻ, അഭിപ്രായപ്പെട്ടിട്ടുള്ളത്, തൃക്കുലശേഖരപുരം കോവിലകത്താണിദ്ദേഹം ജനിച്ചതെന്നാണ്.

കുട്ടിക്കാലത്ത് തമ്പുരാൻ താമസിച്ചിരുന്നത് പുത്തൻ കോവിലകത്ത് കിഴക്കെ ബംഗ്ലാവിലാണ്. അവിടെവെച്ചാണ് വലിയ കൊച്ചുണ്ണി തമ്പുരാന്റെ ശിഷ്യനായ കൂനേഴത്ത് പരമേശ്വരമേനോനെ പരിചയപ്പെടുന്നതും, സൗഹൃദം സ്ഥാപിക്കുന്നതും. പുത്തൻ ബംഗ്ലാവു പണിതപ്പോൾ താമസം അവിടേക്കുമാറ്റി.

കുഞ്ഞിക്കുട്ടൻ എന്ന പേരിലാണിദ്ദേഹം അറിയപ്പെട്ടിരുന്നത്. മുതിർന്നവർ കുഞ്ഞൻ എന്നും വിളിച്ചിരുന്നു. അടങ്ങിയിരിക്കുന്ന പ്രകൃതക്കാരനല്ലാതിരുന്നതിനാൽ 'പകിരി' എന്ന ശകാരപ്പേരും ഉണ്ടായിരുന്നു.

ആനുകാലികങ്ങളിലും പത്രങ്ങളിലും മറ്റും സാധാരണയായി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ എന്ന പേരിലാണ് രചനകൾ പ്രത്യക്ഷപ്പെട്ടിരുന്നത്. എന്നാൽ അപൂർവ്വമായി, പടിഞ്ഞാറേടത്തു കുഞ്ഞൻ തമ്പാൻ, കെ.കെ.ടി. കെ.പി. കുഞ്ഞൻ തമ്പാൻ, സൂക്ഷ്മഗ്രാഹി, ഇടിച്ചേരിതാവറൻ ഭട്ടതിരി, കെ. സരസ്വതി എന്നീ പേരുകളിലും, പേരുവെക്കാതെയും, ചിലതെല്ലാം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പാലക്കാട്ടുശേഖരീപുരം ഗ്രാമം ശേഷു ശാസ്ത്രികൾ പ്രസിദ്ധീകരിച്ച കേരളമാഹാത്മ്യം മൂലത്തിൽ "കോടിലിംഗപുര കുഞ്ഞിക്കുട്ടാപരനാമ രാമവർമ്മ" എന്ന പേരിൽ ഒരനുമോദനം പ്രസിദ്ധീകരിച്ചും കാണുന്നു. കോട്ടയത്തു വെച്ചു നടന്ന നാടകരചനാ മത്സരത്തിൽ വിജയിച്ചതിനെത്തുടർന്ന്, 'സരസദ്രുത കവികിരീട മണി' എന്ന പേരും മഹാഭാരത വിവർത്തനത്തെ തുടർന്ന് 'കേരളവ്യാസൻ' എന്ന പേരും ലഭിക്കുകയുണ്ടായി. കേരളം എന്ന മഹാകാവ്യം രചിച്ചതോടെ മഹാകവി പട്ടവും ലഭിച്ചു.

വിനോദപ്രിയനായ ഇദ്ദേഹം, കവി, ഗദ്യകാരൻ, ഭാഷാപോഷണതല്പരൻ, പത്രപ്രവർത്തകൻ, വിവർത്തകൻ, സംഘാടകൻ എന്നീ നിലകളിലെല്ലാം കഴിവു തെളിയിച്ചിട്ടുണ്ട്. 'പരൽപേര്' (അക്ഷരങ്ങൾക്കു വില കൽപിച്ച് സംഖ്യയുണ്ടാക്കുന്ന വിദ്യ) ഉണ്ടാ

ക്കികളിക്കുന്നതിലും തമ്പുരാൻ തല്പരനായിരുന്നു. കൂട്ടുകാരുമൊത്തിങ്ങിനെ കളിക്കുമ്പോൾ, ഒരിക്കൽ വെൺമണി അച്ഛൻ അവിടെ എത്തി 'സ്വർഗ്ഗസ്ത്രീ കട്ടു', ഒരു വാക്യവും ഇട്ടുകൊടുത്തു. ഉടനെ തന്നെ 'വല്ലോരും കണ്ടോ' എന്ന മറുവാക്യം പറഞ്ഞു. ഈ രണ്ടു വാക്യങ്ങളുടെയും വില 11234 എന്ന സംഖ്യയാണ്. പരിചയപ്പെട്ടവരോടെല്ലാം സൗഹൃദം സ്ഥാപിക്കുന്നതിലും, സംഭാഷണം നടത്തുന്നതിലും പുരാണ പാരായണത്തിലും തമ്പുരാന്റെ കഴിവ് ഒന്നു വേറെ തന്നെയായിരുന്നു.

**ഗുരുക്കന്മാർ**

ബാലപാഠങ്ങൾ പഠിച്ച ശേഷം, അമ്മാമനായ ഗോദവർമ്മ തമ്പുരാന്റെ (ശക്രൻ തമ്പുരാൻ) കീഴിൽ സംസ്കൃതസാഹിത്യം പഠിച്ചു തുടങ്ങി.

1049–ൽ ഗോദവർമ്മ തമ്പുരാൻ മരിച്ചപ്പോൾ, അനുജൻ കുഞ്ഞിരാമവർമ്മ തമ്പുരാന്റെ കീഴിൽ, സാഹിത്യത്തിന്റെ ഉപരിപാഠങ്ങളും വ്യാകരണവും പഠിച്ചു. മുത്തശ്ശി–കൊച്ചതമ്പുരാട്ടിയുടെ കീഴിൽ ജ്യോതിഷം പഞ്ചബോധം വരേയും, വലിയ കൊച്ചുണ്ണി തമ്പുരാന്റെ കീഴിൽ ഉപരിഭാഗങ്ങളും വൈദ്യവും പഠിച്ചു. കുഞ്ഞൻ തമ്പുരാന്റെ കീഴിൽ തർക്കവും ന്യായശാസ്ത്രത്തിലെ പ്രാഥമിക ഭാഗങ്ങളും പഠിച്ചു. 'ഗദാധരീയ പഞ്ചവാദം' അഭ്യസിച്ചത് ശാഗോപാചാര്യരുടെ കീഴിലാണ്. നാട്യം, സംഗീതം, മലയാളശബ്ദശാസ്ത്രം എന്നിവ സ്വയം പഠിച്ച് സ്വായത്തമാക്കി.

**ശിഷ്യന്മാർ**

ഗുരുകുലത്തിലെ പതിവനുസരിച്ച് തമ്പുരാന് താഴെക്കിടയിലുള്ള വരേയും പഠിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ താമസിക്കുന്ന കാലത്ത് എം. ഗോദവർമ്മ തമ്പാനുൾപ്പെടെ ചിലരെ വ്യാകരണം പഠിപ്പിച്ചിട്ടുണ്ട്. കൂടാതെ, ഈഴവസമുദായത്തിൽപ്പെട്ട കുണ്ടിനി ഗോവിന്ദനാശാനേയും മറ്റു നാലുപേരെയും കാവ്യ – നാടകാദികൾ പഠിപ്പിച്ചിട്ടുണ്ട്. കോട്ടക്കലെ താമസക്കാലത്ത് പി.വി. കൃഷ്ണവാരിയർ, അവനിക്കാട്ട് ഭവദാസൻ ഭട്ടതിരിപ്പാട് എന്നിവരെ കാവ്യങ്ങളും മറ്റും പഠിപ്പിക്കുകയുണ്ടായി. 1066 മിഥുനമാസത്തിൽ, ഒരു മാസം മദിരാശിയിൽ താമസിച്ച് കൊച്ചി രാജകുടുംബാംഗമായ കുഞ്ഞുണ്ണി തമ്പുരാനെ സംസ്കൃതം പഠിപ്പിക്കുകയും ചെയ്തു.

**സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ ആരംഭം**

ഗുരുകുലത്തിലും മറ്റു വേദികളിലും സംസ്കൃതത്തിലും മലയാളത്തിലും ശ്ലോകങ്ങളുണ്ടാക്കി അക്ഷരശ്ലോകം ചൊല്ലുന്നതിൽ തമ്പുരാൻ സ്ഥിരമായി പങ്കെടുത്തിരുന്നു. അതുപോലെ ദ്രുതകവിതാരചന, നാടകരചന, വാക്യാർത്ഥം പറയൽ മുതലായവയിലും പങ്കെടുത്തിരുന്നു. കവിത, നാടകം മുതലായവ നിശ്ചിതസമയത്തിനകം പൂർത്തിയാക്കി, യുവകവികളെ പ്രോത്സാഹിപ്പിച്ചുപോന്നു. അമ്പാടി നാരായണപുതുവാൾ, കൊട്ടാരത്തിൽ ശങ്കുണ്ണി, ചങ്കരം കോതകൃഷ്ണൻ കൃഷ്ണൻ കർത്താ, സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള, പി.വി. കൃഷ്ണവാരിയർ, മാങ്കാവിൽ വിദ്വാനേട്ടൻ തമ്പുരാന്റെ ശിഷ്യൻ വി. സി. ബാലകൃഷ്ണ പണിക്കർ, മുതലായവർ തമ്പുരാന്റെ പ്രോത്സാഹനത്തിന് പാത്രമായിട്ടുണ്ട്. വാൽമീകിരാമായണത്തിന്റെ വിവർത്തനത്തിൽ ഇദ്ദേഹം വള്ളത്തോളിനെ വളരെ യധികം സഹായിച്ചിട്ടുണ്ട്.

ദ്രുതകവിതാ രചനയിൽ വിദഗ്ദ്ധനായിരുന്നെങ്കിലും, അവയെഴുതുന്നതിൽ കൈവേഗത കുറവായിരുന്നു. അതിനായി, പലരേയും ആശ്രയിക്കേണ്ടതായി വന്നിട്ടുണ്ട്. അവരെ 'ഗണപതി' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. കൊടുങ്ങല്ലൂരിൽ പ്രധാന ഗണപതികൾ കൂനേഴത്തു പരമേശ്വര മേനോൻ, കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് എന്നിവരായിരുന്നു. യാത്രാവേളകളിൽ തമ്പുരാൻ ഇവരെ കൂടെകൂട്ടിയിരുന്നു. കൊടുങ്ങല്ലൂരിൽ തഹസിൽദാരായിരുന്ന കുണ്ടൂർ നാരായണമേനോൻ, മറ്റൊരു തഹസിൽദാരായിരുന്ന ശങ്കരനാരായണയ്യരുടെ അനുജൻ കൃഷ്ണയ്യർ എന്നിവരും കൊടുങ്ങല്ലൂരിൽ ഗണപതിയായി പ്രവർത്തിച്ചിട്ടുണ്ട്. ●

## ഈ അംഗീകാരങ്ങൾ നമുക്ക് അഭിമാനാർഹം

1. ഡോ. ആർ.വി. വർമ്മക്ക് കേരളസർക്കാരിന്റെ ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാനായി നിയമനം ലഭിച്ചു.

2. ഡോ. ആർ. അജയകുമാർ വർമ്മ - കേരളാ സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി കൗൺസിലിന്റെ മെമ്പർ സെക്രട്ടറിയായി ചുമ തലയേറ്റു . തിരു. ക്ഷത്രിയ സഭ മുൻ പ്രസിഡന്റാണ് അജയകുമാർ വർമ്മ

3. കവിയും സാഹിത്യകാരനും പത്രപ്രവർത്തകനുമായ പ്രഭാവർമ്മയെ കേരളാ സാഹിത്യഅക്കാദമി വൈസ് പ്രസിഡന്റായി നിയമിച്ചു.

4. ബാങ്കിംഗ് ഓംബുഡ്സ്മാനായിരുന്ന ശ്രീമതി സുമാവർമ്മയ്ക്ക് റിസർവ് ബാങ്കിന്റെ (കേരള & ലക്ഷദ്വീപ്) റീജിയണൽ ഡയറക്ടർ ആയി സ്ഥാനക്കയറ്റം ലഭിച്ചു.

# എം. സി. കേരളവർമ്മ ജന്മശതാബ്ദി ആഘോഷങ്ങൾ



ജീവിതത്തിന്റെ സിംഹഭാഗവും ക്ഷത്രിയരുടെ ക്ഷേമത്തിനും ക്ഷത്രിയസഭയുടെ പ്രവർത്തനങ്ങൾക്കുമായി മാറ്റിവെച്ച സർവ്വാദരണീയനായിരുന്നു എം.സി. ചേട്ടൻ എന്ന് സ്നേഹപൂർവം വിളിക്കപ്പെട്ടിരുന്ന ശ്രീ എം.സി. കേരളവർമ്മരാജാ. അസംഘടിതരായിരുന്ന കേരള ക്ഷത്രിയരെ ഐക്യത്തിന്റെ പാതയിലേക്കു കൊണ്ടുവരാനും അവരെ ഒരു സംഘടനയുടെ ഭാഗമാക്കി മാറ്റാനും അദ്ദേഹം നടത്തിയ പരിശ്രമം അവിസ്മരണീയമാണ്. തിരുവനന്തപുരം മുതൽ നീലേശ്വരം വരെ ചിന്നിച്ചിതറികിടന്നിരുന്ന കേരള ക്ഷത്രിയരെ ഏകോപിപ്പിക്കുക എന്ന അത്യന്തം അസാദ്ധ്യമെന്നു കരുതിയിരുന്ന ലക്ഷ്യം ഒരളവോളം സാധിതപ്രായമാക്കുന്നതിന് പക്വമതിയും, സ്നേഹസമ്പന്നനും, സംഘാടക വിദഗ്ദ്ധനും (ആജാനബാഹുവും) അക്ഷോഭ്യനുമായ എം സി ചേട്ടൻ നടത്തിയ ശ്രമങ്ങളുടെ ഫലമണ് ഇന്ന് കേരളത്തിന്റെ പല ഭാഗങ്ങളിലും ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന ക്ഷത്രിയസഭാ യൂണിറ്റുകൾ.

ഈ മഹാത്മാവിന്റെ നൂറാം ജന്മദിനം 2010 സെപ്റ്റംബർ മാസത്തിൽ നടക്കുകയാണ്. കൊല്ല വർഷം 1086 കന്നിമാസത്തിലെ അവിട്ടം നക്ഷത്രത്തിൽ ഓമല്ലൂർ മുള്ളനിക്കാട്ടു കൊട്ടാരത്തിൽ ജനിച്ച എം.സി. കേരളവർമ്മ മാവേലിക്കര സ്പെഷ്യൽ സ്കൂളിലും തിരുവനന്തപുരം ഗവ. ആർട്സ് കോളേജിലും പഠനം പൂർത്തിയാക്കി. അക്കൗണ്ടന്റ് ജനറൽ ആഫീസിൽ ആഡിറ്ററായി 1935ൽ ജോലിയിൽ പ്രവേശിക്കുകയും 1967– ൽ അക്കൗണ്ട്സ് ഓഫീസറായി പെൻഷൻ പറ്റി പിരിയുകയും ചെയ്തു. തിരുവനന്തപുരം ജവഹർബാലഭവൻ, കോട്ടയം നാഷണൽ ബുക്സ്റ്റാൾ, തിരു. ലയോളാ സ്കൂൾ എന്നിവിടങ്ങളിലും ജോലി നോക്കിയിരുന്ന എം.സി. ചേട്ടൻ തിരു. പെരുന്താന്നിയിലുള്ള 'അയ്മനം' എന്ന വീട്ടിലായിരുന്നു താമസം. റിട്ടയർ ചെയ്തശേഷം ക്ഷത്രിയ ക്ഷേമസഭയുടെ സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ മാറിമാറി വഹിച്ചുകൊണ്ട് സംഘടനാ പ്രവർത്തനത്തിൽ വ്യാപൃതനാവുകയായിരുന്നു. ക്ഷത്രിയസഭാചരിത്രത്തിലെ ഏറ്റവും തിളക്കമേറിയ "കൊടുങ്ങല്ലൂർ കൺവെൻഷനുവേണ്ടി ദിവസങ്ങളോളം കൊടുങ്ങല്ലൂരിൽ തങ്ങി അതിന്റെ നടത്തിപ്പിന് നേതൃത്വം നൽകി. മൂന്നുദിവസം നീണ്ടുനിന്ന ആ കൺവെൻഷൻ ഒരു സംസ്ഥാന ക്ഷത്രിയ കലോത്സവം തന്നെയായിരുന്നു. 1986 ഡിസംബറിൽ കൊരട്ടിയിൽ വെച്ച് സംസ്ഥാന സമ്മേളനം നടത്താനുള്ള പ്രവർത്തനം ധൃതഗതിയിൽ നടക്കവേയാണ് ഒക്ടോബർ 30ന് അപ്രതീക്ഷിതമായി അദ്ദേഹം ഇലഹോകവാസം വെടിഞ്ഞത്.

എം.സി. ചേട്ടന്റെ സേവനങ്ങളെ നന്ദിയോടെ സ്മരിച്ചുകൊണ്ട് അദ്ദേഹം തെളിച്ച പാതയിലൂടെ കുറേയെങ്കിലും മുന്നോട്ടു പോകുവാനും കർമ്മപരിപാടികൾ തയ്യാറാക്കാനും എംസി. കേരളവർമ്മ ജന്മശതാബ്ദി ആഘോഷങ്ങൾ സംഘടിപ്പിക്കുവാൻ ക്ഷത്രിയസഭ തീരുമാനിച്ചു. സെപ്റ്റംബർ 20 ആണ് ശതാബ്ദി ദിനമെങ്കിലും സെപ്റ്റംബർ 18, 19 തീയതികളിലായി വിപുലമായ സമ്മേളനങ്ങളും കലാപരിപാടികലും നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്.

സംസ്ഥാന വ്യാപകമായി അദ്ദേഹത്തിന്റെ സംഭാവനകൾ ചർച്ച ചെയ്യപ്പെടേണ്ടതുണ്ടെന്നതിനാൽ സംസ്ഥാനത്തെ മൂന്നു മേഖലകളിലും അനുസ്മരണയോഗങ്ഹൾ നടത്തും. ഉത്തരമേഖലയിലെ അനുസ്മരണം സെപ്റ്റംബർ പതിനൊന്നിന് കോഴിക്കോട് യൂണിറ്റിന്റെ നേതൃത്വത്തിൽ നീലേശ്വരം, കരിവെള്ളൂർ, കണ്ണൂർ, കടത്തനാട് എന്നീ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുവാനാണ് ഉദ്ദേശം. സാമൂഹ്യ സാംസ്കാരിക മേഖലകളിൽ പ്രഗത്ഭരായവരെ പങ്കെടുപ്പിക്കുവാനും യൂണിറ്റുതലത്തിൽ കലാപരിപാടികൾ നടത്തുവാനും ഉദ്ദേശിക്കുന്നു.

മദ്ധ്യമേഖലയിലെ അനുസ്മരണ പരിപാടികൾ സെപ്റ്റംബർ പന്ത്രണ്ടിന് തൃശൂർ യൂണിറ്റിന്റെയും ചാലക്കുടി, കൊരട്ടി, വെള്ളാരപ്പള്ളി, ഇടപ്പള്ളി, തൃപ്പൂണിത്തുറ എന്നീ യൂണിറ്റുകളുടെ സഹകരണത്തോടെ തൃശൂരിൽ വച്ചാവും നടത്തുക. അനുസ്മരണത്തോടൊപ്പം സംസ്ഥാന തലത്തിൽ കലാ– സാഹിത്യ മത്സരങ്ങൾ നടത്തുവാൻ ഉദ്ദേശമുണ്ട്. തിരുവാതിര– ക്വിസ്സ് മത്സരങ്ങൾ പൊതുവായും ശാസ്ത്രീയ സംഗീതം,

ലളിതസംഗീതം, ഉപകരണ സംഗീതം, സംഘഗാനം, മോഹിനിയാട്ടം, ഭരതനാട്യം, സംഘനൃത്തം എന്നിവയിലും ചിത്രരചന, കവിതാരചന, കവിതാപാരായണം, ഉപന്യാസം, പ്രസംഗം, കഥാരചന എന്നിവയിലും രണ്ടു ഗ്രൂപ്പുകളിലായി മത്സരം നടത്തുവാനാണുദ്ദേശിക്കുന്നത്.

ദക്ഷിണമേഖലായോഗം ശതാബ്ദി സമ്മേളനമായാണ് നടത്തുക. സെപ്റ്റംബർ 18, 19 എന്നീ തീയതികളിൽ തിരുവനന്തപുരത്തു വച്ചാണ് നടത്തുക. സെമിനാറുകൾ, കലാ-സാഹിത്യ-സാംസ്കാരിക-സാമൂഹ്യ മേഖലകളിലെ പ്രഗത്ഭരുടെ പ്രഭാഷണങ്ങൾ, തിരുവനന്തപുരം ക്ഷത്രിയ സഭയിലെയും സംസ്ഥാനത്തെ മറ്റു യൂണിറ്റുകളിൽ നിന്നുള്ളവരുടെയും വിവിധകലാപരിപാടികൾ എന്നിവ സമാപന സമ്മേളനത്തിന്റെ ഭാഗമായി നടത്താനുദ്ദേശിക്കുന്നു. ശതാബ്ദിയോടനുബന്ധിച്ച് ഒരു സ്മരണിക പ്രകാശനം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. ഡോ. എഴുമറ്റൂർ രാജരാജ വർമ്മ ചീഫ് എഡിറ്ററും ശ്രീ. കെ.എൽ. ശ്രീകൃഷ്ണദാസ്, കിഷോർകുമാർ, പി. രവിവർമ്മ (ദിനേശ്) എന്നിവരടങ്ങിയ എഡിറ്റോറിയൽ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

ഒന്നരലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ പരിപാടികളുടെ നടത്തിപ്പിനായി കെ.എൽ. ശ്രീകൃഷ്ണദാസ് ചെയർമാനും ശ്രീമാന്മാർ മാനവേദൻ രാജാ, സുഭാഷ്കുമാർ വർമ്മ, ശ്രീചന്ദ്രവർമ്മ, മനോജ് വർമ്മ, ആർ. ശശിധരവർമ്മ എന്നിവർ വൈസ് ചെയർമാന്മാരും ആർ. രാമവർമ്മ (വിജയൻ) ജനറൽ കൺവീനറും പി.ജി. ശശികുമാർവർമ്മ ജോ. കൺവീനറുമായി 21 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ●



# ഒളിച്ചിരിപ്പൂ

ലളിത കെ. വർമ്മ, പിലാത്തറ

ഒരു പുഞ്ചിരി തന്നിലൊളിച്ചിരിപ്പൂ
ഒരായിരം സ്നേഹസമാഗമങ്ങൾ!
ഒരുപൊട്ടിച്ചിരിതന്നിലേവം
ഒരൊത്തിരി സൗഹൃദഭാഷണങ്ങൾ!
ഒരുത്തനെക്കണ്ടൊരു വാക്കുരച്ചാൽ
മേളിച്ചിടുന്നൊരു പ്രഭാഷണം താൻ
ഓരോ കിരണത്തിലുമടങ്ങിടുന്നു
ഒരേഴു വർണ്ണങ്ങളിതെന്നപോലെ
ഓരോ മനസ്സിലുമമർന്നിരിക്കും
അനേകമനേക ഗുണങ്ങൾ നൂനം
സപ്തസ്വരങ്ങളുണർത്തിടുന്നു
ഓരോരോ രാഗങ്ങളിലെന്നപോലെ
കല്ലോലമാലകളിലൊളിച്ചിരിക്കും
കല്യാണിരാഗവുമിതെന്നപോലെ
ആഴത്തിൽ നിന്നവയുയർന്നിടുമ്പോൾ
കേഴ്‌വിക്കു കൗതുകമതുണർത്തിടുന്നു.
മാനത്തു ചിരിതൂകുമിതമ്പിളിക്കും
മേനിക്കിതൊട്ടും കുറവില്ല കണ്ടാൽ
ഒരു പൂർണ്ണചന്ദ്രനെയിതു കണ്ടുവെന്നാൽ
നിറഞ്ഞിടുന്നൊരു മാനസം താൻ
ദാഹിച്ചു വരുന്നവനു ജലം കൊടുത്താൽ
മോഹങ്ങൾ തീർന്നിടുമതെന്നപോലെ
ക്ഷീണിച്ചു വരുന്നവനൊരാശ്വാസമേകും
ക്ഷണത്തിലോതുന്നൊരു സ്നേഹവാക്കും
കനിവിന്റെ തരിയൊന്നതു കാട്ടിയെന്നാൽ
നിനച്ചിരിക്കാതൊരു തിരത്തന്നെയാർക്കും!!
പകൽവെളിച്ചത്തിലൊളിച്ചിരിക്കും
താരാഗണങ്ങൾ വിലസുന്നുരാവിൽ! ●

# കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ

(തുടർച്ച...)

സമ്പാ: ഡോ.ബി.ആർ.ആർ. വർമ്മ

# ശ്രീ വിശാഖ പ്രസാദാൽ

**അരിപ്പാട്ടു കൊട്ടാരത്തിൽ**

കേരളവർമ്മയുടെ ജന്മഗൃഹമായ അനന്തപുരത്തു കൊട്ടാരവും ഈ അവസരത്തിൽ ശോകതപ്തമായിരുന്നു. കേരളവർമ്മയുടെ അമ്പതിൽപ്പരം വയസ്സു ചെന്ന മാതാവും പ്രസിദ്ധ ഭിഷഗ്വരനായിരുന്ന ജ്യേഷ്ഠൻ മൂത്ത കോയിത്തമ്പുരാൻ തുടങ്ങിയ സഹോദരന്മാരും അവിടെ ഉണ്ടായിരുന്നു. സാമാന്യം വിപുലമായ ഒരു ബന്ധുവർഗ്ഗം കേരളവർമ്മയെ അവരുടെ കുടുംബത്തിന്റെ ഭാഗ്യഭാജനമായിട്ടാണ് കരുതി വന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഈ അത്യാഹിതം അവരെ നിസ്സഹായതയിൽ എത്തിച്ചുവെങ്കിൽ ആശ്ചര്യമില്ലല്ലോ. പുത്രവത്സലയായ മാതാവ് മഹാരാജസന്നിധിയിൽ സങ്കടനിവേദനം ചെയ്യാൻ തന്നെ തീരുമാനിച്ചു. അങ്ങിനെയിരിക്കെയാണ് 1052–ൽ വൃശ്ചികമാസത്തിൽ ആയില്യം തിരുനാൾ രോഗഗ്രസ്തനായിരിക്കുന്നുവെന്നു കേട്ടത്. രോഗാന്വേഷണത്തിന് രാജധാനിയിലേക്ക് പോയ മൂത്ത പുത്രന്റെ പക്കൽ ഒരു സങ്കടഹർജി അവർ കൊടുത്തയച്ചു. കോയിത്തമ്പുരാൻ അത് നല്ല സമയം നോക്കി മഹാരാജസന്നിധിയിൽ സമർപ്പിച്ചു. ആ സന്ദർഭം ഏറെക്കുറെ അനുകൂലമായിരുന്നു. രോഗഗ്രസ്തത കൊണ്ട് ഒട്ടൊരു ഹൃദയസൗമ്യത മഹാരാജാവിന് അപ്പോൾ ഉണ്ടായിരുന്നു. മാത്രമല്ല, അനുജന്റെ സാഹസികതയെ എപ്പോഴും ശാസിച്ചിരുന്ന മൂത്ത കോയിത്തമ്പുരാനോട് സ്വാഭാവികമായി ഒട്ടൊരു ദാക്ഷിണ്യവും ഇല്ലാതിരുന്നില്ല. അപേക്ഷ മഹാരാജാവ് ശ്രദ്ധാപൂർവ്വം വായിച്ചു കേട്ടു. മകന്റെ അപരാധങ്ങൾ ക്ഷമിച്ചു തടവിൽനിന്ന് മോചിപ്പിക്കുമാറാകണമെന്നായിരുന്നു നിവേദനത്തിന്റെ ചുരുക്കം. കേരളവർമ്മയെ സംബന്ധിച്ചിടത്തോളം നിരുപാധികമായ മോചനം സാദ്ധ്യമല്ലെന്നും, എന്നാൽ അമ്മയുടെ അപേക്ഷയെ പരിഗണിച്ച് തടങ്ങൽ ആലപ്പുഴ നിന്ന് അനന്തപുരത്ത് കൊട്ടാരത്തിലേക്ക് മാറ്റാമെന്നുമായിരുന്നു മറുപടി.

കല്പന താമസിയാതെ പുറപ്പെട്ടു. കേരളവർമ്മയെ അനന്തപുരത്തു കൊട്ടാരത്തോടനുബന്ധിച്ചുള്ള ഒരു കെട്ടിടത്തിലേക്ക് മാറ്റി താമസിപ്പിക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ടുള്ളതായിരുന്നു അത്.

**ഗൃഹബന്ധനം**

ആലപ്പുഴയിലെ ദാക്ഷിണ്യരഹിതരായ ജയിലധികാരികളുടെ മദ്ധ്യത്തിൽ നിന്ന് മാതാവിനോടും മറ്റു ബന്ധുക്കളോടും സമ്പർക്കം പുലർത്താൻ സൗകര്യമുള്ള പരിസരത്തിലേക്ക് മാറ്റം ലഭിച്ചത് തീർച്ചയായും ആശ്വാസകരമായിരുന്നു. എങ്കിലും അവിടത്തെ ജീവിതം ക്ലേശകരമായിട്ടാണ് അനുഭവപ്പെട്ടത്. അടുത്തുള്ള ക്ഷേത്രത്തിൽ പോയി ദർശനം കഴിക്കാനല്ലാതെ മറ്റു യാതൊരു കാര്യത്തിനും ബന്ധനഗൃഹത്തിൽ നിന്ന് വെളിയിൽ പോകരുതെന്നും ഗൃഹത്തിലുള്ളവർ പോലും അവിടെ ചെന്ന് സന്ദർശിക്കുകയല്ലാതെ അദ്ദേഹം അങ്ങോട്ട് ചെന്ന് ആരേയും സന്ദർശിച്ചു കൂടന്നും നിഷ്ക്കർഷിക്കപ്പെട്ടിരുന്നു. പുത്രന്റെ രക്ഷയിൽ എപ്പോഴും ആശങ്കാകുലയായിരുന്ന അമ്മയ്ക്ക് അദ്ദേഹം സുരക്ഷിതനായി അടുത്തുണ്ടെന്നുള്ള സമാധാനം ലഭിച്ചത് അവരെ സംബന്ധിച്ചിടത്തോളം ഒരു വലിയ അനുഗ്രഹമായി. എങ്കിലും സ്വഗൃഹത്തിലായാലും ഒരു തടവുകാരനാണല്ലോ പുത്രൻ എന്ന വൈക്ലബ്യം ആ മാതാവിനെയും മാതാവിന്റെ കണ്ണിനു മുമ്പിൽ തടവുകാരന്റെ ജീവിതം നയിക്കേണ്ടി വന്നതിലുള്ള മനോവേദന മകനേയും പീഡിപ്പിച്ചു വന്നു.

വിഷമകരമായ ഈ അവസ്ഥയിലും പ്രത്യാശാകിരണങ്ങൾക്ക് തീരെ പഴുതില്ലാതിരുന്നില്ല. ഒന്നാമതായി ഏകാന്തത്തടവിൽ നിന്ന് ഗൃഹസീമകളിലേക്ക് മാറ്റം നൽകിയ മഹാരാജാവ് ക്രമേണ മാപ്പു നൽകി തന്നെ സ്വതന്ത്രനാക്കാതിരിക്കുകയില്ലെന്ന് പ്രതീക്ഷിക്കാൻ കേരളവർമ്മയ്ക്ക് വകയുണ്ടായിരുന്നു. എങ്കിലും ആയില്യം തിരുനാളിനെ അടുത്ത

റിയാൻ കഴിഞ്ഞിരുന്ന കേരള വർമ്മയ്ക്ക് അദ്ദേഹത്തിന്റെ കാരുണ്യത്തിൽ പൂർണ്ണവിശ്വാസം അർപ്പിക്കാൻ സാദ്ധ്യമായില്ല. ഇഷ്ടജനങ്ങൾ പാകം ചെയ്ത് സ്നേഹാദരപൂർവ്വം വിളമ്പിത്തരുന്ന ആഹാരങ്ങൾ കഴിക്കാൻ സാദ്ധ്യമായതും, പുസ്തകങ്ങൾ വായിക്കാനും എന്തെങ്കിലും എഴുതാനും സൗകര്യം ലഭിച്ചതും പുതിയ ജീവിതത്തെ തെല്ല് പ്രകാശമാനമാക്കിയ കാര്യങ്ങളായിരുന്നു. കൂടാതെ വൈജ്ഞാനികമായി മനസ്സിന് സൗഖ്യം പ്രദാനം ചെയ്യാൻ പര്യാപ്തമായ ഒരു കൃത്യം കൂടി ആകസ്മികമായി വന്നു ചേർന്നതു അന്ധകാരത്തിലെ മറ്റൊരു രജതരേഖയായി പരിണമിച്ചു. സ്വഭാഗിനേയനായ കൊച്ചപ്പൻ (ഭാവിയിലെ ഏ.ആർ. രാജരാജവർമ്മ) തുടങ്ങി ബുദ്ധിശക്തിയും ഉത്സാഹവും തികഞ്ഞ ഏതാനും ബാലന്മാർക്ക് വിവിധ വിഷയങ്ങളിൽ അദ്ധ്യയനം നൽകുകയെന്നതായിരുന്നു ആ കർത്തവ്യം.

ഇങ്ങനെ പല ആശ്വാസമാർഗ്ഗങ്ങളും ഉണ്ടായിരുന്നെങ്കിലും ബന്ധനം ബന്ധനം തന്നെയായിരുന്നു. പോരെങ്കിൽ, കേരള വർമ്മ ഭയപ്പെട്ടിരുന്നതുപോലെ, ആയില്യം തിരുനാളിന്റെ കാരുണ്യം സുദോഹയായ ഒരു ഗോവായിരുന്നില്ല. ഇടങ്കേടുകൾ അതിന്റെ സന്തതസ്വഭാവമായിരുന്നു. രോഗഗ്രസ്തനായിരുന്നപ്പോഴാണല്ലോ അദ്ദേഹം കേരളവർമ്മയെ സ്വഗൃഹത്തിലേയ്ക്കു മാറി താമസിച്ചു കൊള്ളാൻ അനുവദിച്ചത്. രോഗവിമുക്തനായി കുറെ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സിന്റെ മാർദ്ദവം തിരോധാനം ചെയ്തു വത്രെ. സ്വല്പം ദയ കാണിച്ചതു തന്നെ വേണ്ടിയിരുന്നില്ല എന്ന് അദ്ദേഹം വ്യസനിച്ചു.

ക്രമേണ കൂടുതൽ പീഡാകരമായ ഒരു അന്തരീക്ഷം ആ ഗൃഹബന്ധനത്തിൽ കേരളവർമ്മയ്ക്ക് അനുഭവപ്പെട്ടു തുടങ്ങി. അനന്തപുരത്തു കൊട്ടാരത്തിലേയ്ക്ക് ഗവൺമെന്റിൽ നിന്നുണ്ടായിരുന്ന പല അനുഭവങ്ങളും അവകാശങ്ങളും പിൻവലിക്കപ്പെട്ടു. ആയില്യംതിരുനാൾ പണിയിച്ചു കൊടുത്ത കൊട്ടാരവും അദ്ദേഹത്താൽ ദാനം ചെയ്യപ്പെട്ട അനുഭവങ്ങളുമാണ് അക്കാലത്ത് അവിടെ പ്രധാനമായിട്ടുണ്ടായിരുന്നത്. അനുഭവങ്ങളിൽ പുതുതായി വരുത്തിയ നിയന്ത്രണങ്ങൾ കുടുംബാംഗങ്ങളെ വളരെ ക്ലേശിപ്പിച്ചു. ആ ദുരിതങ്ങൾക്കെല്ലാം നിസ്സഹായനായ ഒരു സാക്ഷിയായിരിക്കാനുള്ള നിർഭാഗ്യമാണ് ഇപ്പോൾ കേരളവർമ്മയ്ക്കുണ്ടായത്. ഇതു കേവലം അസഹ്യമായിട്ടു തന്നെ അദ്ദേഹത്തിനു തോന്നി. പക്ഷേ പോംവഴി ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. കർക്കശനായാലും കരുണയുടെ കണികയെങ്കിലും മഹാരാജാവിന് ഉണ്ടാകാതെ വരികയില്ലെന്നു പറഞ്ഞു ജ്യേഷ്ഠനും മറ്റു പലരും അദ്ദേഹത്തെ സമാശ്വസിപ്പിച്ചു. നിരുപാധികമായ ക്ഷമായാചനം മാത്രമാണ് ഇനി പരീക്ഷണീയമായി അവശേഷിക്കുന്നതെന്നായിരുന്നു അവരുടെയൊക്കെ അഭിപ്രായം. യാതനമൂലം നിശ്ചേതനനെങ്കിലും അഭിമാനധനനായിരുന്ന കേരളവർമ്മയ്ക്ക് ക്ഷമായാചനം ചെയ്യാനുള്ള സന്നദ്ധത ലേശവും ഇല്ലായിരുന്നു. എങ്കിലും ഒടുവിൽ ഗുരുഭൂതനായ ഇലത്തൂർ രാമസ്വാമിശാസ്ത്രിയുടെയും ജ്യേഷ്ഠന്റെയും നിർബന്ധത്തിന് അദ്ദേഹം വശഗനായി. അതിന്റെ ഫലമാണ് ക്ഷമാപണസഹസ്രം.

(തുടരും)

# കെ.പി. രവിവർമ്മയ്ക്ക് സയൻസ് ഒളിപ്യാഡിന്റെ അവാർഡ്



സയൻസ് ഒളിംപ്യാഡ് ഫൗണ്ടേഷന്റെ 2009ലെ മികച്ച പ്രവർത്തനങ്ങൾക്കുള്ള അവാർഡ് തൃപ്പൂണിത്തുറ കണ്ണേഴത്തു പുറത്തേമഠത്തിൽ കെ.പി. രവിവർമ്മയ്ക്ക് ലഭിച്ചു. ന്യൂഡൽഹിയിലെ ലോധി എസ്റ്റേറ്റിലുള്ള ചിന്മയ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സയൻസ് ഒളിമ്പ്യാഡ് ചെയർമാൻ നരേന്ദ്രവീർമാണിയിൽ നിന്നും രജതഫലകവും പ്രശംസാപത്രവും അടങ്ങുന്ന അവാർഡ് കെ. പി. രവിവർമ്മ ഏറ്റുവാങ്ങി. ദീർഘകാലമായി കൊച്ചിക്ഷത്രിയ സമാജത്തിൽ സജീവപ്രവർത്തകനായ രവിവർമ്മ (രവിക്കുട്ടൻ) ഇപ്പോൾ അതിന്റെ സെക്രട്ടറിയായും ശ്രീ പൂർണ്ണത്രയീശ സേവാസംഘം ഭരണസമിതിയംഗമായും പ്രവർത്തിക്കുന്നു.

ഭാര്യ: തൃപ്പൂണിത്തുറ കോയിക്കൽ മംഗളമഠത്തിൽ രമണീവർമ്മ.

മക്കൾ: മധുപ്രകാശ് വർമ്മ, ബിജോയ് വർമ്മ, മഞ്ജുള വർമ്മ.

# വേണാട്

## (തിരുവിതാംകൂർ) രാജവംശം – XLV

ഡോ. ആർ. പി. രാജാ

തിരുവിതാംകൂറിൽ ഉതിയേരി നമ്പൂതിരിമാർ ആസൂത്രിതമായാണ് അധികാരം കയ്യാളിയതെന്ന വസ്തുത ഒരു ചരിത്രകാരനും മനസ്സിലാക്കിയതായി കാണുന്നില്ല. കരപ്പുറം കൊച്ചിക്ക് തിരികെ നല്കുന്ന നീട്ട് ബാലരാമവർമ്മയെക്കൊണ്ട് തുല്യം ചാർത്തിച്ചു കൊടുത്തതും, ധർമ്മരാജാവിന്റെ പല്ലക്കിൽ കയറി നഗരപ്രദിക്ഷണം നടത്തിയതും അത് വിലക്കിയ രാജാകേശവദാസനെ മന്ത്രിപദത്തിൽ നിന്നു മഹാരാജാവിനെക്കൊണ്ട് നീക്കം ചെയ്യിപ്പിച്ചതും, അല്പ ദിവസത്തിനുള്ളിൽ (974 മേടം 8ന്) രാജാകേശവദാസൻ വധിക്കപ്പെട്ട നിലയിൽ കണ്ടതും, കേശവദാസൻ മരിച്ചതിന്റെ നാലാം ദിവസമായ 974 മേടം 11–ാം തീയതി ജയന്തൻ ശങ്കരൻ നമ്പൂതിരിയെ വലിയ സർവ്വാധികാര്യക്കാരാക്കുവാൻ പോകുന്നുവെന്ന് മഹാരാജാവ് തീരുമാനിച്ച വിവരം തിരുവനന്തപുരത്ത് പാട്ടായതും എല്ലാം നാം അറിഞ്ഞതാണല്ലോ. മാത്രവുമല്ല, മേടം 19ന് 17 വയസ്സുള്ള മഹാരാജാവ് നീട്ട് പുറപ്പെടുവിച്ചതും, സുബ്രഹ്മണ്യൻ നമ്പൂതിരിയെ കൊട്ടാരം സർവ്വാധികാര്യക്കാരാക്കിയതും, മഹാരാജാവിനെ നിഴൽ പോലെ പിന്തുടരുന്ന ജയന്തൻ ജയന്തൻ നമ്പൂതിരിയുടെ അറിവോ സമ്മതമോ കൂടാതെ ഒരു പ്രവർത്തിയും ചെയ്തു പോകരുതെന്ന കല്പന പുറപ്പെടുവിച്ചതും നമ്പൂതിരിമാർക്കും തക്കലച്ചെട്ടി ശങ്കരനാരായണപിള്ളയ്ക്കുമല്ലാതെ മഹാരാജാവിനെ മറ്റാരും കാണുവാൻ അനുവദിയ്ക്കാതിരുന്നതും അറിവിൽപ്പെട്ട കാര്യങ്ങളാണ്. ദ്രവ്യമോഹികളും ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞുപോയവരും, ഉദ്യോഗത്തിലുള്ളവരും ചേർന്ന് ജനങ്ങളിൽ നിന്നും നിഷ്ക്കരുണം പണം പിരിയ്ക്കുകയും, ദേഹദണ്ഡങ്ങൾ ഏല്പിക്കുകയും ചെയ്തതിനെക്കുറിച്ചുമെല്ലാം വ്യക്തമായ തെളിവുകൾ മതിലകം രേഖകൾ നല്കിയിട്ടുപോലും അപ്രതീക്ഷിതമായ മന്ത്രിപദം ലഭിച്ചതിൽ നമ്പൂതിരിമാർ അന്ധാളിച്ചുപോയി എന്നും ഭരണപരിചയമില്ലാത്ത അവർ പരാജയപ്പെട്ട് പോയി എന്നുമാണ് ചിത്രീകരിച്ചിരിക്കുന്നത്. ഏതായാലും ദയാദാക്ഷിണ്യമില്ലാതെ ക്രൂരമായി പണപ്പിരിവ് നടത്തിക്കൊണ്ടിരുന്ന അവരുടെ കൈകൾ അവസാനം ചെന്നെത്തിയത്, തൊട്ടാൽ പൊള്ളുന്ന ഒരു സ്ഥാനത്തായിരുന്നു. മഹാരാജാവാകട്ടെ, രാജ്യത്ത് നടക്കുന്ന യാതൊരു വിവരങ്ങളും അറിയാതെ, ശ്രീപത്മനാഭ ക്ഷേത്രത്തിൽ നിത്യദർശനവും സേവകന്മാരുടെ മദ്ധ്യത്തിൽ ഒരു അലസജീവിതവും നയിച്ചു വന്നു.

പണം നമ്പൂതിരിമാരുടെ മുൻപിൽ കൊണ്ടുവരുവാനായി വിളിച്ചവരുടെ കൂട്ടത്തിൽ, തലക്കുളത്ത് വേലുത്തമ്പി എന്ന ഒരു മുൻ കാര്യക്കാരേയും വിളിച്ചിരുന്നു. വേലുത്തമ്പി തലക്കുളത്തു നിന്നും തിരുവനന്തപുരത്ത് നമ്പൂതിരിമാരുടെ മുൻപിലെത്തി. ഉടൻ തന്നെ 20,000 പണം കെട്ടിവയ്ക്കണമെന്നും അല്ലെങ്കിൽ 'ചാട്ടവാറടി' ഏല്ക്കേണ്ടിവരുമെന്നും അവർ വേലുത്തമ്പിയോട് പറഞ്ഞു. അസാമാന്യമായ ധീരതയും, പൗരുഷവും ജനസ്വാധീനവുമുള്ള ഒരു പ്രതിഭാധനനോടാണ് ഇങ്ങനെയൊക്കെ പറയുന്നതെന്ന് ജയന്തൻ ശങ്കരൻ നമ്പൂതിരി ധരിച്ചില്ല. വേലുത്തമ്പിയാകട്ടെ വളരെ ശാന്തനായി, താൻ പണവുമായിട്ടല്ലാ വന്നതെന്നും, 'അടികൊള്ളാൻ വയ്യെ'ന്നും, പണം മൂന്ന് ദിവസത്തിനകം തന്നുകൊള്ളാമെന്നും പറഞ്ഞു. അങ്ങിനെ പറഞ്ഞാൽ പോരെന്നും ഉറപ്പിനായി രേഖാമൂലം ഒരു വാഗ്ദാനം എഴുതിത്തരണമെന്നും അവർ ആവശ്യപ്പെട്ടു. വേലുത്തമ്പി അപ്രകാരം ഒരു വാഗ്ദാനപത്രിക എഴുതി നമ്പൂതിരിയെ ഏല്പിക്കുകയും ചെയ്ത ശേഷം തലക്കുളത്തേക്ക് മടങ്ങി.

വേണാടിന്റെ ഭാഗധേയം തീരുമാനിക്കുവാൻ വളരെയധികം സ്വാധീനം ചെലുത്തിയിരുന്ന ഒരു ജനപ്രതിനിധി സംഘമായിരുന്നു 'നാഞ്ചിനാട്' കൂട്ടം. ഇവർക്ക് മഹാരാജാവിനെ കാണുവാനോ, കാര്യങ്ങൾ നേരിട്ട് അവതരിപ്പിക്കുവാനോ മഹാരാജാവിന്റെ സമയമോ സൗകര്യമോ നോക്കേണ്ട ആവശ്യമില്ലായിരുന്നു. നാഞ്ചിനാട് കൂട്ടം വന്നാൽ രാജാവ് അവരുടെ കാര്യം ശ്രദ്ധിച്ച ശേഷമെ മറ്റെന്തെ

ങ്കിലും ചെയ്യാവു. അത്രയ്ക്ക് ആദരവും വിധേയത്വവുമായിരുന്നു വേണാട് രാജാക്കന്മാർ നാഞ്ചിനാട് കൂട്ടത്തിന് നല്കിയിരുന്നത്. തമിഴ്നാട്ടിൽ കന്യാകുമാരി ജില്ലയിലുൾപ്പെട്ടിട്ടുള്ള കൽക്കുളം,വിളവംകോട് താലൂക്കുകളിലു ള്ള ഗ്രാമങ്ങളിലെ തലവന്മാരുടെ സംഘമായിരുന്നു 'നാഞ്ചിനാട്ട് കൂട്ടം."

തലക്കുളത്ത് എത്തിയ വേലുത്തമ്പി, ഈ ഗ്രാമങ്ങളിലേക്കെല്ലാം ആൾക്കാരെ വിട്ട്, 'പെരുമ്പറ' അടിപ്പിച്ചു. പെരുമ്പറഘോഷത്തെ തുടർന്ന് നാഞ്ചിനാട് കൂട്ടം, രാജ്യത്ത് നമ്പൂതിരിമാർ നടത്തുന്ന ജനദ്രോഹപരമായ പ്രവൃത്തികൾക്കെതിരെ സംഘടിക്കുകയും"എല്ലാ പേരും കൂടി ഇക്കാര്യം വിചാരിച്ചു ഇന്നപോലെയെന്ന് ഒരു നിവിർത്തി വരുത്തിയില്ലായെങ്കിൽ, മറ്റൊള്ള രാജ്യങ്ങളിൽ നിന്നും വന്നു പാർത്തു ഇതിന്മണ്ണം ഒക്കെയും നടത്തിക്കുന്ന നമ്പൂതിരിമാർക്കും ശങ്കരനാരായണപിള്ളയ്ക്കും അവരോടു കൂടിയ ആളുകൾക്കും വേണ്ടതില്ലെന്നും നമ്മുടെ തമ്പുരാനും രാജ്യത്തിലുള്ള പ്രജകൾക്കും മാത്രമത്രെ കുറവ് വരുന്നതെന്നും തലക്കുളത്തു വേലുത്തമ്പികാര്യക്കാർ പ്രമാണമായിട്ടു പറഞ്ഞുവച്ചു നിശ്ചയിച്ചു 974-ാമാണ്ടു ഇടവമാസം 27-ാം തീയതി ഹിരണ്യസിംഹനല്ലൂർ (ഇരണിയൽ) കൊട്ടാരത്തു നടയിൽ" 'യോഗം ചേർന്ന് തീരുമാനങ്ങളെടുത്തു. അതിന്റെ ഫലമായി, കന്യാകുമാരി മുതൽ ആലപ്പുഴ വരെയുള്ള ജനങ്ങൾ കൂട്ടമായി തിരുവനന്തപുരത്തെത്തുവാൻ വേലുത്തമ്പി ആഹ്വാനം ചെയ്തു.

പറഞ്ഞ സമയത്ത് വേലുത്തമ്പി പണവും കൊണ്ട് വരാത്തതിനാലും, സർക്കാരിനെതിരെ കലാപത്തിനായി ജനങ്ങളെ സംഘടിപ്പിക്കുന്നുവെന്ന് വാർത്ത പരന്നതിനാലും, വേലുത്തമ്പിയെ പിടിച്ചുകെട്ടി തിരുവനന്തപുരത്ത് കൊണ്ടുവരുവാൻ നമ്പൂതിരിമാർ ഒരു വിളംബരം പുറപ്പെടുവിച്ചു.

തന്നെ പിടിച്ചുകെട്ടി തിരുവനന്തപുരത്തെത്തിക്കുവാൻ വിളംബരം പുറപ്പെടുവിച്ചിരിക്കുന്നു എന്ന് വേലുത്തമ്പിയും, അനുയായികളും അറിഞ്ഞപ്പോൾ, നാഞ്ചിനാട്ട് കൂട്ടവും, തിരുവിതാംകൂർ നാട്ടാരും ചേർന്ന് വലിയ സംഘമായി, വേലുത്തമ്പിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിനടുത്തുള്ള വടക്കെ കോട്ടവാതുക്കൽ എത്തി. തികഞ്ഞ രാജഭക്തന്മാരായ അവർ കോട്ടയ്ക്കകത്ത് പ്രവേശിച്ചില്ല. രോഷാകുലരായ ഒരു വലിയ ജനക്കൂട്ടം കോട്ടയ്ക്ക് പുറത്തെത്തിയെന്നറിഞ്ഞപ്പോൾ തന്നെ, മഹാരാജാവിന് പരിഭ്രമമായി. അദ്ദേഹം ചില ഉദ്യോഗസ്ഥന്മാരെ വേലുത്തമ്പിയുടെ അടുത്തേക്കയച്ചു.ജനങ്ങൾക്ക് വേണ്ടത്, ചെയ്യാമെന്ന വാഗ്ദാനവുമായാണ് അവരെ അയച്ചത്. അവരുടെ ആവശ്യങ്ങൾ നാലെണ്ണമായിരുന്നു. ഒന്ന്: നമ്പൂതിരിമാരെ ഉടൻ നാടുകടത്തുക, രണ്ട്: അവരെ ഒരിയ്ക്കലും തിരിച്ച് വിളിയ്ക്കാതിരിക്കുക, മൂന്ന്: ശങ്കരനാരായണപിള്ളയേയും മാത്തുതരകനേയും ശിക്ഷിയ്ക്കുവാൻ ജനങ്ങൾക്ക് വിട്ടു തരിക. നാല്: നമ്പൂതിരിമാർ ഏർപ്പെടുത്തിയ ജനദ്രോഹപരമായ നികുതികൾ നിർത്തലാക്കുക.

മതിലകം രേഖകൾ തെളിയിക്കുന്നത് ബാലരാമവർമ്മ മഹാരാജാവ് ജനഹിതം ഉടനടി നടപ്പിലാക്കി എന്നാണ്. വേലുത്തമ്പിയുടെ നേതൃത്വത്തിൽ എന്തു നടന്നുവെന്ന് കൂടി നോക്കാം. "ഉതിയേരി ജയന്തൻ ശങ്കരനേയും, ജയന്തൻ ജയന്തനേയും ജയന്തൻ സുബ്രഹ്മണ്യനേയും അവരോടു കൂടെ കൂടിയ പാലനാട്ടു നംപൂരിയേയും ചോലക്കര നംപൂരിയേയും തോവാഴക്കോട്ടയ്ക്ക് വെളിയിലാക്കത്തക്കവണ്ണവും ഉതിയേരി നംപൂരിമാർ മൂന്നുപേരെയും ഇന്നാട്ടിന്മേൽ വരുത്തുകയില്ലെന്നും നീട്ട് എഴുതി തുല്യം ചാർത്തിച്ചു നാട്ടിലേക്കു കൊടുക്കത്തക്കവണ്ണവും ശങ്കരനാരായണപിള്ളയെ ശിവിരിയിൽ വടക്കെ അരികിൽ കോത്തിനു വെളിയിൽ കൊണ്ടുവന്നു അടിച്ചു ആരാച്ചാരടെ പറ്റിൽ ഏല്പിച്ചു ചെവി രണ്ടും പറ്റെ അറുപ്പിച്ചു മീങ്ങും വിലങ്ങിലുമാക്കി, മാത്തുതരകനെ ലായത്തിൽ കൊണ്ടു ചെന്നടിപ്പിച്ചു ആരാച്ചാരെ ഏൽപ്പി ച്ചു മാത്തുതരകന്റെ ചെവി രണ്ടും പറ്റെ അറുപ്പിച്ചു മീങ്ങിലും വിലങ്ങിലുമാക്കി, ഉപ്പുകുത്തകയും, തെങ്ങുവരിയും, പരുത്തിക്കുത്തകയും, നിലക്കടമ ചന്തക്കൂലി വച്ചിരിക്കുന്നതിൽ ഒന്നു പാതിയും മഞ്ഞൾ കുത്തകയും ഒഴിഞ്ഞുകൊടുത്തു എല്ലാ പേരുടേയും സങ്കടവും തീർന്നു കൂട്ടവും പിരിഞ്ഞു."

നമ്പൂതിരിമാർ തിരുവിതാംകൂർ ഭരിച്ചുവെന്ന് പറയുവാൻ സാധിക്കുന്നത്, കേവലം ആറ് ആഴ്ച (നാല്പത്തിരണ്ട് ദിവസങ്ങൾ) മാത്രം. നമ്പൂതിരിമാർക്ക് ശേഷം വന്നത്, സമർത്ഥനായ അയ്യപ്പൻ ചെമ്പകരാമൻപിള്ള ദളവാ ആയിരുന്നു. വേലുത്തമ്പിയെ മുളകുമടി ശ്ശീല സർവ്വാധികാര്യക്കാരായും നിയമിച്ചു. ഇവരുടെ ഭരണത്തിൻ കീഴിൽ തിരുവിതാംകൂറും രാജകുടുംബവും ശാന്തമായി. പതിനാല് മാസം കഴിഞ്ഞപ്പോൾ അയ്യപ്പൻ ചെമ്പകരാമൻപിള്ള നിര്യാതനായി. പിന്നെ കുറച്ചുനാൾ പാറശ്ശാല പത്മനാഭൻ ചെമ്പകരാമൻ പിന്തുണയായി. അത്ര സമർത്ഥനല്ലാതിരുന്നതിനാൽ, കുറച്ചു കാലമെ ദളവയായിരുന്നുള്ളു. അതിനുശേഷം, വേലുത്തമ്പി ദളവയായി.

ഉത്സവപ്പറമ്പിലൂടെ



# ഗരുഡൻ (ബാലെ)

(തിരുവേഗപ്പുറ മട്ട്)

**ജയകൃഷ്ണൻ ആർ.വി., തൃപ്പൂണിത്തുറ**

വർഷാവർഷങ്ങളിൽ "ഭൃംഗീരടി", ധർമ്മശാസ്താവ്, വൈകുണ്ഠദേവൻ... തുടങ്ങിയ നാമങ്ങളിൽ ബാലെ അരങ്ങ് തകർത്തിരുന്നുവെന്ന് ഏട്ടൻ പറഞ്ഞുകേട്ടറിവേയുള്ളൂ . ഇത്തവണ ബാലെ – "ഗരുഡൻ"!

ഹേയ്, തരക്കേടില്ല! എന്നാലതൊന്ന് കണ്ടുകളയാം എന്നു കരുതി എറങ്ങിത്തിരിച്ചിരിക്ക്യാ...

ബാലേയുടെ ചമയങ്ങൾ – വിശേഷിച്ചും കിരീടം–ആ ആന്റീക് –വാല്യു' മാത്രമുണ്ടാകാവുന്ന 'സാധനം' – ആ സാധനം സിനിമയിൽ മാത്രം കണ്ടുള്ള പരിചയമേയുള്ളൂ. അപ്പോൾ അതും വച്ചോണ്ടുള്ള ഗരുഡന്റെ വരവൊന്ന് കാണേണ്ടത് തന്നെയായിരിക്കില്ലേ!

സ്ഥലം: തിരുവേഗപ്പുറ ശ്രീമഹാ(ദേവ)ക്ഷേത്രനട. ഫെബ്രുവരി 21 കിഴക്കേനടയിൽ, "ഭക്തശിരോമണി വാഴകുന്നം സ്മാരകം" മണ്ഡപത്തിലാണ് ബാലെ. തൃപ്പൂണിത്തുറ "ജയ് ഭാരത് നൃത്തകലാലയം" വകയാണ് ബാലെ. 1939–ൽ സ്ഥാപിതമായ 'ജയ്ഭാരതി'ന്റെ തിരുവേഗപ്പുറയിലെ 12–ാമത് അരങ്ങാണ് 'ഗരുഡൻ'.

'കലാലയ'ത്തിന്റെ വലിയ ബാനർ; കൂടാതെ "തിരുവേഗപ്പുറ ആനപ്രേമിസംഘം വക ആശംസകൾ", "മാർച്ച് 24 മുതൽ 12 ദിവസം നീളുന്ന തിരുമാന്ധാം കുന്ന് ക്ഷേത്ര മഹോത്സവ" ത്തിന്റെ, തുണിയിൽ ചായംകൊണ്ടെഴുതിയിരിക്കുന്ന ഒരറിയിപ്പ്, പിന്നെ അടുത്തെവിടെയോ മാങ്ങാ അച്ചാറും, ചമ്മന്തിപ്പൊടിയും മറ്റും ലഭ്യമാകുമെന്ന് കാട്ടുന്നൊരു പരസ്യപ്പലകയും...

നടയിൽ ചെന്നിറങ്ങിയപ്പോൾ ഏട്ടൻ തിരക്കിലായിരുന്നു; ഊട്ടുപന്തിയിൽ വിളമ്പിക്കൊടുക്കുന്ന ഒരു താത്കാലിക റോളിൽ... ഏട്ടന് ആദ്യസ്ഥാനമാണ് പ്രധാനം – അതിനിടയ്ക്ക് വേദിയിലേക്കൊന്ന് തല കാണിച്ചാലായി. കലാകാരെ ആനയിക്കൽ തുടങ്ങി – ക്ഷേത്രപ്പരിസരം അലങ്കരിക്കുക വഴി – ദേഹണ്ണപ്പുരയിലെ കനല് കെടാതെ സൂക്ഷിക്കുന്നതു വരെ–അദ്ദേഹത്തിന്റെ ഡ്യൂട്ടിയിൽപ്പെടും!

എട്ടുനാൾ നീളുന്ന ഉത്സവമാണ്. ഉത്സവമോ, പൂരമോ – ഏതായാലും 5–ാം ദിവസമാണ് 'ഗരുഡ'ന്റെ വരവ്! മൈക്കിലൂടെ കിള്ളിക്കുറിശ്ശി നാരായണൻ ചാക്യാരുടെ കൂത്ത് കേൾക്കുന്നുണ്ടായിരുന്നു. കൂത്ത് കഴിഞ്ഞ് പാഠകവും, മദ്ദളപ്പയറ്റും, തായമ്പകയുമൊക്കെയുണ്ട്.

"ഉച്ചപ്പന്തി വൈകീട്ടുവരെ നീളും" – ഏട്ടൻ നാലുമണിക്ക് വീട്ടിൽ വന്നപ്പോൾ പറഞ്ഞു; രാവിലത്തെ ഭക്ഷണം ഉച്ചവരെയും!

വൈകാതെ തൂതപ്പുഴയിൽ കുളിക്കാൻ പോയി. ഒത്തനടുവിലൊരിടത്ത് പുഴയ്ക്ക് ആറടി മൂന്നിഞ്ച് ആഴമുണ്ട്. പിന്നെ പടിഞ്ഞാട്ട് ആഴം കുറഞ്ഞുകുറഞ്ഞ് വരും. പടിഞ്ഞാറെക്കരയിൽ വലിയ പാറക്കെട്ടുകളും വൃക്ഷങ്ങളുമാണ് – കിഴക്ക് വിശാലമായ മണൽപ്പരപ്പും.

"ലോറിയാത്രയൊക്കെ സുഖായില്ലേ?" കുളികഴിഞ്ഞ് മടങ്ങുമ്പോൾ വഴിയിൽ നിന്ന് കുളിച്ചുകൊണ്ടിരുന്ന ഒന്നുരണ്ട് ആനകളോട് കുശലം ചോദിച്ചു. "ങാ, അപകടോന്നുണ്ടായില്ല്യ"– അല്പം ഭയത്തോടെ അവറ്റകളുടെ അരികത്തുകൂടെ നീങ്ങിയപ്പോൾ അതിലെതോ ഒന്ന് തല കുലുക്കിയിരിക്കണം...

"ചാടല്ലെ! ചാടല്ലെ! ആറ്റിലേയ്ക്കച്ചുതാ

കാട്ടിലെ പൊയ്കയിൽ പോയി നീന്താം"

ഇപ്പോൾ മൈക്കിലൂടെ ആ കാട്ടുപൊയ്കയുടെ സുരക്ഷ വിളിച്ചോതുന്ന 'കൃഷ്ണഗാഥാ' റെക്കോർഡാണ് കേൾക്കുന്നത്. കൂത്ത് അവസാനിച്ചുവെന്ന് തോന്നുന്നു.

*തുടർച്ച പേജ് 17–ൽ*

**ബംഗാളി കഥ**





## പ്രഭാത് കുമാർ മുഖൊപാദ്ധ്യായ

**വിവർത്തനം : ഡോ. കെ.സി. എം. രാജ)**

**('ബംഗാളി കി സർവ്വശ്രേഷ്ഠം കഹാനിയാ" എന്ന ഗ്രന്ഥത്തോടു കടപ്പാട്)**


കഴിഞ്ഞലക്കം തുടർച്ച...

പക്ഷികൾ 'കലപിലാ' ശബ്ദിച്ചു തുടങ്ങി. പ്രഭാതത്തിലെ ഇളംവെയിൽ മുറിയിൽ അരിച്ചു കയറി വന്നിട്ടും, അവർ ഗാഢനിദ്രയിൽ ആലിംഗനബദ്ധരായിത്തന്നെ കിടന്നു!

"ഉമാ!... ഉമാ!..." അച്ഛൻ വിളിയ്ക്കുന്ന ശബ്ദം കേട്ട് ദയാമയി ഭർത്താവിനെ വിളിച്ചുണർത്തി.

"ഉമാ!..." വീണ്ടും അച്ഛൻ മകനെ വിളിച്ചു. ആ ശബ്ദത്തിന്ന് ഒരിടർച്ചയുണ്ടായിരുന്നു. സാധാരണയായി അച്ഛൻ ഇത്രനേരത്തെ വന്നു വിളിയ്ക്കാറില്ല! പുറമെ, അച്ഛന്റെ ആ ഇടറിയ ശബ്ദം ഉമാപ്രസാദിനെ അല്പമൊന്ന് അമ്പരപ്പിച്ചു. അയാൾ ധൃതിയിൽ എഴുന്നേറ്റു ചെന്നു വാതിൽ തുറന്നു.

ചുവന്ന പട്ടു ധരിച്ചു നില്ക്കുന്നു അച്ഛൻ! കഴുത്തിൽ ഒരു രുദ്രാക്ഷമാല. ദേവനാമങ്ങൾ നിറയെ എഴുതി പിടിപ്പിച്ച ഒരു വേഷ്ടി കൊണ്ട് പുതച്ചിട്ടുണ്ട്. സാധാരണയായി ഗംഗാസ്നാനം കഴിഞ്ഞ ശേഷമേ അച്ഛൻ ഈ ഒരു വേഷം ധരിയ്ക്കാറുള്ളൂ.

വാതിൽ തുറന്നയുടൻ കാളീകിങ്കരൻ ഉൽകണ്ഠയോടെ അന്വേഷിച്ചു.

"മോനേ! ചെറിയ വധൂ?"

ഉമാപ്രസാദ് മുറിയുടെ ഉള്ളിലേയ്ക്ക് നോക്കി. ദയാമയി കിടയ്ക്കയിൽ നിന്നെഴുന്നേറ്റ് ഒരു ഭാഗത്തായി ഒതുങ്ങിനില്ക്കുന്നുണ്ട്. കാളികിങ്കരൻ ആ ഭാഗത്തേയ്ക്കു നോക്കി. മരുമകളെ കണ്ട്, അയാൾ നേരെ അങ്ങോട്ടു ചെന്ന് അവളുടെ മുന്നിൽ സാഷ്ടാംഗം നമസ്കരിച്ചു. അച്ഛന്റെ ഈയൊരു പെരുമാറ്റംകണ്ട് ദയാമയി അന്ധാളിച്ചു.

ആ കിടപ്പിൽ നിന്നെഴുന്നേല്ക്കാതെ കാളികിങ്കരൻ പറഞ്ഞു തുടങ്ങി. "അമ്മേ! ദേവീ! മഹാമായേ! എന്റെ ഈ ജന്മം സഫലമായി! എങ്കിലും, ഇത്രയും കാലം അമ്മ ഈയൊരുകാര്യം എനിക്ക് മനസ്സിലാക്കിത്തന്നില്ലല്ലോ! അമ്മേ!"

ഉമാപ്രസാദ് സംഭ്രാന്തനായിക്കൊണ്ടു വിളിച്ചു "അച്ഛാ"

കാളികികരൻ മകനോടു പറഞ്ഞു "മോനേ! നീയും അമ്മയുടെ മുന്നിൽ വീണു നമസ്ക്കരിയ്ക്കൂ!"

"അച്ഛാ! അച്ഛനെന്തുപറ്റി! ഭ്രാന്തായോ?"

"ഇപ്പോഴാണ് എന്റെ ഭ്രാന്തു മാറിയത്. ഇതേവരെ എനിയ്ക്കു ഭ്രാന്തായിരുന്നു. അമ്മയുടെ അനുഗ്രഹംകൊണ്ട് ഇന്നെന്റെ ഭ്രാന്തു മാറി, എനിയ്ക്കു സ്വസ്ഥത കിട്ടി."

അച്ഛൻ പറയുന്നതൊന്നും ഉമാപ്രസാദിനു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അയാൾ വീണ്ടും ചോദിച്ചു. "അച്ഛൻ എന്തൊക്കെയാണു പറയുന്നത്?" കാളികിങ്കരൻ വിശദീകരിച്ചു. "നമ്മൾ പുണ്യം ചെയ്തവരാണ് മോനേ! നമ്മൾ ധന്യരായി! ബാല്യം മുതൽ കാളീമന്ത്രംചൊല്ലി ദേവിയെ ഉപാസിയ്ക്കാൻ തുടങ്ങിയതാണ്. എന്തു തന്നെയായാലും അതു വെറുതെയായില്ല. അമ്മ, മരുമകളായി വന്ന് എന്നെ അനുഗ്രഹിച്ചു. ഇന്നലെ രാത്രിയാണ് എനിയ്ക്കു അമ്മയുടെ ദർശനം ലഭിച്ചത്."

വെറുമൊരു പാവം സ്ത്രീയായ ദയാമയിയ്ക്കു ദൈവത്വം ലഭിച്ചത് വളരെ പെട്ടെന്നായിരുന്നു. അവൾ ദേവിയായി അവരോധിയ്ക്കപ്പെട്ട് മൂന്നു ദിവസങ്ങൾക്കുള്ളിൽത്തന്നെ വാർത്ത നാട്ടിലാകെ പരന്നു. ചുറ്റുവട്ടത്തുള്ളവരെല്ലാം ദേവീദർശനത്തിന്നായി വന്നു തുടങ്ങി. അവരിൽ പലരും വിളക്കു കൊളുത്തി, ധൂപമുഴിഞ്ഞ് ദീപാരാധന നടത്തി. ശംഖൂതി ഷോഡശ വിധിപ്രകാരമുള്ള എല്ലാ പൂജാകർമ്മങ്ങളും അവളുടെ മുന്നിൽ വെച്ചു നടത്തി. ഈ ദിവസങ്ങൾക്കുള്ളിൽ നിരവധി ആടുകൾ അമ്മയുടെ പ്രീതിയ്ക്കുവേണ്ടി ബലിയർപ്പിയ്ക്കപ്പെട്ടു. ഇതൊക്കെ

നടന്നുവെങ്കിലും, ഈ മൂന്നു ദിവസവും ദയാമയി കരഞ്ഞു കൊണ്ടിരിയ്ക്കുകയായിരുന്നു. ഊണും ഉറക്കവും അവൾ നിശ്ശേഷം ഉപേക്ഷിച്ച മട്ടായി. ആകസ്മികമായുണ്ടായ ഈ സംഭവം കാരണം, ശ്വശുരന്റെയും പ്രായംകൂടിയവരുടെയും മുന്നിൽപ്പോയി നില്ക്കുന്ന പതിവില്ലെന്ന കാര്യം തന്നെ അവൾ മറന്നു. സ്വയംമറന്ന് ദയാമയി വരുന്നവരുടെ മുഖത്ത് നോട്ടമിട്ട് ഇരുന്നു. മിഴികൾ തുടുത്തു വികസിച്ചു; അവളുടെ ശബ്ദത്തിന് അസാധാരണമായ ഒരു മൃദുലത കൈവന്നു. വസ്ത്രധാരണത്തിൽ ഒരുതരം അശ്രദ്ധ അവൾ പ്രകടിപ്പിച്ചുതുടങ്ങി.

രാത്രിയുടെ രണ്ടാംയാമമായിട്ടും, അന്ന്, പൂജാമുറിയിൽ വിളക്കു കത്തിക്കൊണ്ടിരുന്നു. പട്ടുമൂടിയ ഒരു കരിമ്പടത്തിൽ ദയാമയി എന്തോ ആലോചിച്ചുകൊണ്ടിരുന്നു. ഉമാപ്രസാദ് ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്ന് പൂജാമുറിയിലെത്തി, ദയാമയിയുടെ അടുത്തുചെന്നിരുന്നു. ആ പ്രഭാതത്തിലെ സംഭവം കഴിഞ്ഞശേഷം ഇന്നാദ്യമായാണ് ഉമാപ്രസാദ് പത്നിയെ തനിച്ചുകാണുന്നത്. ഭർത്താവിനെ കണ്ടയുടൻ ദയാമയി എഴുന്നേറ്റു.

"ദയാ! എന്താണിതെല്ലാം? എന്തൊക്കെയാണ് നടന്നുകൊണ്ടിരിയ്ക്കുന്നത് ഇവിടെ?" ഉമാപ്രസാദ് ഉൽകണ്ഠയോടെ ചോദിച്ചു.

ഭർത്താവിന്റെ സ്നേഹത്തോടെയുള്ള ആ ചോദ്യം ദയാമയിയുടെ മനസ്സിൽ അമൃതിന്റെ കുളിർമ പകർന്നു. അവൾ ഭർത്താവിനെ പ്രണയപാരവശ്യത്തോടെ ആശ്ലേഷിച്ചു.

ഉമാപ്രസാദ് ചോദിച്ചു. "നീ വിചാരിയ്ക്കുന്നുണ്ടൊ ഇതെല്ലാം സത്യമാണെന്ന്? നീ എന്റെ ഭാര്യയാണോ, അതൊ ദേവിയോ?"

"ഞാൻ നിങ്ങളുടെ പത്നിയാണ്! ഒരു ദേവിയുമല്ല!"

അതു കേട്ടതോടെ ഉമാപ്രസാദ് ഭാര്യയുടെ മുഖമുയർത്തി അവളെ ചുംബിച്ചു. എന്നിട്ടു അയാൾ പറഞ്ഞു. "നമുക്ക് ഇവിടം വിട്ടുപോകണം! ആർക്കും അന്വേഷിച്ചു കണ്ടെത്താൻ കഴിയാത്ത ഏതെങ്കിലും ഒരിടത്തേയ്ക്ക്!" അതുപറഞ്ഞ് അയാൾ ദയാമയിയെ ആശ്വസിപ്പിച്ചു.

ദയാമയി കേണപേക്ഷിച്ചു "അധികം താമസിയ്ക്കരുതേ! എങ്കിൽ, എന്റെ ജീവിതമാകെ നശിയ്ക്കും. ഇപ്പോൾത്തന്നെ എന്റെ ജീവൻ തൂങ്ങി നില്പാണ്. ഇങ്ങിനെ പോയാൽ എന്റെ പ്രാണൻ നശിച്ചില്ലെങ്കിൽ കൂടി എനിയ്ക്കു ഭ്രാന്തു വരും തീർച്ച!"

"ദയാ! നീ ഇത്രയധികം ചിന്തിച്ചു ദുഃഖിയ്ക്കേണ്ട! ഇന്നു ശനിയാഴ്ച. അടുത്ത ശനിയാഴ്ച ഞാൻ വീണ്ടും വരും നമ്മൾ ഈ വീടുപേക്ഷിച്ചു പോകും. ഈയൊരാഴ്ചകൂടി നീ ധൈര്യം കൈവിടാതെ കഴിച്ചുകൂട്ട്!"

"ശരി!" ദയാമയി സമ്മതിച്ചു.

ആൾക്കാരെല്ലാം എത്തുന്നതിനുമുമ്പേ ഞാൻ പോകട്ടെ എന്നു പറഞ്ഞ് ഉമാപ്രസാദ് ഒരിക്കൽകൂടി പത്നിയെ ആശ്ലേഷിച്ച് ഇരുട്ടിൽ നടന്നകന്നു.

അടുത്തദിവസം രാവിലെ ദയാമയിക്കുള്ള പൂജാദികളെല്ലാം അവസാനിച്ചപ്പോൾ, ഒരു വൃദ്ധൻ വടിയും കുത്തി അവിടെയെത്തി ദയാമയിയുടെ മുന്നിൽ പോയി സാഷ്ടാംഗം നമസ്കരിച്ചു. മുട്ടുകുത്തി മുന്നിലിരുന്നു യാചിച്ചു. "അമ്മേ, ദേവീ! എത്രകാലമായി ഞാൻ അമ്മയെ ഉപാസിച്ചു തുടങ്ങിയിട്ട്! ഇപ്പോൾ ഒരാപത്തിൽ അകപ്പെട്ടിരിയ്ക്കുകയാണ് ഞാൻ! ദയവായി അമ്മ എന്നെ ഈ ആപത്തിൽനിന്നു കര കയറ്റണേ!

ദയാമയി ഉദാസീനഭാവത്തോടെ അയാളുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നു. മുന്നിലിരുന്ന പൂജാരി അയാളോടു ചോദിച്ചു. "എന്താണ് അമ്മാവന്റെ വിഷമം?"

"എന്റെ പേരക്കുട്ടി കുറെ ദിവസമായി സുഖമില്ലാതെ കിടപ്പാണ്! ഇന്നു രാവിലെ ചികിത്സിക്കുന്ന വൈദ്യൻ പോലും കയ്യൊഴിഞ്ഞു. അവൻ രക്ഷപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ കുടുംബം വേരറ്റു പോകും! അതുകാരണം അവന്റെ പ്രാണനു വേണ്ടിയാണ് ഞാൻ അമ്മയുടെ അടുത്തുവന്നിരിയ്ക്കുന്നത്."

ആ സമയത്ത് ചണ്ഡീസ്തോത്രം ഉരുവിട്ടുകൊണ്ടിരുന്ന കാളീകിങ്കരൻ, വൃദ്ധന്റെ ദുഃഖം കണ്ട് ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു. "അമ്മേ! എങ്ങിനെയെങ്കിലും ഇദ്ദേഹത്തിന്റെ പേരക്കുട്ടിയെ രക്ഷിയ്ക്കണേ!"

കാളീകിങ്കരൻ പിന്നീട് വൃദ്ധന്റെ നേരെ തിരിഞ്ഞു പറഞ്ഞു. "അമ്മാവാ! താങ്കളുടെ പേരക്കുട്ടിയെ ഇങ്ങോട്ടു കൊണ്ടുവന്ന് അമ്മയുടെ പാദങ്ങളിൽ സമർപ്പിയ്ക്കൂ! എന്നാൽ പിന്നെ യമധർമ്മനുപോലും കുട്ടിയെ കൊണ്ടു പോകാൻ കഴിയില്ല."

വൃദ്ധൻ അതുകേട്ട് ആശ്വാസത്തോടെ വീട്ടിലേയ്ക്കു തിരിച്ചു ചെന്ന്, അല്പനേരത്തിന്നുള്ളിൽ പുത്രവധുവിനേയും പേരക്കുട്ടിയേയും കൂട്ടിയെത്തി. മൃതപ്രായനായ ശിശുവിനെ അമ്മയുടെ മുമ്പിൽ കിടത്തി. പൂജാരി, അമ്മയുടെ പാദങ്ങൾ കഴുകിയ ജലം ഇടവിട്ട് കുഞ്ഞിന്റെ ദേഹത്ത് തളിച്ചു. ആ കുഞ്ഞിന്റെ അമ്മ ദയാമയിയുടെ ഒരു അടുത്ത സുഹൃത്തായിരുന്നു. അവളെ കണ്ടതോടെ ദയാമയിയുടെ കണ്ണു നിറഞ്ഞൊഴുകി തുടങ്ങി. അവൾ ഉള്ളുരുകി

മനസ്സിൽ പ്രാർത്ഥിച്ചു. "ഞാൻ ദേവിയൊ കാളിയൊ എന്തുമാവട്ടെ! ഈ കുഞ്ഞിന്റെ ജീവന്നു രക്ഷ നല്കണേ! അമ്മേ!" ദയാമയിയുടെ കണ്ണുനീർ അവിടെ കൂടിയിരുന്നവരെയെല്ലാം ആഹ്ലാദഭരിതരാക്കി. അവർ ദേവിയെ പ്രകീർത്തിച്ചു. "ജയ ജയ ദേവി അമ്മ കനിഞ്ഞു! അതാ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു!"

കാളീകിങ്കരന്റെ മന്ത്രോച്ചാരണത്തിന്റെ ആവേശം വർദ്ധിച്ചു. പകൽ മുന്നേറിയതോടെ കുഞ്ഞിന്റെ അവസ്ഥയിൽ മാറ്റം കണ്ടു തുടങ്ങി. സന്ധ്യയായപ്പോഴേയ്ക്കും കുഞ്ഞിന്റെ നിലയിൽ വന്ന വ്യത്യാസം കണ്ട് വൃദ്ധൻ സന്തോഷിച്ചു. ദയാമയി ദേവിയുടെ അവതാരമാണെന്ന വാർത്ത പരന്നതിലുമധികം വേഗത്തിലാണ് കുഞ്ഞിന്റെ ജീവൻ രക്ഷിച്ച വാർത്ത നാടാകെ പരന്നത്.

പിറ്റേന്ന്, മറ്റൊരു ഭക്തൻ അയാളുടെ ആവശ്യവുമായി വന്നു. "അമ്മേ! ദേവീ! എന്റെ മകൾക്കു പ്രസവവേദന തുടങ്ങിയിട്ട് നാലു ദിവസമായി! അവളുടെ സ്ഥിതി ക്രമേണ മോശപ്പെട്ടു വരികയാണ്. അവളുടെ മേൽ ദയയുണ്ടാവണേ അമ്മേ!"

കാളികിങ്കരൻ അയാളെ പറഞ്ഞു സമാധാനിപ്പിച്ചു. "എല്ലാം ശരിയാവും അനിയാ! എല്ലാം ശരിയാവും! അമ്മയുടെ പാദം കഴുകിയ തീർത്ഥം കൊണ്ടു പോയി മകൾക്കു കൊടുക്കൂ!"

ദേവിയുടെ മുന്നിൽ സാഷ്ടാംഗം പ്രണമിച്ച് അയാൾ തീർത്ഥവും വാങ്ങിച്ചുപോയി. അന്നു ഉച്ചതിരിഞ്ഞപ്പോൾ ഒരു കോമള ശിശുവിനെ അയാളുടെ മകൾ പ്രസവിച്ചുവെന്ന വിവരം വൈകാതെ തന്നെ അവിടെയ്ക്കെത്തി.

(തുടരും)

# സമസ്യ

*നേട്ടം പറ്റുവതല്ല നോട്ട, മതിനായ് കാലം കഴിച്ചീടുകിൽ*
*വാട്ടം തട്ടിയ മൂല്യബോധമകമേ കാണാക്കിനാവായ് വരാം*
*നോട്ടം തെറ്റിയ ജീവിതപ്പൊലിമയിൽ പാരം ഭ്രമിച്ചീടൊലാ*
*കോട്ടം തട്ടിയൊരെട്ടു കെട്ടിനകമേ വാഴ്കൊല്ല നിഷ്ക്കർമ്മിയായ്.*

**വി.ടി. മധുസൂദനൻ നായനാർ, നടുവിൽ**

*കഷ്ടപ്പെട്ടു കനത്ത ജോലി പലതും ചെയ്യേണ്ടതുണ്ടെങ്കിലും*
*കഷ്ടിച്ചൊട്ടു കഴിഞ്ഞുകൂടുവതിനായ് സമ്പത്തതുണ്ടെങ്കിലും*
*ഒട്ടേറെച്ചിലബുദ്ധിമുട്ടുകൾ മനസ്സേറ്റം തളർത്തെങ്കിലും*
*കോട്ടം തട്ടിയൊരെട്ടുകെട്ടിനകമേ വാഴ്കൊല്ല നിഷ്ക്കർമ്മിയായ്.*

**ആദിത്യവർമ്മ**

*കണ്ടോർതന്നുടെ വാക്കുകേട്ടനിശവും*
*പ്രൗഢിത്വമാർന്നെത്രയും*
*കാട്ടും ഗോഷ്ടികൾകണ്ടു വമ്പർ ചിലർ*
*വന്നത്രൈവ പാർത്തങ്ങഹൊ*
*രണ്ടും കൂടിയെടുത്ത വമ്പുകളുടൻ*
*തട്ടിച്ചുനോക്കീട്ടഹൊ*
*കോട്ടം തട്ടിയൊരെട്ടുകെട്ടിനകമേ*
*വാഴ്കൊല്ലനിഷ്ക്കർമ്മിയായ്.*

**പി.കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി**
**അമ്പാടിക്കോവിലകം, (ചന്ദ്രപുരി)**

*കാലം മാറുകയാണു തൊട്ടു*
*പിറകേ മാറുന്നു നാടൊക്കവേ*
*മാറ്റത്തിൻ ഗതി വാമനന്റെ*
*പദവിന്യാസം കണക്കാകവേ*
*പണ്ടെങ്ങോ വിടയായ ലക്ഷ്മി*
*തിരികേ വന്നെത്തുമെന്നോർത്തൊരീ*
*കോട്ടം തട്ടിയൊരെട്ടുകെട്ടിനകമേ*
*വാഴ്കൊല്ല നിഷ്ക്കർമ്മിയായ്*

**ഡോ. രവീന്ദ്രവർമ്മ**
**നന്ദനം, പൂങ്കുന്നം, തൃശൂർ**

*നേട്ടം നേടണമായതിന്നു നിതരാം യത്നിക്ക നിസ്വാർത്ഥമായ്*
*കാട്ടേണം കഠിനശ്രമം പരമഹോ സർവ്വാത്മനാ സന്തതം*
*വാട്ടം ലേശവുമേശിടാതെ പരമം ലക്ഷ്യത്തിൽ നാമെത്തണം*
*കോട്ടം തട്ടിയൊരെട്ടു കെട്ടിനകമേ വാഴ്കൊല്ല നിഷ്ക്കർമ്മിയായ്*

**വത്സലാരവിവർമ്മ**

## അവതാരകന്റെ പൂരണം

*പത്തായം പെരുമച്ചികുത്തുമഹഹോ*
*ശാപ്പാടു ഗംഭീരമാ–*
*മീമട്ടോർത്തു നശിയ്ക്കൊലാ സഹജരേ!*
*ഉത്തിഷ്ഠതാ, ജാഗ്രതാ*
*പാട്ടം പോയ് വരുമാനമാർഗ്ഗമഖിലം*
*സ്വാഹായുമായെൻ സഖേ*
*കോട്ടം തട്ടിയൊരെട്ടു കെട്ടിനകമേ*
*വാഴ്കൊല്ല നിഷ്ക്കർമ്മിയായ്*

**രാഘവവർമ്മ, അനന്തപുരം, ഹരിപ്പാട്**



ചെറുകഥ

# ഗൗരി ശങ്കരം

**ഹൈമവതി വർമ്മ ചേർത്തല**

മനുഷ്യമനസ്സിന്റെ അഗാധതയും പ്രകൃതിയുടെ അനന്തതയും ഈശ്വരചൈതന്യത്തിന്റെ പ്രകാശവും ചേർന്നതാണ് വിധി എന്നു പറയാം. നാം സങ്കല്പിക്കുന്നതിനും അറിയുന്നതിനും ഉപരി അങ്ങിനെ ഒരു മഹത്ശക്തിയുടെ അദൃശ്യകരങ്ങൾ ഉണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. അതിനൊരുദാഹരണമാണ് ഈ അഭിനവ ഗൗരി ശങ്കരം. മനപ്പൊരുത്തവും അകൈതവ സ്നേഹവുമാണ് വിവാഹത്തിന്റെ മൂല്യമെന്ന് എന്നെ ഓർമ്മിപ്പിക്കുന്ന ഒരു പ്രേമ കഥ.

ഗൗരിയുടെ നാട് ആന്ധ്രപ്രദേശിലെ വിജയവാഡ. അച്ഛൻ മല്ലികാർജുനറാവു. റെയിൽവേയിൽ ഉന്നത ഉദ്യോഗസ്ഥൻ. അമ്മ ഭരതനാട്യത്തിലും കുച്ചിപ്പുടിയിലും പേരുകേട്ട നർത്തകി. ഒരേ ഒരു മകൾ.

റാവു കൽക്കട്ടയിൽ സ്ഥലം മാറിവന്നപ്പോഴാണ് ഗൗരിയെ എന്റെ സ്കൂളിൽ ചേർത്തത്. നഴ്സറി മുതൽ പന്ത്രണ്ടുവരെ മൂന്നാലുവർഷം ഞാൻ അവളുടെ കണക്ക് ടീച്ചറായിരുന്നു. ഒടുവിൽ രണ്ടുവർഷം ക്ലാസ്സ് ടീച്ചറും. അങ്ങിനെ ഞാൻ അവളുമായി അടുത്തു. കണക്കിന് മിടുമിടുക്കി. ഓരോ കണക്കിലും ഒളിച്ചിരിക്കുന്ന 'ഉത്തരം' എന്ന കള്ളനെ കണ്ടുപിടിക്കുന്ന പോലീസുകാരനാണ് താനെന്നാണ് അവളുടെ ഭാവം. തലയ്ക്കകത്ത് ഒരു കമ്പ്യൂട്ടർ തന്നെ ഉണ്ടോ എന്ന് ഞാൻ സംശയിക്കും.

പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞ് അവൾ പോയത് മെഡിസിനാണ്. വെല്ലൂരിലെ മെഡിക്കൽ കോളേജിൽ. അസാമാന്യ ബുദ്ധിയോടൊപ്പം ആതുരസേവനത്തിന്റെ മഹാമനസ്കതയും, കുഞ്ഞുങ്ങളെ ഓമനിക്കുന്ന വാത്സല്യവും അവളുടെ മനസ്സിൽ നിറഞ്ഞിരുന്നുവെന്ന് ഞാനപ്പോഴാണ് മനസ്സിലാക്കിയത്. ഇന്ത്യയിലെ ഒന്നാംകിട സ്ഥാപനമായ വെല്ലൂർ മെഡിക്കൽ കോളേജിൽ പഠിക്കാൻ ഭാഗ്യം കിട്ടിയ എന്റെ മൂന്നു വിദ്യാർത്ഥിനികളിൽ ഒരാളായി ഗൗരി. പ്രശസ്ത വിജയം നേടി. അവിടെ തന്നെ ജോലിക്കു ചേർന്നു. പേരുകേട്ട പീഡിയാട്രീഷ്യൻ ഗൗരി റാവു.

നമുക്ക് ശങ്കറിലേക്ക് കടക്കാം. തിരുപ്പതി അടിവാരത്തിലെ ഒരു കർഷക കുടുംബത്തിലെ അവസാനകണ്ണി. അച്ഛൻ ചെറുപ്പത്തിലെ മരിച്ചു. അമ്മ മാത്രം. പഠിപ്പു മുഴുവനാക്കുന്നതിനുമുമ്പ് വമ്പിച്ച ഭൂസ്വത്തിന്റെ ഉടമയായി അവൻ. കൃഷിയാണ് മുഖ്യം. നെല്ല്, ചോളം, സൂര്യകാന്തിപ്പൂ... അങ്ങിനെ വിവിധകൃഷികൾ. വേഷത്തിലും ഭാവത്തിലും പെരുമാറ്റത്തിലും തനിനാട്ടിൻപുറത്തെ കർഷകൻ.

സ്കൂൾ വിട്ട് ആറുവർഷം കഴിഞ്ഞാണ് ഒരു ദിവസം ഗൗരി അവിചാരിതമായി എന്നെ കാണാൻ വന്നത്. കൂടെ ഒരു യുവാവും. ഏപ്രിൽ മാസത്തിലെ ഒരു സായാഹ്നം. മദ്ധ്യവേനൽ പരീക്ഷയുടെ പേപ്പർ നോക്കുന്ന തിരക്കിലായിരുന്നു ഞാൻ. പെട്ടെന്ന് അവൾ പറഞ്ഞു. "മാഡം ഒരു ഉപദേശം തേടിയാണ് ഞാൻ വന്നത്." അവളുടെ കഥ ഞാൻ ക്ഷമയോടെ കേട്ടു. ഡോക്ടറായ അവൾക്ക് അച്ഛനമ്മമാർ ഒരുപാട് വിവാഹാലോചനകൾ കൊണ്ടുവരുന്നു. ഡോക്ടർ, എൻജിനീയർ, ഉന്നത ഉദ്യോഗസ്ഥർ. കൂടാതെ ജോലിക്കിടയിൽ അവൾ പരിചയപ്പെട്ട പല ചെറുപ്പക്കാരും അവളോട് അടുക്കാൻ ശ്രമിക്കുന്നു. അവൾക്കതിലൊന്നും താല്പര്യമില്ല.

"നിന്റെ ഉദ്ദേശം എന്താണ്? മനസ്സിൽ ആരെങ്കിലുമുണ്ടോ?" ഞാൻ ചോദിച്ചു.

"ഉവ്വ്. ഒരേ ഒരാൾ മാത്രം. എന്റെ ബാല്യകാല കൂട്ടുകാരൻ ശങ്കർ" കൂടെ വന്ന ചെറുപ്പക്കാരനെ കൈപിടിച്ച് അവൾ എന്റെ മുന്നിലേക്ക് കൊണ്ടുവന്നു.

"എന്തുചെയ്യുന്നു?" "ഒരു കൃഷിക്കാരനാണ് ഞാൻ. തെങ്ങും നെല്ലും പൂവും വിളയിക്കുന്ന കർഷകൻ" അവൾ പഴയ കഥയിലേക്ക് കടന്നു. അഞ്ചുവയസ്സുവരെയുള്ള ബാല്യകാലം. രണ്ടുവീട്ടുകാരും അടുത്ത ബന്ധുക്കളും ആത്മാർത്ഥ സുഹൃത്തുക്കളുമായിരുന്നു. പക്ഷേ പതിനഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ

രണ്ടു കുടുംബങ്ങളും രണ്ടു വഴിക്കായി. ഗൗരി, 'ഇന്റർനെറ്റിന്റേയും ഇലക്ട്രോണിക്സിന്റെയും സാറ്റലൈറ്റിന്റേയും' ഒക്കെ വിസ്മയം തിളങ്ങിയ മോഡേൺ ടെക്നോളജിയുടെ ഉത്തരധ്രുവത്തിൽ. ശങ്കർ കൃഷിയും ഗ്രാമീണഭംഗിയും മണ്ണിന്റെ മണവും നിറഞ്ഞ ദക്ഷിണ ധ്രുവത്തിലും.

പുറമെ കാണുമ്പോൾ പൊരുത്തക്കേടുകളുടെയും വൈരുദ്ധ്യങ്ങളുടെയും ഒരു ഘോഷയാത്ര. ഗൗരി കറുത്തു മെലിഞ്ഞ പെൺകുട്ടി. മുഖത്ത് വസൂരിപ്പാടുകൾ. പ്രകാശം ചൊരിയുന്ന കണ്ണുകളും പിച്ചിപ്പൂപോലെ നിരയായ പല്ലുകളും മാത്രമായിരുന്നു അവളുടെ സൗന്ദര്യം. ശങ്കർ നേരെമറിച്ച് അരോഗദൃഢഗാത്രനായ സുന്ദരൻ.

ഞാൻ ശങ്കറിന്റെ മുഖത്തേക്ക് ചോദ്യഭാവത്തിൽ നോക്കി. ഒരേ ഒരു വാചകം. "എന്റെ മനസ്സിലെ സൂര്യകാന്തിപ്പൂവാണ് ഗൗരി."

പെട്ടെന്ന് ഗൗരി കഴുത്തിലെ മാല ഊരി ഒരു ചെറിയ ലോക്കറ്റ് തുറന്നു. രണ്ടു ചെറിയ കുട്ടികൾ പുഞ്ചിരിയോടെ തോളിൽ കൈയ്യിട്ട് നിൽക്കുന്നു. ഞാനോർത്തു. അവളെ കാണുന്നതുമുതൽ ആ മാല അവളുടെ കഴുത്തിലുണ്ട്. ഞാനെല്ലാം അറിഞ്ഞു. രണ്ടു പേരെയും മാറിമാറി നോക്കി. വാക്കുകൾക്കതീതമായ നിഷ്കളങ്ക പ്രേമത്തിന്റെ ജ്യോതിസ്സ് അവരുടെ മുഖത്ത് തെളിഞ്ഞുകണ്ടു. ഒപ്പം ദൃഢനിശ്ചയത്തിന്റെയും. "ദൈവം കൂട്ടിച്ചേർത്ത നിങ്ങൾക്ക് നല്ലതു വരട്ടെ'' ഞാൻ അനുഗ്രഹിച്ചു. അടുത്തുള്ള പൂജാപന്തലിൽ നിന്നും ഒഴുകിവന്ന ഗാനം ഞാൻ ശ്രദ്ധിച്ചു. "കിത്നാ മധുർ, കിത്നാ മധുർ, തേരാ മേരാ പ്യാർ'' അതിന്റെ സാക്ഷാത്ക്കാരമല്ലേ ഞാൻ കുറച്ചുമുമ്പ് കണ്ടത്.

ഇരുപത്തെട്ട് വർഷങ്ങൾക്കു ശേഷം ദക്ഷിണേന്ത്യൻ തീർത്ഥയാത്രക്കിടയിലാണ് ഞങ്ങൾ തിരുപ്പതിയിലെത്തിയത്. ഭഗവൽ ദർശനം കഴിഞ്ഞ് മടങ്ങുന്ന സമയം. ഡയറിയിൽ കുറിച്ചിട്ട ഗൗരിയുടെ മേൽവിലാസം ഓർമ്മവന്നു. ഒന്നു കാണാനുള്ള ആഗ്രഹം. അങ്ങോട്ട് തിരിച്ചു. ഒരു മണിക്കൂർ യാത്ര. സ്ഥലം കണ്ടുപിടിച്ചു. പൂത്തും തളിർത്തും നിൽക്കുന്ന പൂങ്കാവനങ്ങൾ. നെൽപാടങ്ങൾ, പുഞ്ചിരിക്കുന്ന സൂര്യകാന്തിപ്പൂക്കൾ. നടുവിൽ ഒരു ബംഗ്ലാവ്. അതിനോട് ചേർന്ന് മൂന്നുനിലയുള്ള ഹോസ്പിറ്റൽ. മുമ്പിൽ മാർബിളിൽ കൊത്തിവച്ച 'ശിവപാർവതി' വിഗ്രഹം. ഗേറ്റിനുമുകളിൽ വലിയ അക്ഷരത്തിൽ പേര് "ഗൗരി ശങ്കരം'' ഒരു സ്വപ്ന ലോകം. ഗൗരിക്കും ശങ്കറിനും ഒരു മാറ്റവുമില്ല. പഴയ പ്രേമത്തിന്റെ പ്രകാശം ജ്വാലയായി അവരുടെ വാക്കുകളിലും ജീവിതത്തിലും നിറഞ്ഞു നിൽക്കുന്നു. രണ്ടു മക്കൾ. വിനായക്, കാർത്തിക് പേരക്കുട്ടികൾ

ഈ അഭിനവയുഗത്തിലും ഒരു സത്യം ഞാൻ മനസ്സിലാക്കി. മനസ്സെന്ന രത്നാകരത്തിലെ തിരമാലകളെ മാത്രം നാം കാണുന്നു. അതിലും എത്രയോ ആഴത്തിലാണ് കാപട്യമില്ലാത്ത സ്നേഹം അഥവാ മനപ്പൊരുത്തം എന്ന മുത്തുചിപ്പികൾ. വിവാഹം സ്വർഗ്ഗത്തിൽ വച്ച് നടക്കുന്നു എന്ന ആപ്തവാക്യം അർത്ഥപൂർണ്ണമാകുന്നതും അതുകൊണ്ടുമാത്രം. ❑

---

*(ഗരുഡൻ തുടർച്ച .....)*

കൊമ്പൻ തലയാട്ടിക്കൊണ്ടുമിരുന്നു.

തായമ്പക കഴിഞ്ഞ് രാത്രി എട്ടരയോടെ മൂന്ന് ആനയെ കൂട്ടിയെഴുന്നള്ളിപ്പും, മേളവും കഴിഞ്ഞ് പുറത്തുവന്നപ്പോഴേക്കും, കിഴക്കേ നടയിലെ പന്തലും, പന്തലും കഴിഞ്ഞുള്ള പറമ്പും ഒക്കപ്പാടെ ഹൗസ്ഫുള്ളായിക്കഴിഞ്ഞിരുന്നു! "മഹാമാന്ത്രികൻ" സ്മാരക വേദി മറച്ചുകൊണ്ടൊരു ചുവന്ന യവനികയും വീണു കഴിഞ്ഞിരുന്നു. യവനികക്കു പിന്നിൽ ആ സ്മാരകമായ നടനശില്പത്തിന്റെ ശംഖുനാദവും മുഴങ്ങി – പിന്നെ, പിറക്കാനിരിക്കുന്ന ആ വിഷ്ണു വാഹനപ്പക്ഷിയുടെ ഇളം ചിറകടിയൊച്ചയും!...

കർട്ടനൊന്ന് ഉയരുകയേ വേണ്ടൂ, കൈയ്യടി തുടങ്ങാൻ! പിന്നെ ഓരോ പാട്ടിനും ഓരോ വരിക്കും – ഓരോ ദൃശ്യത്തിനും കൈയ്യടിയാണ്. സംശയം വേണ്ടാ –ഓരോ ഇലയനക്കത്തിനുപോലുമവിടെ കൈയ്യടിയാണ്!

എന്തൊരു സദസ്സ്! എന്തൊരാസ്വാദനം!

❖ ❖ ❖ ❖

കർട്ടനുയരുന്നതോടെ, ഹസ്തഘോഷത്തിനിടയിലൂടെ വല്ലതും 'തിരിയു'മെങ്കിൽ, ആ വിഷ്ണുവാഹനം ''മുട്ടവിരിഞ്ഞ്''(!) പുറത്തു ചാടുന്നതിനെപ്പറ്റി ചിലത് വിവരിക്കാൻ ശ്രമിക്കാം...

---

*ഇതിൽ ഏട്ടൻ എന്ന് പറയപ്പെടുന്ന ആൾ തൃപ്പൂണിത്തുറ കൊച്ചുപടിഞ്ഞാറേ കോവിലകത്തെ കുഞ്ഞിപ്പിള്ളക്കുട്ടി തമ്പുരാന്റേയും, തിരുവേഗപ്പുറ കക്കാട്ട്മന രാമൻ നമ്പൂതിരിയുടെയും മകൻ ബാലരാമനാണ്.*

# മലയാളത്തിന്റെ മഹാപ്രതിഭ

ലക്കം നാല് – ഡിസംബർ 2009 ന്റെ തുടർച്ച

ആർ. ശ്രീലതാ വർമ

സാഹിത്യത്തിൽ ഗദ്യത്തിനുള്ള സ്ഥാനം എന്താണെന്ന ചിന്തയ്ക്ക് ഇന്നത്തെ സാഹചര്യങ്ങളിൽ വലിയ പ്രസക്തിയൊന്നുമില്ല. കാരണം ഇന്നു നമുക്ക് പദ്യം പോലും ഗദ്യമായി തീർന്നിരിക്കുകയാണ്. പക്ഷേ ഇത്തരമൊരു ചിന്ത ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും അനിവാര്യമായിരുന്ന ഒരു കാലം നമ്മുടെ സാഹിത്യചരിത്രത്തിലുണ്ട്. അന്ന് പദ്യകൃതികൾക്കായിരുന്നു പരമോന്നതസ്ഥാനം. നാലു പാദം ചേർന്ന ഒരു ശ്ലോകം രചിച്ചാൽ ആരെയും കവി എന്നു വിളിക്കാവുന്ന സ്ഥിതി വിശേഷം. 'ഇന്ദുലേഖ', 'മാർത്താണ്ഡവർമ്മ' തുടങ്ങിയ കൃതികൾ ഇതിനകം പുറത്തുവന്നിരുന്നുവെങ്കിലും പദ്യത്തിനുള്ള മേന്മ ഗദ്യത്തിനും കല്പിക്കാൻ സാഹിത്യരംഗത്തു പ്രവർത്തിച്ചിരുന്ന ഭൂരിപക്ഷം പേരും വിമുഖരായിരുന്നു. ഈ സാഹചര്യത്തിലാണ് ഭാഷയിലും സാഹിത്യത്തിലും ഗദ്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക എന്ന ലക്ഷ്യത്തിൽ എ.ആർ. തന്റെ ശദ്ധ കേന്ദ്രീകരിക്കുന്നത്. അതിന്റെ ഫലമായി 1911–ൽ 'സാഹിത്യ സാഹ്യം' പ്രസിദ്ധീകൃതമായി.

'സാഹിത്യസാഹ്യ'ത്തിന്റെ പീഠികയിൽ ഗദ്യത്തിന്റെയും പദ്യത്തിന്റെയും സൂക്ഷ്മഭേദങ്ങൾ വിശകലനം ചെയ്യുന്നുണ്ട്. ഈ സന്ദർഭത്തിൽ ഇന്ദുലേഖ' മുതലായ ഗദ്യകൃതികൾ കാവ്യങ്ങളാണ് എന്ന് എ.ആർ. അഭിപ്രായപ്പെടുന്നതു നോക്കുക. 'ഇന്ദുലേഖ'യെ കാവ്യമായി ഉൾക്കൊണ്ട 'സാഹിത്യ സാഹ്യ'കാരന്റെ ഭാവുകത്വമല്ലേ ലിരിക്കൽ നോവലിനെക്കുറിച്ചും നോവലിലെ കവിതയെക്കുറിച്ചുമെല്ലാം സംശയം കൂടാതെ സംസാരിക്കാനാകുംവിധം നമ്മുടെ സംവേദനശീലത്തെ രൂപപ്പെടുത്തിയത് എന്ന് നാം സ്വയം ചോദിക്കുന്നു. ഇവിടെ പീഠികയെത്തുടർന്ന് പൂർവഭാഗത്ത് ഗദ്യരചനാരീതികളെക്കുറിച്ചുള്ള വിചിന്തനം കാണാം. ആഖ്യാനം, വർണനം, വിവരണം, ഉപപാദനം തുടങ്ങിയവയാണ് എ.ആർ. നിർദേശിക്കുന്ന ഗദ്യരചനാരീതികൾ. 'വിവരണം', 'ഉപപാദനം' എന്നീ രീതികളുടെ ചർച്ചയിൽ യഥാക്രമം അപഗ്രഥിക്കപ്പെട്ടിട്ടുള്ള ലൗകികവിവരണം (വസ്തുനിഷ്ഠവിവരണം) വിഷയവിശകലനം, വ്യവഹാരചർച്ച എന്നിവ ഇന്നും ഗദ്യരചനാരീതികളിൽ സ്വീകരിക്കപ്പെട്ടുവരുന്നവയാണ്; ബോധപൂർവമായ നിഷ്കർഷയോടുകൂടിയല്ലെങ്കിലും.

ഒരു കൃതി എങ്ങനെ രചിക്കാം എന്നതിനെക്കുറിച്ചാണ് ഉത്തരഭാഗത്തിൽ എ.ആർ. പ്രധാനമായും ചർച്ച ചെയ്യുന്നത്. പദങ്ങൾ ചേർന്ന് വാക്യം, വാക്യങ്ങൾ ചേർന്ന് ഖണ്ഡിക, ഖണ്ഡികകൾ ചേർന്ന് അധ്യായം, അധ്യായങ്ങൾ ചേർന്ന് കാണ്ഡം, കാണ്ഡങ്ങൾ ചേർന്ന് ഗ്രന്ഥം – ഇങ്ങനെയാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ. ചങ്ങലയിൽ കണ്ണികളെപ്പോലെയാണ് ഖണ്ഡികകളിൽ വാക്യങ്ങളെന്നും, വാക്യങ്ങൾ തമ്മിൽ അർഥയോജന ആവശ്യമാണെന്നും ചൂണ്ടിക്കാണിച്ചശേഷം വാക്യങ്ങൾക്കെന്നപോലെ ഖണ്ഡികകൾക്കും പരസ്പര ബന്ധം വേണമെന്ന് പറയുന്നു. ഈ പരസ്പര ബന്ധത്തെ 'സന്ധാനം' എന്നാണ് എ.ആർ. വ്യവഹരിച്ചിട്ടുള്ളത്. ഇന്നു നാം 'സന്ധാനം' എന്നു പറയാതെ ശില്പഭദ്രത എന്നോ ശില്പപരമമായ സമഗ്രത എന്നോ പറയുമ്പോഴും വിവക്ഷിതത്തിന് മാറ്റമുണ്ടാകുന്നില്ല.

**കവിതാരംഗത്ത്**

പരമ്പരാഗതമായ രീതിയനുസരിച്ചുള്ള സംസ്കൃതവിദ്യാഭ്യാസമാണ് ബാല്യത്തിൽ രാജരാജവർമ നേടിയത്. സംസ്കൃതത്തിൽ കാവ്യരചന നടത്താനുള്ള പരിശീലനവും ആ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഉൾപ്പെട്ടിരുന്നു. അഭ്യാസം കൊണ്ടുമാത്രം ആർക്കും സിദ്ധമാകുന്ന ഒന്നല്ലല്ലോ കവിത്വം. സഹജ പ്രതിഭയുണ്ടെങ്കിൽ മാത്രമേ കാവ്യരചനാശിക്ഷണം ഫലവത്താകുകയുള്ളു. കാവ്യരചനയിൽ നൈസ്സർഗികമായ പ്രതിഭയുണ്ടായിരുന്ന രാജരാജവർമയെ സംബന്ധിച്ചിടത്തോളം ഈ ശിക്ഷണം ഏറ്റവും ഫലവത്തായിരുന്നു. പഠനകാലത്ത് തന്നെ അദ്ദേഹം സംസ്കൃതത്തിൽ അനേകം ശ്ലോകങ്ങളും കൃതികളും രചിച്ചു. 'ദേവീമംഗളം', 'രുഗ്മിണീഭരണം' തുടങ്ങിയ കൃതികൾ സംസ്കൃതപഠനകാലത്ത് എ.ആർ. രചിച്ചവയാണ്. 'കാദംബരീസംഗ്രഹം', 'ദേവീദണ്ഡകം', 'വീണാഷ്ടകം', 'ഭംഗവിലാപം', 'പിതൃപ്രലാപം', മേഘോപാലംഭം', 'വിടവിഭാവരി'എന്നിവ അദ്ദേഹത്തിന്റെ പില്ക്കാല രചനകളിൽപ്പെടുന്നു. ഇവയിൽ ഭംഗവിലാപം, പിതൃപ്രലാപം എന്നിവ സ്വാനുഭവങ്ങൾ ആധാരമാക്കി എഴുതിയിട്ടുള്ളവയാണെന്ന വസ്തുത ശ്രദ്ധേയമാണ്. രാജരാജവർമയുടെ മുഖ്യകൃതിയായി വിലയിരുത്തപ്പെട്ടിട്ടുള്ള 'ആംഗലസാമ്രാജ്യം'

23 സർഗങ്ങളുള്ള മഹാകാവ്യമാണ്. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ചരിത്രമാണ് ആംഗലസാമ്രാജ്യത്തിന് വിഷയമായിട്ടുള്ളത്.

സംസ്കൃതത്തിൽ ഇത്രയേറെ കാവ്യങ്ങൾ എഴുതിയ രാജരാജവർമ മലയാളത്തിൽ 'പ്രസാദമാല', 'മലയവിലാസം' എന്നീ രണ്ട് ലഘുകാവ്യങ്ങൾ മാത്രമാണ് എഴുതിയത്. ഇവയിൽ പ്രസാദമാല ശ്രീമൂലം തിരുനാളിന് സമർപ്പിക്കാനായി എഴുതിയ കാവ്യമാണ്. മദിരാശിയിൽ നിന്ന് കേരളത്തിലേക്കുള്ള യാത്രയിൽ സഹ്യപർവതനിരകളുടെ ദൃശ്യം കവിയുടെ മനസ്സിലുണർത്തിയ വികാരവിചാരങ്ങളാണ്. മലയവിലാസത്തിൽ ആവിഷ്കൃതമാകുന്നത്. വസ്തുപ്രതീതിയനുസരിച്ചല്ല ആത്മപ്രതീതിയനുസരിച്ചാണ് സഹ്യപർവതത്തെ കവി വർണിക്കുന്നത്. ആദ്യമായി വൈയക്തികാനുഭവം ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള കൃതി എന്ന നിലയിൽ 'മലയവിലാസ'ത്തിന് നമ്മുടെ കവിതാചരിത്രത്തിൽ സുപ്രധാനമായൊരു സ്ഥാനമുണ്ട്. പ്രസ്തുതകാവ്യം മലയാളകവിതയിൽ കാല്പനിക കാവ്യരീതിക്ക് തുടക്കം കുറിച്ചതായി കണക്കാക്കപ്പെടുന്നു.

സംസ്കൃതത്തിലെ പ്രസിദ്ധങ്ങളായ പല കാവ്യങ്ങളും മലയാളത്തിന് ആദ്യമായി പരിചയപ്പെടുത്തിയത് രാജരാജവർമയാണ്. 1895–ൽ കാളിദാസന്റെ 'മേഘദൂത്' എ.ആർ. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. പരമ്പരാഗതമായ കാവ്യരചനാസമ്പ്രാദയങ്ങൾ പലതും നിരാകരിച്ചുകൊണ്ടായിരുന്നു പരിഭാഷ. സംസ്കൃതപദങ്ങളും പ്രത്യയങ്ങളും വർജിച്ചു. തന്നെയുമല്ല പ്രാസം പരിപാലിച്ചിരുന്നുമില്ല. കവിയുടെ വ്യാപാരമണ്ഡലം വിശാലമാണ്. പ്രാസംപോലുള്ള നിയമങ്ങൾ കാവ്യസൗന്ദര്യത്തെ പരിമിതപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. നിയമങ്ങൾക്കപ്പുറം ഭാഷാകവിതയ്ക്ക് പുതിയൊരു ഭാവതലം സൃഷ്ടിക്കാനാണ് മേഘദൂതിന്റെ പരിഭാഷയിലൂടെ എ.ആർ. ശ്രമിച്ചത്. മേഘദൂതം പരിഭാഷയെ തുടർന്ന് 1898–ൽ 'കുമാരസംഭവം' പരിഭാഷ പുറത്തുവന്നു. സംസ്കൃത കാവ്യങ്ങൾക്കൊപ്പം പ്രസിദ്ധങ്ങളായ സംസ്കൃതനാടകങ്ങളും രാജരാജവർമ്മ അവതരിപ്പിച്ചു. 'അഭിജ്ഞാനശാകുന്തളം' 'മാളവികാഗ്നിമിത്രം' എന്നീ കാളിദാസ നാടകങ്ങൾക്കു പുറമെ ശൂദ്രകന്റെ 'മൃച്ഛകടികം' നാടകവും ഭാസന്റെ 'ചാരുദത്തം' 'സ്വപ്നവാസവദത്തം' എന്നീ നാടകങ്ങളും അദ്ദേഹം പരിഭാഷപ്പെടുത്തി.

**സാഹിത്യനിരൂപണത്തിൽ**

സാഹിത്യനിരൂപണം എന്ന പേരിൽ ഒരു കൃതിയും രാജരാജവർമ്മ രചിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കാലത്ത്, ഇന്നു നാം സാഹിത്യനിരൂപണം എന്നു വ്യവഹരിക്കുന്ന സാഹിത്യശാഖ രൂപംകൊണ്ടിട്ടു തന്നെയില്ലായിരുന്നു. എന്നാൽ ചില പ്രബന്ധങ്ങളിലും അവതാരികകളിലും അദ്ദേഹത്തിന്റെ നിരൂപണ വൈഭവം നമുക്കു കാണാം. 'നളചരിത'ത്തിന്റെ അവതാരികയിൽ കൃതിയുടെ എല്ലാ ഘടകങ്ങളും പ്രത്യേകം ചർച്ച ചെയ്യപ്പെടുന്നു.കുമാരനാശാന്റെ 'നളിനി'യ്ക്ക് എ.ആർ. എഴുതിയ അവതാരിക ഇതിൽ നിന്നു ഭിന്നമാണ്. ഭാവാത്മകതയ്ക്കാണ് 'നളിനി'യുടെ അവതാരികയിൽ മുൻതൂക്കം. 'ഇതിലെ സ്ഥായിയായ രസം ശൃംഗാരം തന്നെയാണ്' എന്നു തീർത്തു പറയുമ്പോൾ സമീപനത്തിലെ ഭാവാത്മകത പൂർണമായും വെളിപ്പെടുകയും ചെയ്യുന്നു. സംസ്കൃത കാവ്യപരിഭാഷകളിലെന്നപോലെ നളിനിയുടെ അവതാരികയിലും പരമ്പരാഗതങ്ങളായ കാവ്യസങ്കേതങ്ങളെ എ.ആർ. നിരാകരിക്കുന്നു.

കവിതയ്ക്ക് രൂപവും ഭാവവുമുണ്ട്; പക്ഷേ ഇവയിൽ ഏതാണ് പ്രധാനം – നമ്മുടെ കവിതാചരിത്രത്തിൽ ഒച്ചപ്പാടുണ്ടാക്കിയ 'പ്രാസവാദം' ഉന്നയിച്ച കാതലായ പ്രശ്നം ഇതായിരുന്നു. ദ്വിതീയാക്ഷരപ്രാസത്തിന് കവിതയിൽ ഒരു നിയമപദവി തന്നെ കൽപിച്ചുകൊടുത്തിരുന്നതുകൊണ്ട്, പ്രാസം പാലിക്കാനുള്ള വ്യഗ്രതയിൽ കവിതകൾ അർഥത്തിന് വേണ്ടത്ര പ്രാധാന്യം നൽകിയിരുന്നില്ല. ഈ നിലപാട് അംഗീകരിക്കാനായില്ല. അതുകൊണ്ട് സ്വാഭാവികമായും അദ്ദേഹം അർഥത്തിനുവേണ്ടി വാദിച്ചു. മറുപക്ഷത്ത് അദ്ദേഹത്തെ എതിർത്തത് അമ്മാവനായ കേരളവർമയായിരുന്നു. പ്രാസവാദത്തിൽ എ.ആർ. സ്വീകരിച്ച പക്ഷം അദ്ദേഹത്തിന്റെ സാഹിതീയാദർശങ്ങളെ നമുക്കു കൂടുതൽ വിശദമാക്കിത്തരുന്നു. പ്രാസം കൂടാതെ എഴുതുന്ന കവിത മാത്രമേ നല്ല കവിതയാകൂ എന്നല്ല എ.ആർ. ചിന്തിച്ചത്; മറിച്ച് അർഥത്തെ കെടുത്തുന്ന ശബ്ദഭംഗി കവിതയ്ക്ക് ആവശ്യമില്ല എന്നായിരുന്നു.

വ്യാകരണരചനയിലൂടെ ഭാഷയെ ചിട്ടപ്പെടുത്തിയ വൈയാകരണൻ, ഭാഷാപുരോഗതിക്കു വേണ്ടി നിരന്തരം പ്രയത്നിച്ച വിദഗ്ധനായ അധ്യാപകൻ, ഗദ്യത്തിനും പദ്യത്തിനും ലക്ഷണ ഗ്രന്ഥങ്ങൾ നിർമിച്ച ശാസ്ത്രകാരൻ, സംസ്കൃതത്തിലും മലയാളത്തിലും കാവ്യങ്ങളെഴുതി സർഗാത്മകത തെളിയിച്ച കവി, സംസ്കൃതത്തിലെ മഹാകാവ്യങ്ങളും നാടകങ്ങളും ഭാഷയ്ക്കു പരിചയപ്പെടുത്തിയ പരിഭാഷകൻ, ഗദ്യത്തിലും കവിതയിലും നവഭാവുകത്വത്തിന് വഴിതെളിച്ച നിരൂപകൻ ഇങ്ങനെ ഏതു നിലയിലും ബഹുതല സ്പർശിയായ ഒരു സാഹിതീയ വ്യക്തിത്വമായിരുന്നു രാജരാജവർമയുടെത്. അതിമാനുഷരുടെ അവതാരം വിരളമായി മാത്രം സംഭവിക്കുന്നു എന്ന് കേരളസാഹിത്യ ചരിത്രകാരൻ പറഞ്ഞത് ഇവിടെ വീണ്ടും സ്മരിക്കാം. ●

*കടപ്പാട്:*
*കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപത്രമായ വിജ്ഞാനകൈരളിയോട്*

സ്ഥലപരിമിതിമൂലം ഇത് കഴിഞ്ഞലക്കത്തിൽ ചേർക്കാൻ സാധിച്ചില്ല



# ശ്ലോകം

**പി.കെ. കുഞ്ഞിയനുജത്തി തമ്പുരാട്ടി**
**ചന്ദ്രപുരി**

പാരം ഘോരതരം നൃസിംഹവടിവാർന്നീ–
ടുന്നൊരാകാരവും
ആളും വൻകനലുജ്ജ്വലിച്ചുപൊഴിയും–
ദീപ്താഭമാം കൺകളും
കാണ്മോർക്കാകെ ഭയാനകം തവവപുസ്സെ–
ന്നാകിലും, ഇന്നു നിൻ
കാരുണ്യാമൃതമേറ്റു ഭക്തർമനമങ്ങാ–
കെ കുളിർക്കുന്നുഹാ

### വഞ്ചിപ്പാട്ട്

നാരായണ! നാരായണ! നാരായണ! നാരായണ!
നാരായണ! നാരായണാനൃസിംഹമൂർത്തെ!
അല്ലലിങ്കൽ മുഴുകുമീ പാവങ്ങളെ യുദ്ധരിപ്പാ–
നല്ലൊ, നെല്ലിക്കോട്ടിൽ വാഴും നൃസിംഹമൂർത്തി!
കനൽജ്ജ്വാലാപൊഴിയുമാകൺകളതിലിന്നങ്ങഹൊ
വഴിയുന്നു കരുണാർദ്രപാനപീയൂഷം
ശുദ്ധസത്വസ്വരൂപിയായ്, ഭക്തർ സംരക്ഷകനായി
ഗുരുവായൂരീങ്കലിന്നും വിളങ്ങിടുന്നു.
അരികൾക്കുനൃസിംഹമായ് മാറിവരുമിന്നും നാഥൻ
അഖിലരുമറിയേണം കരുതീടേണം
തന്നുള്ളത്തിൽ വാഴുമങ്ങെയെങ്ങും കണ്ടീടാതെയല്ലേ?

മന്നൻ ഹിരണ്യനന്നെത്രവലഞ്ഞുഹാഹാ,
എന്നപോലെ നമ്മൾതൻ മനസ്സിങ്കലും കണ്ടീടാതെ
കഴിയുന്നു, ദിനങ്ങളും കൊഴിഞ്ഞിടുന്നൂ
നൃസിംഹമാക്കണ്ണനുണ്ണിയായിത്തന്നേ കളിക്കുന്നു

ഗുരുവായൂർപൂരത്തിങ്കൽ വികൃതിയായി
ഇന്നീ ജനാവലികൾതൻ കണ്ണഞ്ചിക്കും ബാലരൂപം
കൺകുളിർക്കെ കണ്ടീടുവാൻ കനിഞ്ഞീടട്ടെ
ഇന്നീ നമ്മളെല്ലാരേയും പ്രഹ്ലാദന്മാരാക്കി മാറ്റാൻ
തിങ്ങും കാരുണ്യാമൃതത്തെ പൊഴിച്ചിടട്ടെ
ഘോരനരസിംഹാകൃതി വടിവാർന്നു നടിച്ചതാ–
പ്രഹ്ലാദരക്ഷക്കെന്നല്ലെ ചൊല്ലീടുന്നതും
പ്രഹ്ലാദരക്ഷക്കുമാവാം ദേവർതൻ രക്ഷക്കുമാവാം
പാവങ്ങളീലോകർതന്റെ രക്ഷക്കുമാവാം (നാരാ) ●



# ക്ഷത്രിയൻ

**രാജേഷ് വർമ്മ**
മല്ലിശ്ശേരി കോവിലകം

*ക്ഷാത്രതേജസ്സുണർന്നു മനസ്സിന്റെ*
*ക്ഷേത്രഗോപുരദ്വാരത്തിൽ നിന്നു ഞാൻ.*
*മാത്രശങ്കിച്ചുവെങ്കിലും വ്യക്തമായ്*
*എത്ര വിസ്മയം രോമാഞ്ചദായകം.*

*"ക്ഷത്രിയൻ" ഹാ! മനോഹരമാം പദ–*
*മെത്രയർത്ഥമുൾകൊണ്ടതാണാപദം*
*ഗാത്ര തേജസ്സിനപ്പുറം ഭാരത*
*പുത്രർ ഗാഥകളുൾകൊണ്ടൊരാപദം.*

*വീര രാജപഴശ്ശിയും കേരള*
*വർമ്മ കുഞ്ഞുണ്ണി തമ്പുരാൻ എ ആറും*
*ചിത്രഗീതയാൽ പാടും രവിവർമ്മ–*
*ശക്തനും പത്മനാഭന്റെ ദാസനും*
*പൂജ്യരായ് തീർന്ന ധർമ്മ കുലമിതിൽ*
*സജ്ജനിച്ചവർ നമ്മളൊന്നായിനി*
*നാടിനേകുക പൗരുഷം ധർമ്മവും*
*നാടുണരട്ടെ നമ്മളിലൂടിനി.*

*കർണ്ണന്റെ ദാനശീലവും ധർമ്മജൻ*
*തന്നുടെ ധർമ്മബോധവുമുൾകൊണ്ട്*
*നാടുണരണമെങ്കിലധികാരം*
*ക്ഷത്രിയൻ തന്റെ കൈകളിലെത്തണം*

*ഭാസ്കരൻ കവി പാടിയ സൂക്തങ്ങൾ*
*ഉച്ചരിച്ചൂ നാം നമ്മെയറിയുക*
*'എത്ര മാറ്റങ്ങളെത്ര മുന്നേറ്റങ്ങൾ*
*എത്തി നിൽക്കുന്ന നമ്മിലീമാത്രയിൽ'* ●

# ഭൂമികന്യ

മനോജ് വർമ്മ




"വാസ്തവത്തിൽ ഇതെല്ലാം കണ്ണുമടച്ചങ്ങ് വലിച്ച് കേറ്റാൻ ബുദ്ധിമുട്ടാണ്. വളരെ അസ്വാഭാവിക സന്ദർഭങ്ങളും സംഭവങ്ങളും. ചില സിനിമകളിൽ കാണുന്ന കഥ പോലെയാണ്."

ഇൻസ്പെക്ടർ വീണ്ടും കസേരയിൽ വന്നിരുന്നു. ആ പോലീസുദ്യോഗസ്ഥന്റെ കണ്ണുകളിൽ അവിശ്വാസത്തിന്റെ മിന്നൽത്തരികൾ ചിന്നി.

''ഒരു പിഞ്ചുകുഞ്ഞിനെ വെറുതെ നിങ്ങളുടെ കയ്യിൽ തന്ന് പോവുക എന്നൊക്കെ പറഞ്ഞാൽ" – ഫോൺ റിസീവറിൽ അലക്ഷ്യമായി പരുക്കൻ രീതിയിൽ തടവികൊണ്ട് ഇൻസ്പെക്ടർ ചുഴിഞ്ഞ് നോക്കി. നീരസത്തിന്റെയും പരിഹാസത്തിന്റെയും ഒരു നേർത്ത ചിരി മുഖത്ത് തെളിയാൻ ശ്രമിച്ചുവോ?

പരനോടു ആശയവിനിമയത്തിന് വേണ്ടത്ര വാക്കുകൾ കിട്ടാതെ ജീവിതത്തിൽ ആദ്യമായി അയാൾ വിഷമിച്ചു. അവതരിപ്പിച്ച കാര്യങ്ങൾ എങ്ങനെ വീണ്ടും വിശ്വസനീയമായ രീതിയിൽ അവതരിപ്പിക്കും എന്നയാൾ വിഷാദിച്ചു.

''സർ, ഇങ്ങനെയൊക്കെ സംഭവിച്ചതിൽ എനിക്കും അത്ഭുതമുണ്ട്. പക്ഷെ സത്യമാണ്. ഞാൻ തന്നെ ആവശ്യപ്പെട്ടിട്ടാണ് വണ്ടി ഈ സ്റ്റേഷനിൽ എത്തിച്ചത്. നാട്ടിലാകുമ്പോൾ കുറച്ച് കൂടി എളുപ്പമാവുമല്ലോ എന്ന് കരുതി." അയാൾ തന്റെ നിലപാട് അറിയിച്ചു.

ഇസ്പെക്ടർ വെറുതെയൊന്ന് മൂളി.

''നിങ്ങൾ കോയമ്പത്തൂർ പോയി വരാനുള്ള കാരണം?"

അയാൾ വീണ്ടും വിശദമാക്കാൻ ശ്രമിച്ചു.

"സർ, എന്റെ കൂട്ടുകാരനും പഴയ സഹപ്രവർത്തകനുമായ ഒരാളുടെ ഗൃഹപ്രവേശമായിരുന്നു ഇന്ന്. ഞാൻ ഇന്നലെ പോയതാണ്. ഇന്ന് ആ ചടങ്ങിൽ പങ്കെടുത്ത് ഉച്ചക്ക് മടങ്ങിയതാണ്. ടൗൺ വിട്ട് ബസ്സ് നീങ്ങിയപ്പോൾ വഴിക്കേതോ സ്റ്റോപ്പിൽ വെച്ചാണ് ഈ സ്ത്രീകൾ കയറിയത്. നിറയെ തിരക്കുണ്ടായിരുന്നു. എന്റെ തൊട്ട് മുന്നിലുള്ള സീറ്റിൽ ഇവർ ഇരുന്നു. പ്രായക്കൂടുതലുള്ള സ്ത്രീയെയും ചെറുപ്പക്കാരിയേയും കണ്ടപ്പോൾ അമ്മയും മകളുമാണെന്നാണ് ഞാൻ കരുതിയത്."

കുഞ്ഞ് ആരുടെ കയ്യിലായിരുന്നു? ഇൻസ്പെക്ടർ ക്രോസ്സ് വിസ്താരം പോലെ ചോദിച്ചു.

"ചെറുപ്പക്കാരിയുടെ കയ്യിൽ തന്നെ. പ്രായമുള്ള സ്ത്രീ അല്പം കഴിഞ്ഞപ്പോൾ ഉറക്കം ആരംഭിച്ചു. ജനലരികിലെ ഭാഗത്ത് അവരാണ് ഇരുന്നത്. ഈ കുഞ്ഞ് ചെറുപ്പക്കാരിയുടെ തോളിലാണ് കിടന്നിരുന്നത്. നെറ്റിയിൽ സ്ഥാനം തെറ്റി തൊട്ട കറുത്തപൊട്ടും വീർത്ത കവിളുകളും ഇടയ്ക്കിടക്ക് സീറ്റ് കമ്പിയിൽ പിടിച്ച് സാകൂതം നോക്കുന്നതും എനിക്ക് കൗതുകമായി. കാഴ്ചയിൽ ഏകദേശം പത്തുമാസം പ്രായം തോന്നിക്കുന്ന പെൺകുഞ്ഞ്. കറുത്ത നിറത്തിലും ഒരു കുഞ്ഞുമാലാഖയായിരുന്നു അവൾ."

"ഓഹോ, അപ്പോൾ നിങ്ങളിൽ കാവ്യഭാവന വിടരുന്നുണ്ടല്ലോ?" ഇൻസ്പെക്ടർ ഇളകിച്ചിരിച്ചു.

കുഞ്ഞുകരിവളകൾ ഇട്ട കൈ കൊണ്ട് ഇടയ്ക്കിടെ സീറ്റ് കമ്പിയിൽ നിന്ന് പിടി വിട്ട് ഇടംകൈ അപ്പാടെ വായിൽ തിരുകി ക്കയറ്റാൻ ശ്രമിക്കുന്നുണ്ടായിരുന്നു. അഴുക്ക് വായിൽ പോകുമോ എന്ന് കരുതി വിലക്കണം എന്നുണ്ടായിരുന്നു. അതിന്റെ അമ്മ ഇതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല.

"അമ്മയാണെന്ന് അങ്ങോട്ടുറപ്പിച്ചോ?" ഇൻസ്പെക്ടറിൽ അലിവിന്റെ ഈർപ്പമൊന്നും തരിമ്പും ഉണ്ടായിരുന്നില്ല.

''കുഞ്ഞിന്റെ സുരക്ഷിതബോധത്തോടെയുള്ള കിടപ്പ് കണ്ടാൽ പിന്നെ എന്ത് തോന്നും? പക്ഷെ ഇപ്പോൾ എനിക്ക് സംശയമുണ്ട് സർ. ഒരമ്മയ്ക്ക് എങ്ങനെ തന്റെ കുഞ്ഞിനെ ഇങ്ങിനെ ഉപേക്ഷിക്കാൻ തോന്നും?"

"മിസ്റ്റർ, അതിനൊന്നും വിഷമമില്ല. ഇതുപോലെ ധാരാളം കേസുകൾ നിത്യവും കാണുന്നവരാണ് ഞങ്ങൾ. പത്രങ്ങളിൽ നിങ്ങൾ വായിക്കുന്നതല്ലേ, ചോരക്കുഞ്ഞിനെ വേസ്റ്റ് ബാസ്ക്കറ്റിലും കുപ്പത്തൊട്ടിയിലും, ആശുപതി കക്കൂസിലും ഉപേക്ഷിച്ച് പോയി എന്നൊക്കെ ഇതിലൊക്കെ ഒരമ്മ ഉണ്ടാവില്ലേ?"

അയാൾക്ക് മറുപടി ഉണ്ടായില്ല. ജനലഴികളിലൂടെ പുറത്തെ റോഡിലേക്ക് നോക്കി. ലോകത്തിലേക്ക് നോക്കി. ആവാം. എന്തു തന്നെ ആവാം, അയാൾ മനസ്സിൽ സമ്മതിച്ചു.

സമൂഹത്തെ ഭയക്കുന്ന അവിവാഹിതയായ ഒരമ്മ, കുഞ്ഞിനെ പോറ്റാൻ ത്രാണിയില്ലാത്ത അഗതിയായ അമ്മ, തന്നെ നീരാളിക്കൈകൾകൊണ്ട് വരിയുന്ന ക്രൂരമായ ലോകത്തിൽ, തന്റെ കൺമുമ്പിൽ തന്റെ കുഞ്ഞും പിടയുന്നത് കാണാൻ ആഗ്രഹമില്ലാത്ത ഒരമ്മ, തന്നിൽ നിന്നും വേറിട്ട് പോയാൽ തന്റെ ശപ്തജന്മമല്ലാതെ ഒരു മഹാത്ഭുതത്താൽ മറ്റൊരു ശ്രേഷ്ഠ ജന്മം ലഭിക്കുമെന്ന് പ്രാർത്ഥിക്കുന്ന ഒരമ്മ, ആഗ്രഹിക്കാതെ ഇറങ്ങി വന്ന കുഞ്ഞിനെ തള്ളുന്ന ഒരു അഭിസാരിക.

''പെൺകുഞ്ഞ് പിറന്നാൽ ഭയക്കുന്ന ധാരാളം പേർ ഇപ്പോഴുമുണ്ട്.'' ഇൻസ്പെക്ടർ അയാളുടെ ചിന്തയെ മുറിച്ചു.

''അതാകുമൊ ആ തമിഴ് സ്ത്രീ...'' അയാൾക്ക് മുഴുമിക്കാൻ കഴിഞ്ഞില്ല.

“ഏത് തമിഴ് സ്ത്രീ. എടോ, തമിഴ്നാട്ടിൽ നിന്ന് ഒരു സ്ത്രീ കയറിയാൽ അതു തമിഴു സ്ത്രീയാകുമോ? തമിഴത്തി കേരളത്തിലേക്ക് വന്നതാണോ അതോ മലയാളത്തി തമിഴ്നാട്ടിൽ നിന്ന് മടങ്ങുന്നതാണോ എന്നാർക്കറിയാം? ഒരു സ്ത്രീയെന്നല്ല അറിയൂ. പിന്നെ പാലക്കാട്ടുനിന്നാണ് തന്റെ കയ്യിൽ കുഞ്ഞിനെ തന്നതെന്ന് താൻ പറയുന്നു. തന്റെ കഥയിലെ ക്രൂഷ്യൽ പോയിന്റ്.”

“കഥയല്ല സർ, സത്യം” – അയാൾ ചകിതനായി.

“ഇടക്ക് വെച്ച് ഞാൻ മയങ്ങിപ്പോയിരുന്നു. പാലക്കാട് സ്റ്റാന്റിൽ എത്തിയപ്പോഴാണ് ഉണർന്നത്. സ്ത്രീ കുഞ്ഞിനെയും എടുത്ത് നിന്ന് ചുറ്റും നോക്കുകയായിരുന്നു. ജനാലസീറ്റിലെ പ്രായമായ സ്ത്രീ ഗംഭീര ഉറക്കവും. ഉണർന്ന എന്നെ കണ്ടതും കുഞ്ഞിന്റെ വായിൽ കൈചേർത്തുവെച്ച് കുഞ്ഞിന് ഭക്ഷണം വാങ്ങിവരട്ടെയെന്ന് അവർ ആംഗ്യം കാണിച്ചു. അമ്മയെ ഉണർത്തി ബുദ്ധിമുട്ടിക്കേണ്ട എന്ന് കരുതിയാകും എന്ന് വിചാരിച്ച് ഞാൻ തലയാട്ടി. പൊടുന്നനെ കുഞ്ഞിനെ എന്റെ മടിയിൽ വെച്ച് അവർ ഇറങ്ങിപ്പോയി.”

''പഠിച്ചപുള്ളിയാണല്ലോ അവൾ.''

ഇൻസ്പെക്ടർ താൻ പഠിച്ച ക്രിമിനൽ സൈക്കോളജി അയവിറക്കി.

''എടോ, സംസാരത്തിൽ നിന്നു പോലും ഏതു നാട്ടുകാരിയാണെന്ന് അറിയാതിരിക്കാൻ വേണ്ടിയാവും ആംഗ്യം കാണിച്ചത്. ഇനി ശബ്ദത്തിൽ നിന്നു പോലും ആരും അവളെ തിരിച്ചറിയാതിരിക്കാൻ.''

“ആയിരിക്കാം, സർ. പക്ഷെ, ഡ്രൈവറുടെയും കണ്ടക്ടറുടെയും ചായകുടി കഴിഞ്ഞ് ബസ്സ് പുറപ്പെടാൻ തുടങ്ങിയപ്പോഴും അവർ തിരിച്ചു വന്നില്ല.”

“നല്ല തമാശ. അപ്പോൾ താൻ കുഞ്ഞിനേയും തരമാക്കി പോരാൻ നിശ്ചയിച്ചോ?” ഇൻസ്പെക്ടറുടെ തമാശ അയാൾക്കു രസിക്കാൻ കഴിഞ്ഞില്ല.

“അല്ല സർ. ഞാൻ ജനാലസീറ്റിലെ സ്ത്രീയെ വിളിച്ചുണർത്തി. നിങ്ങളുടെ മകളെ കാണുന്നില്ലെന്നും കുട്ടിയെ എടുക്കണമെന്നും പറഞ്ഞു. അപ്പോഴാണ് അവർ തനിക്കാരെയും അറിയില്ലെന്നും നമ്മുടെ നാട്ടിലെ ഫ്ളാറ്റ് നിർമാണത്തൊഴിലാളിയായി വരികയാണെന്നും പറഞ്ഞത്. അവർ കയറിയ സ്റ്റോപ്പിൽ നിന്ന് പലരും കയറിയിട്ടുണ്ടാവാമെന്നും കൂടെ ഇരുന്നവരെല്ലാം ബന്ധുക്കളാകുന്നത് എങ്ങനെ എന്നും തമിഴിൽ ചോദിച്ചു. ഞാൻ ആകെ അന്ധാളിച്ചു പോയി.”

“എന്നാൽ പിന്നെ അപ്പോൾ തന്നെ പാലക്കാട്ടിറങ്ങി ആളുകളേയും കൂട്ടി തിരയാത്തത് എന്ത്?”

തന്റെ പരിധിയിലേക്ക് ഈ വയ്യാവേലികൊണ്ടുവന്നത് എന്തിന് എന്നാണോ ഇൻസ്പെക്ടർ ഉദ്ദേശിക്കുന്നത്.

''ഞാൻ നേരത്തെ പറഞ്ഞില്ലേ സർ, അപരിചിതമായ ഒരു സ്ഥലത്ത് ഒറ്റക്ക്, ആകെ പരിഭ്രമിച്ച്, എന്തുചെയ്യണം എന്നറിയാതെ. പിന്നെ സഹയാത്രികർ ആരും സഹായിക്കാൻ വന്നില്ല. എന്തിന് ഏടാകൂടങ്ങളിൽ ചാടുന്നു എന്ന് കരുതി എല്ലാവരും അവരവരുടെ തുരുത്തിൽ ഇരുന്നതേയുള്ളൂ. പിന്നെ കണ്ടക്ടറോട് ഞാൻ തന്നെയാണ് പറഞ്ഞത് ഇങ്ങോട്ട് വരാൻ.''

ഊം – മൂളിക്കൊണ്ട് ഇൻസ്പെക്ടർ ഫോൺ റിസിവർ എടുക്കാതെ വെറുതെ ഡയൽ തിരിച്ച് കൊണ്ടിരുന്നു.

“ഇനി കുറെ ചിട്ടവട്ടങ്ങൾ ഉണ്ട്. നിയമത്തിന്റെ ചില അംഗീകാരങ്ങൾ, അനുമതികൾ. കുഞ്ഞിനെ ചില അനാഥാലയങ്ങളിലോ, സന്നദ്ധസേവാസംഘടനകളിലോ എത്തിക്കണം.” ഇൻസ്പെക്ടർ ജോലിയുടെ പൊല്ലാപ്പുകൾ ആലോചിച്ച് തുടങ്ങി.

“സർ, ഇവൾ ഒരനാഥയായി വളരണമോ?” അയാളുടെ തൊണ്ടയിൽ ഒരു കനത്ത മഞ്ഞുകട്ട കുരുങ്ങി നിന്നു.

“ഓഹോ, അപ്പോൾ കുഞ്ഞിനേയും എടുത്ത് ഒരു ജനകമഹാരാജാവായി വീട്ടിലേക്കു കയറിച്ചെന്നാൽ തന്റെ ഭാര്യ സമ്മതിക്കുമോടോ? ഒരു പക്ഷെ തന്റെ കഥകൾ ഒന്നും വിശ്വസിച്ചെന്ന് വരില്ല. തന്റെ ഇതുവരെയുള്ള ഗുഡ് വില്ലിന്റെ വരെ അടിവേര് ഇളകി

യേക്കാം" – ഇൻസ്പെക്ടർ പൊട്ടി ച്ചിരിച്ചു.

അങ്ങനെ വരുമോ? അയാൾ സന്ദേഹിച്ചു.

രണ്ടാമത്തെ മകനെ ഗർഭം ധരിച്ചിരുന്ന സമയത്ത് മായ തന്റെ ആഭരണക്കുടുക്കയിൽ നിന്ന് തന്റെ പഴയ കുഞ്ഞുകമ്മൽ എടുത്ത് പുറത്തുവെച്ചു നോക്കുന്നത് കണ്ട്, ഇതെന്തിനാണ് എന്ന് ചോദിച്ച പ്പോൾ "വെറുതെ" എന്ന് പറഞ്ഞ് ഗൂഢമായി ചിരിക്കുകയാണ് അവൾ ചെയ്തത്. ഒരു കുഞ്ഞു പാദസരത്തിന്റെ വെള്ളിത്തിളക്കം അവളുടെ കണ്ണുകളിൽ മിന്നിമറയു ന്നുണ്ടായിരുന്നു. ഗർഭം തികഞ്ഞ് നടക്കാൻ ബുദ്ധിമുട്ടുവന്നപ്പോൾ സന്ധ്യക്ക് കൂവളത്തറയിലെ ഗണ പതിക്ക് വിളക്കുവെയ്ക്കാൻ തന്നോട് പറഞ്ഞ് അവൾ ഇങ്ങനെ സമാശ്വസിപ്പിക്കുക കൂടി ചെയ്തു. "കുറച്ച് നാൾ കൂടി മാത്രം ഇതിന് ബുദ്ധിമുട്ടിയാൽ മതിയാവും."

വനിതാപോലീസിന്റെ ശബ്ദം അയാളെ ധ്യാനത്തിൽ നിന്ന് ഉണർത്തി.

"കാന്റീനിൽ നിന്ന് ചൂടുപാൽ വാങ്ങിച്ചു കൊടുത്തിട്ടുണ്ട് സർ" കുഞ്ഞിനെ തോളിൽ കിടത്തി മുതുകത്ത് പതുക്കെ തട്ടിക്കൊണ്ട് അവർ കടന്ന് വന്നു.

"കുഞ്ഞിനെ വാങ്ങിച്ചോളൂ" ഇൻസ്പെക്ടറുടെ ശബ്ദം അയാളെ അത്ഭുതപ്പെടുത്തി.

"എടോ, തല്ക്കാലം ഞാൻ രേഖയൊന്നും ഉണ്ടാക്കുന്നില്ല. അല്പദിവസം കൂടി കാക്കട്ടെ. എവിടെ നിന്നെങ്കിലും 'ചൈൽഡ് മിസ്സിംഗ്' കേസ്സ് വരുന്നുണ്ടോ എന്ന് നോക്കട്ടെ. ഇനി ഒരന്വേഷ ണവും വന്നില്ലെങ്കിൽ നേരത്തെ പറഞ്ഞപോലെ നിയമത്തിന്റെ വരകളിൽ കൂടി കൊണ്ടുപോകാം. അതുവരെ തന്റെ കയ്യിൽ തന്നെ ഇരിക്കട്ടെ. പിന്നെ തന്റെ മേൽ വിലാസം വെച്ച് തന്നെ പൊക്കാൻ വലിയ ബുദ്ധിമുട്ട് ഒന്നുമില്ല."

തൊപ്പിയെടുത്ത് തലയിൽ വെച്ച് ഇൻസ്പെക്ടർ എഴുന്നേറ്റു.

"വരൂ, ഇന്ന് തന്റെ റൂട്ടിൽ തന്നെയാണ് എനിക്ക് പോകേണ്ട ത്. ഹൈവേയിൽ വി.ഐ.പി.ക്ക് എസ്കോർട്ട് പോകണം. അതിർത്തി കടത്തി വിടുംവരെ. തന്നെ വഴിയിലിറക്കിത്തരാം."

വീട്ടിലേക്ക് തിരിയുന്ന വഴി യിൽ ജീപ്പ് നിർത്തി ഇറങ്ങിയ പ്പോൾ അയാൾ പറഞ്ഞു – "സർ, ഈ കയറ്റം കയറിയിറങ്ങിയാൽ എന്റെ വീട്ടിലെത്താം.

അലസമായി വഴിയിലേക്ക് നോക്കി ഉദ്യോഗസ്ഥൻ പറഞ്ഞു.

"അതൊന്നും ഒരു പ്രശ്നമേ യല്ലടോ എനിക്ക്. ഇത് ഞങ്ങൾ പട്രോളിങ്ങിന് വരുന്ന വഴിയാണ്. വീടൊക്കെ ഞാൻ തപ്പിപ്പിടിച്ചോ ളാം. ഇപ്പോൾ എനിക്ക് പിടിപ്പത് പണിയുണ്ട്. എന്തായാലും കുറച്ച് ദിവസം കഴിഞ്ഞ് ഞാൻ വരും. കുഞ്ഞിന്റെ കാര്യം എന്ത് വേണ മെന്ന് അപ്പോൾ നിശ്ചയിക്കാം."

അയാളുടെ നന്ദിവചനം കേൾക്കാതെ ജീപ്പ് മുരണ്ട് പോയി.

കുഞ്ഞിനെ തോളിലിട്ട് അയാൾ കയറ്റം കയറി ഇറങ്ങാൻ തുടങ്ങി. ദൂരെ കിഴക്കെ ചക്രവാള ത്തിൽ തിളങ്ങുന്ന സാന്ധ്യതാരം അയാൾ കണ്ടു. പതുക്കെ, പതുക്കെ മറ്റു നക്ഷത്രങ്ങളും ചിരി ക്കുന്നത് ദൃശ്യമായി. വിദൂര ജന്മ ങ്ങളിലെങ്ങോ നിന്ന് എന്നപോലെ ഒരു തണുത്ത കാറ്റ് മന്ദം അവരെ തഴുകി കടന്ന് പോയി. പെട്ടെന്ന് കുഞ്ഞ് കാതരമായി ഒരു ശബ്ദം ഉണ്ടാക്കി. ഒരു ചിരി. ആഹ്ലാദ ത്തിന്റെ ഒരു പൂത്തിരി. പതുക്കെ കരിവളയിട്ട കുഞ്ഞുകൈകൾ അയാളുടെ കഴുത്തിൽ മുറുക്കി. തലയല്പം ചരിച്ച് അയാളുടെ കണ്ണിൽ നോക്കി. മിന്നുന്ന ഒരു കുഞ്ഞുതാരകം കൺകളിൽ. അയാൾക്ക് പരിചിതമായ ഒരു വെള്ളി വെളിച്ചം. ഏതു ചക്രവാ ളത്തിൽ, ഏത് ജന്മത്തിലാണ് താനത് കണ്ടത്? അയാൾക്ക് ഓർമ്മ വരുന്നില്ല. തൊണ്ടയിൽ കുരുങ്ങിയ ഗദ്ഗദത്തിന് സന്തോഷം എന്നും അർത്ഥ മുണ്ടെന്ന് അയാൾ അറിഞ്ഞു. ഒരു ജീപ്പിന്റെ മുരൾച്ച ദൂരെ ചിതറി വീണു. അയാൾ കുഞ്ഞിനെ നെഞ്ചിലെ ചൂടിൽ ചേർത്ത് വെച്ച്, വീടിനെ ലക്ഷ്യമാക്കി നടന്നു. ●

## ശ്രീ. സി.കെ. രവീന്ദ്രവർമ്മയെ ആദരിച്ചു

സംസ്ഥാന സംഗീതനാടക അക്കാദമിയുടെ 'ഗുരുപൂജാ' പുരസ്കാരം നേടിയ ചിറയ്ക്കൽ കോവിലകത്ത് ശ്രീ രവീന്ദ്രവർമ്മ യെ ക്ഷത്രിയക്ഷേമസഭയുടെ വാർഷികസമ്മേളനത്തിൽ ആദ രിച്ചു. ക്ഷത്രിയൻ അവകാശ ത്തിനും അധികാരത്തിനും വേണ്ടി സംഘടിക്കണമെന്ന് ചട ങ്ങിൽ സംസാരിക്കവേ ശ്രീ രവീ ന്ദ്രവർമ്മ അഹ്വാനം ചെയ്തു. മൃഗീയ ഭൂരിപക്ഷത്തിന്റെ ചവിട്ടു പടിയിലാണ് ശരിയായ ന്യൂനപ ക്ഷങ്ങളായ ക്ഷത്രിയരും മറ്റും. നമുക്ക് നഷ്ടപ്രതാപം വീണ്ടെടു ക്കണം. കുമാരനാശാന്റെയും ഉള്ളൂരിന്റെയും മറ്റും കാവ്യശക ലങ്ങളുടെ ഉദ്ധരണിയോടെ സംഘടന ശക്തിപ്പെടുത്തേണ്ട തിന്റെ ആവശ്യകതയെക്കുറിച്ച് സഭാംഗങ്ങളെ ഉദ്ബോധിപ്പിക്കു ന്നതായിരുന്നു ശ്രീ രവീന്ദ്രവർമ്മ യുടെ വാക്കുകൾ.

നൊസ്റ്റാൾജിയ

## എന്റെ ഗ്രാമം – 10

# ശങ്കരപ്പൻ

**കെ. ഹരികൃഷ്ണ വർമ്മ**

നാട്ടിൻപുറങ്ങളുടെ ഓർമ്മകൾ മധുരമായി നമ്മളിലേക്ക് ഓടിയെത്തുന്നത് നാം ആ നാടുവിട്ടു നഗരത്തിൽ കുറച്ചുനാൾ കഴിയേണ്ടിവരുമ്പോഴാണ്, പ്രത്യേകിച്ചും ഒരു വാടകക്കാരനായിട്ട്. നാടുവിട്ടു പോകുന്നത് മറ്റു ഗ്രാമപ്രദേശങ്ങളിലേക്കായാലും ഫലം മറ്റൊരു തരത്തിലാവാൻ വഴിയില്ല. ഞങ്ങളുടെ നാട്ടിൽ അൻപത് വർഷങ്ങൾക്കു മുൻപു സ്ഥലം വാങ്ങിയ മറ്റു നാട്ടുകാർ ഉണ്ട്. പക്ഷെ അവരെപ്പറ്റി പറയുമ്പോൾ തിരുവിഴക്കാർക്ക് ഒരകൽച്ച ഇപ്പോഴുമുണ്ട്. 'ആലപ്പുഴക്കാർ' എന്നും, 'മായിത്തറക്കാരന്റെ നിലം' എന്നും 'പള്ളിപ്പുറത്തുകാരന്റെ പുരയിടം' എന്നും മറ്റുമേ ഇപ്പോഴും ഞങ്ങളുടെ നാവിൽ വരൂ. തിരുവിഴയിൽ സ്റ്റീൽ പ്ലാന്റ് വന്നിട്ട് മുപ്പതു വർഷത്തിലധികമായിട്ടും ഇപ്പോഴും അവിടെ സ്ഥലം വാങ്ങി വീടുവച്ച് സ്ഥിരതാമസമാക്കിയ പലരും 'സിൽക്കി'ലെ ജോസും, സിൽക്കിലെ ഭക്തനും, സിൽക്കിലെ രാജനും' മറ്റും ആയിത്തന്നെ കഴിയുന്നു.

ശങ്കരൻചെട്ടിയാർ അര നൂറ്റാണ്ടിലധികം തിരുവിഴയിൽ നിറഞ്ഞുനിന്നിരുന്ന ഒരു പ്രധാന കഥാപാത്രമായിരുന്നു. ഞങ്ങളുടെ നാട്ടിൽ ഈ വിഭാഗക്കാരുടെ നാലഞ്ചു കുടുംബങ്ങളേ ഉള്ളൂ, അന്നും ഇന്നും. വാണിയ സമുദായക്കാരായ ഇവരുടെ സംഘടനയുടെ പേർ 'വണിക വൈശ്യ സംഘം' എന്നാണ്. മരച്ചക്കുകൾ ഉപയോഗിച്ചു എണ്ണ ആട്ടലാണ് ഇവരുടെ കുലത്തൊഴിൽ. നാട്ടിൽ അന്നൊക്കെ തെങ്ങു കയറിയാൽ വീട്ടാവശ്യത്തിനുള്ള നാളികേരത്തിനു പുറമെ വെളിച്ചെണ്ണയ്ക്കായും കുറച്ചു നാളികേരം വെട്ടി ഉണക്കി കഷണങ്ങളാക്കി അടുത്തുള്ള വാണിയന്റെ വീട്ടിൽ എത്തിക്കുകപതിവാണ്. നാളികേരത്തിന്റെ കാര്യത്തിൽ 'ഇട്ടെട്ട് പൊതിച്ചെട്ട്, വെട്ടിയെട്ട്' എന്നായിരുന്നു പ്രമാണം. തൃശൂർ പൂരത്തിലെ ഇലഞ്ഞിത്തറമേളത്തിന്റെ പ്രമാണമല്ല. ആട്ടാൻ കൊണ്ടുചെന്നാൽ അത് ഉടമസ്ഥന്റെ മുൻപിൽ വെച്ചുതന്നെയാണ് ആട്ടികൊടുക്കുന്നത്. പറഞ്ഞപ്പോൾ വേഗം കഴിഞ്ഞു, എങ്കിലും എണ്ണയാട്ടൽ മണിക്കൂറുകൾ നീളുന്ന ഒരു പ്രക്രിയയാണ്. കൊണ്ടുവരുന്നവർക്കോ ജോലി ചെയ്യുന്നവർക്കോ സമയം ഒരു പ്രശ്നമേ അല്ല എന്നതാണേറ്റം രസകരം. ഏറ്റം വന്നാലിത്ര വരാമോ എന്നു കുഞ്ചൻ നമ്പ്യാർ. ആട്ടുന്നതിനു കൂലിയും എണ്ണ തന്നെയാണ്. കൂലിയൊക്കെ പറഞ്ഞാൽ ഒരു വഹയാണുതാനും. ആ സന്നിഗ്ദ്ധഘട്ടത്തിൽ ആട്ടുന്നവനു മോഷ്ടിക്കാതെ തരമില്ലെന്നു വരുന്നു. ചക്കുകണ 'വെർട്ടിക്കൽ' ആയി ചക്കിനകത്തു നിർത്തി കൊപ്ര കഷണങ്ങൾ ചക്കിലേക്കിടുന്നു. അതിനുശേഷം ചക്കിന്റെ താഴ്ഭാഗത്തു 'ഹൊറിസോണ്ടൽ' ആയുള്ള പലകയുടെ അറ്റത്തേക്കു വേറൊരു മരം തന്നെ ഉപയോഗിച്ചു ചക്കുകണ യോജിപ്പിക്കുന്നു. അപ്പോൾ ചക്ക് ആകാശത്തേക്കു നോക്കിനിൽക്കുന്ന ഒരു ത്രികോണം പോലെ ആകും. അതിനു ശേഷം വാണിയ സ്ത്രീ (വാണിച്ചി എന്നു നാടൻ പ്രയോഗം) മരം ഉന്തിക്കൊണ്ട് ചക്കിനു ചുറ്റും വലത്തുവെയ്ക്കാൻ തുടങ്ങുന്നു. വാണിയൻ കൊപ്ര കഷണങ്ങൾ ഇളക്കിക്കൊണ്ട് ചക്കിനരികിൽ തന്നെ നിൽക്കും. നാഴികകൾ പിന്നിടുമ്പോൾ ചക്കിന്റെ ഒരു വശത്തുള്ള ഓവിൽ കൂടി വെളിച്ചെണ്ണ പ്രവഹിക്കാൻ തുടങ്ങും. അപ്പോൾ ചക്ക് ഉന്തുന്ന ജോലി മക്കളെ ആരെയെങ്കിലും ഏൽപ്പിച്ചിട്ട് വാണിച്ചി അകത്തേക്കു പോകും. എണ്ണ ഒഴുകിവരുന്ന ഓവിൽ വലിയ തുണിക്കഷണം കൊണ്ട് തുടച്ചുകൊണ്ടാണ് വാണിയന്റെ അപ്പോഴത്തെ നിൽപ്പ്. അകത്തേക്കു പോയ ഭാര്യ പ്രത്യേകിച്ചു കാരണങ്ങളൊന്നുമില്ലാതെ ഭർത്താവിനെ പ്രകോപിപ്പിക്കാനും പ്രകോപിതനായ ഭർത്താവ് പ്രതികരിക്കാനും തുടങ്ങും. ഈ സമയം കൊപ്രയുടെ ഉടമസ്ഥൻ ഇതികർത്തവ്യമൂഢനായി ചക്കിനടുത്തു നിൽക്കുകയാകും. കോലാഹലത്തിന്റെ പാരമ്യത്തിൽ വാണിയൻ 'നിന്നെ അങ്ങനെ വിട്ടാൽ പറ്റില്ല' എന്നാക്രോശിച്ചുകൊണ്ട് അകത്തേക്കു ശരവേഗത്തിൽ പാഞ്ഞുപോകും. തുടച്ചുകൊണ്ടിരിക്കുന്ന തുണിക്കഷണം കയ്യിലുള്ള കാര്യം കാണികൾക്കു ശ്രദ്ധിക്കാനിടം കിട്ടാറില്ല ഒരിക്കലും. പിന്നീട് അകത്ത് ബഹളങ്ങളും ഇടിയുടെ ശബ്ദവുമൊക്കെ കേൾക്കാം. അൽപ്പം കഴിഞ്ഞ് ഭർത്താവ് സമാധാനപൂർവം പുറത്തേക്കു വരും. ഈ പ്രകടനം പല തവണ ആവർത്തിക്കും. അപ്പോ

ഴേക്കും ഇടങ്ങഴിയിലധികം വെളി ച്ചെണ്ണ അടുക്കയിലെത്തിയിരിക്കും. നടപ്പുകൂലിയല്ലാതെ ഒരാർത്തിയും അവർ കാണിക്കാറേ ഇല്ല!!!

ഇവരുടെ കുത്തകയായി വില്ല ടിച്ചാൻപാട്ട് എന്നൊരു കലാരൂപം ഒരു കാലത്ത് കൊണ്ടുനടന്നിരുന്നു. മണികൾ കെട്ടിയ ഒരു വലിയ വില്ലും വില്ലിന്മേൽ അടിക്കാൻ കിലുങ്ങുന്ന രണ്ടു വടികളും തോൽ പൊതിഞ്ഞ ഒരു ചെമ്പു കുടവും രണ്ടു കൈമണികളും ചേരുമ്പോൾ വാദ്യോപകരണങ്ങ ളെല്ലാമായി. വില്ലിൽ അടിക്കാൻ രണ്ടുപേരും കുടം കൊട്ടാൻ ഒരാളും കൈമണിക്കു രണ്ടുപേരും ചേർന്നാൽ ഒരു ചെറിയ ട്രൂപ്പായി. മധുരാപുരിയും അയ്യപ്പചരിതങ്ങളും ചേർന്ന തമിഴ് ചുവയുള്ള പാട്ടുക ളാണിവർ പാടി കേൾക്കാറുള്ളത്. മണ്ഡലക്കാലത്തിന്റെ അവസാന നാളുകളിലെ അയ്യപ്പൻ പാട്ടിനാണ് വില്ലടിച്ചാൻപാട്ട് ഞങ്ങൾ കാണു ന്നതും കേൾക്കുന്നതും.

പറഞ്ഞുപറഞ്ഞു ശങ്കരൻ ചെട്ടിയാരെ മറന്നു. ശങ്കരപ്പൻ ചെട്ടിയാർ എന്നാണു നാട്ടിലെ വിളിപ്പേര്. എന്റെ ഓർമ്മ വെച്ച നാൾ മുതൽ ചെട്ടിയാർ തിരുവിഴ യിലും സമീപപ്രദേശങ്ങളിലും പരക്കെ അറിയപ്പെടുന്ന തേങ്ങ കച്ചവടക്കാരനാണ്. തികഞ്ഞ ഒരു പലിശക്കാരനും ആറടിയോളം ഉയ രവും, കറുത്ത് ഉറച്ച് ശ്മശ്രുരഹി തമായ ശരീരഘടനയും കയ്യു കൾക്കും കാലുകൾക്കും സാമാന്യ ത്തിൽ കുറച്ചധികം നീളവും മുഷി ഞ്ഞതെങ്കിലും മൽമൽ മുണ്ടും ഒരു തോർത്തും കാതിൽ വില്ലുവെച്ച കടുക്കനുമായാൽ ശങ്കരപ്പൻ ചെട്ടി യാരായി. പിശുക്ക് പഠിക്കമെന്നുള്ള വർക്ക് ചെട്ടിയാരുടെ കൂടെ ഒരു മണിക്കൂർ നടന്നാൽ മതി. പിശുക്കു പരീക്ഷയിൽ ഡോക്ടറേറ്റ് ഉറപ്പാ യും ലഭിക്കും. പക്ഷെ അദ്ദേഹത്തി ന്റെയൊപ്പം നടക്കാനും വളരെ വിഷമമാണ്. ഒരു ചുവടു വെച്ച് അടുത്ത ചുവട് അഞ്ചടി അകല ത്തിലാണു വയ്ക്കുന്നത്. ഒരു മൈൽ നടക്കാൻ പത്തു മിനിട്ടു പോലും ചെട്ടിയാർക്കു വേണ്ടി വരില്ല. അക്കാലത്തെ കണക്കു പ്രകാരം പവനു ആയിരത്തി അഞ്ഞൂറു രൂപക്കു താഴെ വില ഉള്ളപ്പോൾ അഞ്ചു ലക്ഷത്തിലധി കം രൂപയും മുന്നൂറിലധികം പവൻ സ്വർണവും കൈവശം ഉണ്ടായിരു ന്നതായാണു അടുത്ത വൃത്തങ്ങൾ പറഞ്ഞിട്ടുള്ളത്. വീടിന്റെ മദ്ധ്യഭാ ഗത്തുള്ള 'അറ' എന്ന മുറിയി ലാണു പണയവസ്തുക്കളും സമ്പാദ്യങ്ങളും ചെട്ടിയാർ സൂക്ഷി ക്കാറുള്ളത്. ഇത്രയും സ്വർണ്ണം കൈവശമിരിക്കുമ്പോഴും ഭാര്യ യ്ക്കോ മക്കൾക്കോ ഒരു തരി സ്വർണ്ണം ആ കൈകളിൽ നിന്നും കിട്ടുകയില്ല.

രണ്ടാമത്തെ മകൻ കല്യാണ ദിവസം അമ്മ മുഖാന്തിരം ഒര പേക്ഷ സമർപ്പിച്ചു. ഒരു മോതിരം അന്നത്തേക്കു മാത്രം കൊടുക്കു ന്നതിന്. ശങ്കരപ്പൻ അപേക്ഷ അനു വദിച്ചു. അറയിൽ കയറി പെട്ടി തുറന്ന് ഒരു വലിയ കടലാസു പൊതി എടുത്തുകൊണ്ടുവന്നു നിവർത്തി. നൂറിലധികം മോതിര ങ്ങൾ ആ പൊതിയിൽ ഉണ്ടായി രുന്നു. ചങ്കു പൊട്ടുന്ന വേദന യോടെ തൽക്കാലത്തേക്ക് ഒരു മോതിരം മകന്റെ കയ്യിൽ വെച്ചു കൊടുത്തു.

നാളികേരം കൊടുത്തതിന്റെ പണം വാങ്ങാൻ പലപ്പോഴും പിതാശ്രീ എന്നെയാണ് പറഞ്ഞയ ക്കാറുള്ളത്. അങ്ങനെ ചെന്ന ഒരു പ്രഭാതത്തിൽ, ഞാൻ അദ്ദേഹ ത്തിന്റെ മുറ്റത്തു നിൽക്കുകയാണ്. എന്നെ കണ്ടിട്ട് ഏരിപുരയിൽ നിന്നും ചെട്ടിയാർ പുറത്തേക്കു വന്നു. പണമെടുക്കാൻ വീടിനുള്ളി ലേക്കു കയറിയ ശങ്കരപ്പൻ കണ്ടത് അറയുടെ വാതിൽ തുറന്നുകിടക്കു ന്നതാണ് "എന്റെ എല്ലാം പോയേ' എന്നലറിക്കൊണ്ട് ചെട്ടിയാർ സ്വന്തം നെഞ്ചത്ത് അതിശക്തി യായി മൂന്നുനാല് ഇടി ഇടിച്ചു. ഇത്തരം ഒരു പ്രകടനം കണ്ടു ശീലമില്ലാത്ത ഞാൻ ഏറെ വിരണ്ടു. വീട്ടുകാർ എല്ലാവരും ഓടി വന്നു അറയിൽ കയറി പരി ശോധിക്കാൻ ശ്രമിച്ചപ്പോൾ ചെട്ടി യാർ അതും തടഞ്ഞു. അറയിലെ ദ്രവ്യങ്ങൾ തിട്ടപ്പെടുത്താൻ മറ്റാർക്കും അവകാശമില്ല. അദ്ദേ ഹം തന്നെ കയറി നോക്കിയപ്പോൾ ഒന്നും നഷ്ടപ്പെട്ടിട്ടില്ല എന്നു ബോദ്ധ്യപ്പെട്ടു.

ആഴ്ചയിൽ രണ്ടു തവണ ഓരോ ഉന്തുവണ്ടി നിറയെ കൊപ്ര ചെട്ടിയാർ ചേർത്തല 'കന്നിട്ട' യിലെത്തിക്കും. അതുകൂടാതെ മറ്റു ബില്ലുകൾ 'വട്ടത്തിൽ' പിടി ക്കുന്ന ഏർപ്പാടുമുണ്ട് ചെട്ടി യാർക്ക്. ചില ദിവസങ്ങളിൽ വലിയ കടലാസു കൂടിൽ നിറയെയാണ് പണം കൊണ്ടുവരുന്നത്. അപ്പോഴും മാന്യദേഹം സ്വകാര്യബസ്സിൽ തന്നെയാണു വരുന്നത്. ഞാൻ ബാങ്കിൽ ജോലിക്കാരനായതിനു ശേഷമാണ് ചെട്ടിയാർ ബാങ്കിന്റെ ഉള്ളിൽ പ്രവേശിക്കുന്നത്. എന്നോ ടുള്ള പ്രത്യേക പരിഗണനമൂലം പിന്നീടു ധാരാളം പണം പലപ്പോ ഴായി സ്ഥിരനിക്ഷേപമായും മറ്റും ബാങ്കിൽ ഇട്ടിട്ടുമുണ്ട്. പക്ഷെ എപ്പോഴും പറയും ഇതൊക്കെ വളരെ നഷ്ടക്കച്ചടമാണെന്ന്. ഓരോരുത്തർക്ക് ഓരോതരം സന്തോഷങ്ങൾ. ശങ്കരപ്പൻ ചെട്ടി യാർക്കു പണം സ്വരൂപിക്കുന്ന തിലും ആയതു ചെലവാക്കാതിരി ക്കുന്നതിലും ആയിരുന്നു സന്തോ ഷം. അതു മാത്രമായിരുന്നു സന്തോഷമെങ്കിൽ അദ്ദേഹം സന്തോഷവാനായിത്തന്നെ കാലയ വനികക്കുള്ളിൽ മറഞ്ഞു. ●



# പുസ്തകജാലകം

**കെ.എൽ. ശ്രീകൃഷ്ണദാസ്**

## എന്റെ ഗ്രാമങ്ങൾ




**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**

**പ്രസാധകർ: നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം**
**പേജ്: 152 വില: 110/– രൂ**

ജീവിതസായാഹനത്തിൽ, പൊയ്പ്പോയ ജീവിത സുപ്രഭാതങ്ങളെക്കുറിച്ച് ഓർക്കുമ്പോൾ ആഹ്ലാദത്തോടൊപ്പം നഷ്ടബോധത്തിന്റെ നേർത്ത ദുഃഖവും നമ്മിൽ നിറഞ്ഞു നിൽക്കും. അത്തരമൊരു അനിർവ്വചനീയമായ അനുഭൂതി വിശേഷത്തിലേക്കാണ് ഡോ. എഴുമറ്റൂർ രാജരാജവർമ്മ തന്റെ നാൽപ്പതാമത്തെ ഗ്രന്ഥമായ 'എന്റെ ഗ്രാമങ്ങൾ' എന്ന വിശിഷ്ട കൃതിയിലൂടെ നമ്മെ നയിക്കുന്നത്. താൻ ജനിച്ചു വളർന്ന എഴുമറ്റൂർ എന്ന മനോഹരമായ കൊച്ചു ഗ്രാമത്തിന്റെ ശാലീന സുന്ദരമായ സവിശേഷതകളെക്കുറിച്ച് തികഞ്ഞ ആർജ്ജവത്തോടെ, ആത്മപ്രശംസയുടെ അംശം പോലുമില്ലാതെ പ്രതിപാദിക്കുമ്പോൾ അദ്ദേഹവുമായി ബന്ധപ്പെട്ട വ്യക്തികളും സംഭവങ്ങളുമൊക്കെ വെള്ളിത്തിരയിലെ വർണ്ണാഭമായ ചിത്രങ്ങൾ പോലെ വായനക്കാരന്റെ മുന്നിൽ തെളിഞ്ഞു നിൽക്കുന്നു. ദശാബ്ദങ്ങളോളം നഗരത്തിന്റെ തിരക്കേറിയതും പരുഷവും സങ്കീർണ്ണവുമായ അന്തരീക്ഷത്തിൽ കഴിയേണ്ടിവന്നിട്ടും തന്റെ ബാല്യ കൗമാര സ്മരണകളെ മങ്ങലേൽപ്പിക്കാതെ മനസ്സിൽ സൂക്ഷിക്കുകയും അവയെ തെളിമയാർന്ന വാങ്മയ ചിത്രങ്ങളുമായി വായനക്കാർക്ക് വരച്ചുനൽകുകയും ചെയ്ത ഡോ. വർമ്മ ഏറെ അഭിനന്ദനങ്ങൾ അർഹിക്കുന്നു. താൻ പിറന്ന കോവിലകം, പഠിച്ച വിദ്യാലയങ്ങൾ, സഹപാഠികൾ, അദ്ധ്യാപകർ, തന്റെ കലാസപര്യയ്ക്ക് പ്രോത്സാഹനവും പ്രചോദനവും നൽകിയ ഈ.സി.എ. സി. (E.C.A.C.) എന്ന സാംസ്കാരിക സംഘടന ഇവയെക്കുറിച്ചൊക്കെ ഗൃഹാതുരത്വത്തോടെ വിവരിക്കുമ്പോൾ ഡോ. വർമ്മയുടെ തൂലിക രചനാസൗഭഗത്തിന്റെ ഉത്തമ മാതൃകയായി മാറുന്നു. തന്റെ ഓർമ്മച്ചെപ്പിൽ നിന്ന് നമുക്ക് പെറുക്കിയെടുക്കാൻ പാകത്തിൽ ഒട്ടേറെ മുത്തും പവിഴവും വാരിവിതറിയിരിക്കുകയാണ് ഗ്രന്ഥകാരൻ.

രണ്ടു ഭാഗങ്ങളായിട്ടാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. 28 അദ്ധ്യായങ്ങളുള്ള അനുഭവക്കുറിപ്പുകളും 12 അദ്ധ്യായങ്ങളുള്ള അനുസ്മരണക്കുറിപ്പുകളും. വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പലപ്പോഴായി പ്രസിദ്ധപ്പെടുത്തിയ ലേഖനങ്ങളുടെ സമാഹാരവുമാണീ ഗ്രന്ഥം. ആദ്യഭാഗത്തിൽ ഗ്രന്ഥകാരന്റെ ബാല്യകൗമാര സ്മൃതികളുടെ സുഗന്ധം നിറഞ്ഞു നിൽക്കുന്നു. രണ്ടാംഭാഗത്തിൽ താൻ അടുത്ത ആത്മസത്ത പുലർത്തിയിരുന്നവരും അകലെനിന്ന് ആരാധനയോടെ വീക്ഷിച്ചിരുന്നവരും ആയ മഹദ് വ്യക്തികളെക്കുറിച്ചുള്ള അനുസ്മരണ ലേഖനങ്ങളാണ്. ഈ രണ്ടാംഭാഗം മറ്റൊരു ഗ്രന്ഥമായി പ്രസിദ്ധീകരിക്കുകയായിരുന്നു ഉചിതം എന്നെനിക്കു തോന്നുന്നു. രചനാസൗഷ്ഠവത്തിൽ ആദ്യഭാഗത്തേക്കാൾ ഒട്ടും പിന്നിൽ അല്ലെങ്കിൽ അവ ആദ്യഭാഗത്തോടു ചേർന്നു നിൽക്കുന്നതായി അനുഭവപ്പെടുന്നില്ല. അനുഭവവും അനുസ്മരണവും രണ്ടു ഗ്രന്ഥങ്ങളായിരുന്നെങ്കിൽ എന്ന് ആശിച്ചു പോകുന്നു.

## സ്മൃതി മധുരം

## പൂർണത്രയീശ പ്രണാമം

**ഡോ. വി.എസ്. ശർമ്മ**




**"പാഹി പൂർണ്ണത്രയീശ" – സമ്പാദക: ചന്ദ്രാവലി തമ്പൂരാൻ, പേജ് 240, (വില വച്ചിട്ടില്ല.)**

''സജ്ജനങ്ങൾക്ക് വിശിഷ്യ, കുടുംബാംഗങ്ങൾക്ക് ഭാഷയിൽക്കൂടി ഉപകാരപ്രദമാകണമെന്ന ഉദ്ദേശ്യത്തോടെ, ''സീതാലക്ഷ്മണ ഭരത ശത്രുഘ്ന വായുപുത്രാദിയുക്തനായ ''ശ്രേഷ്ഠാസനസ്ഥിത പട്ടാഭിഷിക്ത ശ്രീരാമസ്വരൂപധരനായ, "പരബ്രഹ്മ' സ്വരൂപനായ, എന്റെ "പരദൈവത'മായ പൂർണ്ണത്രയീശന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു എന്ന ആമുഖത്തോടെ ശ്രീമതി ചന്ദ്രാവലി തമ്പുരാൻ സമാഹരിച്ചു പ്രസിദ്ധം ചെയ്ത "പാഹി പൂർണ്ണത്രയീശ" എന്ന കാവ്യസമ്പുടം മലയാളത്തിലെ ഭക്തിസാഹിത്യ ശാഖയ്ക്കു ലഭിച്ച നല്ല ഒരു കൈനീട്ടമാണ്. "മൺമറഞ്ഞുപോയവർക്ക് വേണ്ടിയുള്ള സ്മരണാഞ്ജലി, ഇന്നുള്ളവർക്കൊരു ഉപഹാരം, ഭാവിതലമുറയ്ക്കായി

പൈതൃകധനം - ഭൂത, വർത്തമാന-ഭാവി കാലങ്ങളിലുള്ളവർക്കുവേണ്ടിയുള്ള ഒരു സേവനം' എന്നാണ് സമ്പാദക ഈ സമാഹരണത്തെ വിശേഷിപ്പിച്ചിട്ടുള്ളത്.

''ഗോശ്രീ' എന്നു പ്രഖ്യാതമായ രാജവംശം സാംസ്കാരികമായും ആത്മീയമായും വളരെ ഉന്നതശ്രേണിയിലുള്ള ഒന്നാണ്. അവസാന മഹാരാജാവായിരുന്ന പരീക്ഷിത്ത് തമ്പുരാൻ സംസ്കൃത സാഹിത്യത്തിൽ അപാര പണ്ഡിതനായിരുന്നു. അദ്ദേഹവും വലിയ രാമപിഷാരോടിയും കൂടി രചിച്ച അഭിജ്ഞാനശാകുന്തള വ്യാഖ്യാനം എണ്ണപ്പെട്ട ഒരു ഗ്രന്ഥമാണ്. പരീക്ഷിത്ത് തമ്പുരാന്റെ ജനനത്തെപ്പറ്റി ഒരു കഥ (പരീക്ഷിച്ച് - വൈദ്യശാസ്ത്ര വിധി പരീക്ഷിച്ച് ഉണ്ടായതാണെന്ന കഥ) വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയുടെ "ആൽബത്തിലെ ഓർമ്മകൾ' എന്ന സ്തുത്യർഹമായ ആത്മകഥയിൽ സൂചിപ്പിച്ചിട്ടുണ്ട്. അനേകം വിദ്വാന്മാരെ പ്രോത്സാഹിപ്പിച്ചിട്ടുള്ള ആ തമ്പുരാന്റെ വംശത്തിൽ വേറെയും പണ്ഡിതന്മാരും കവികളും മറ്റും ജനിച്ചിട്ടുണ്ടാവും. നിരവധി രചനകളുംഅവിടെ ഉണ്ടായിട്ടുണ്ടാവും, അവരുടെ വിദ്വത്വ നിദർശനങ്ങളായി.

തമ്പുരാക്കന്മാരുടെയല്ല, തമ്പുരാട്ടിമാരുടെ സ്തോത്രകൃതികളാണ് ഈ ഗ്രന്ഥത്തിൽ ഏറെയും സമാഹരിക്കപ്പെട്ടിട്ടുള്ളത്. സുന്ദരകാണ്ഡപാന, യുദ്ധകാണ്ഡം, ശ്രീരാമപട്ടാഭിഷേകം - ഈ കവിതാത്രയം രാമായണകഥാസംബ ന്ധി എന്ന നിലയ്ക്കും കൊച്ചി രാജകുടുംബങ്ങളായ വനിതമാരുടെ ജീവിതാനുബന്ധി എന്ന നിലയ്ക്കും ശ്രദ്ധേയങ്ങളാണ്. സുന്ദരകാണ്ഡപാന വളരെ ദീർഘവുമാണ്.

മങ്കുതമ്പുരാൻ (1839-1902), വലിയ ഇക്കുവമ്മ തമ്പുരാൻ (1844-1921) പടിഞ്ഞാറേകോവിലകം, മങ്കു തമ്പുരാൻ (1877-1960) മംഗളാലയം പാലസ് മങ്കുതമ്പുരാൻ (1884-1977) കൊച്ചമ്മിണി തമ്പുരാൻ (മംഗളാലയം പാലസ്) (1913-1985), കമലാലയം പാലസ് കുഞ്ഞിപ്പിള്ളക്കുട്ടി തമ്പുരാൻ (1916-1948), കമലാലയം പാലസ് പത്മിനി തമ്പുരാൻ (1914-2008) ചന്ദ്രാവലി തമ്പുരാൻ എന്നീ തമ്പുരാട്ടിമാരുടെ രചനകളാണ് ഭൂരിഭാഗവും. ഈഡൂപ്പ് പാലസിലെ രാമവർമ്മ കുട്ടപ്പൻ തമ്പുരാന്റെ (1912- 1991) ഉദ്ധവഗീതം എന്നീ ലഘുകവിതയും ഈ കൂട്ടത്തിൽപ്പെടുന്നു.

മലയാളത്തിലെ ഏറ്റവും മികച്ച ഭക്തകവി പൂന്താനം നമ്പൂതിരിയാണ്. അദ്ദേഹത്തിന്റെ ജ്ഞാനപ്പാനയും "കാണാകേണം' സ്തോത്രം പോലുള്ള കൃതികളും ഈ കവയിത്രിമാരെ സ്വാധീനിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്. പൂർണത്രയീശ സമർപ്പിതമായ കവിമനസ്സുകളിൽ നിന്ന് ഉദ്ധാരണം ചെയ്യപ്പെട്ട ഈ സ്തോത്രകൃതികളും രാമായണ ഖണ്ഡവുമെല്ലാം ഭക്തിസാഹിത്യചരിത്രത്തിൽ, വൈഷ്ണവ ഭക്തിസാഹിത്യത്തിൽ, ക്ഷേത്രമൂർത്തിപരമായ കവിതാവിഭാഗത്തിൽ എല്ലാം ശ്രദ്ധയാകർഷിക്കുന്നവയാണ്. സമ്പാദക പറയുന്നതുപോലെ ഇത് ഒരു കുടുംബ പൈതൃകംപോലെയാണ്. ഏതെങ്കിലും കവിതയോ സ്തോത്രഭാഗമോ ഉദ്ധരിച്ച് എന്തെങ്കിലും സമർത്ഥിക്കാൻ തുനിയുന്നില്ല. മെ (മേ), വാരിധെ (വാരിദേ, ഭഗവാനെ (ഭഗവാനേ) എന്നിങ്ങനെ പലേടത്തും ഏകാരത്തിനുപകരം എകാരം പ്രയോഗിച്ചിട്ടുള്ളതും ചില അച്ചടിപ്പിശകുകൾ ഉള്ളതും അടുത്ത പതിപ്പിൽ പരിഹരിക്കാവുന്നവയാണ്. കവിതകളെല്ലാം ലളിതങ്ങളാണ്. ആത്മാർത്ഥമായ രചനകളുമാണ്.

*"പരന്മാർക്കുപകാരത്തിനായ് ചില-*
*തുര ചെയ്തതിൻ തെറ്റു വന്നീടിലും*
*ഗുരു കാരുണ്യം കൊണ്ടിതുസർവവും*
*ഹരിപ്രീത്യൈ ഭവതു സദാമമ'*

എന്നത് അന്വർത്ഥമാക്കുന്ന ഈ കാവ്യസമ്പുടം പഠനീയവും അഭിനന്ദനീയവുമാണ്. ഇനിയുള്ളതുപോലെയുള്ള കൃതികൾ അജ്ഞാതമായുണ്ടെങ്കിൽ തേടിപ്പിടിച്ച് പ്രസിദ്ധീകരിക്കാൻ ഇടയാകട്ടെ! ഈ സ്തുതികൾ പ്രചരിക്കുമാറാകട്ടെ! ●

## അജിത്കുമാർ വർമ്മയ്ക്ക് നാഷണൽ അവാർഡ്



ലക്നൗവിലെ പ്രസിദ്ധ C.S.M. മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ 55–ാമത് ഫൗണ്ടേഷൻ ഡേ സംബന്ധിച്ച് നടന്ന ചടങ്ങിൽ ഡോ. അജിത്കുമാർ വർമ്മ അവതരിപ്പിച്ച 'Diabetic Foot - An Over view' എന്ന പ്രബന്ധത്തിന് നാഷണനൽ അവാർഡ് ലഭിച്ചു. കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ അഡീഷനൽ പ്രൊഫസ്സർ (Diabetic Surgeon) ആണ് അജിത്കുമാർ. കിളിമാനൂർ കൊട്ടാരത്തിൽ സുകുമാര വർമ്മ(Retd.Col) യുടെയും മാവേലിക്കര കൊട്ടാരത്തിൽ കൗസല്യാവർമ്മയുടെയും മകനാണ് ഡോ. അജിത്. നേരത്തെ അമേരിക്കയിൽ Sanantonio Texas-ൽ നടന്ന Symposium of Advanced Wound Care' ലും ഡോ. അജിത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

# വളരുന്ന പ്രതിഭകൾ

## അപ്പുവിന് കണക്കിൽ നൂറുമേനി



കഴിഞ്ഞ വർഷത്തെ CBSE പരീക്ഷയിൽ 10th സ്റ്റാൻഡേർഡിൽ കണക്കിന് നൂറിൽ നൂറുമാർക്കും വാങ്ങി ആദ്യത്തെ 0.1% നകത്തുള്ളവരുടെ ലിസ്റ്റിൽ ഇടംനേടിയ അഭിജിത് വർമ്മ (അപ്പു). കോഴിക്കോട്ട് ചേവായൂർ ഭാരതീയ വിദ്യാഭവൻ വിദ്യാർത്ഥിയായ അപ്പു മാവേലിക്കര കൊട്ടാരത്തിൽ രാജീവ് വർമ്മ (സിവിൽ എൻജിനീയർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്) യുടെയും കിളിമാനൂർ കൊട്ടാരത്തിൽ അപർണ്ണ വർമ്മയുടെയും ഏകമകനാണ്. ചിട്ടയായ പഠിത്തത്തിനിടയിൽത്തന്നെ കരാട്ടേയ്ക്ക് ആദ്യത്തെ ബ്ലാക്ക് ബെൽറ്റും അപ്പു കരസ്ഥമാക്കി. അപ്പുവിന് ക്ഷാത്രസന്ദേശത്തിന്റെ അനുമോദനങ്ങൾ.

## ഉന്നത വിജയം
### അർജുൻരാജയ്ക്ക് A പ്ലസ്

ഇക്കഴിഞ്ഞ CBSE പരീക്ഷയിൽ +2ന് 95.4% മാർക്ക് (477/500) വാങ്ങി എല്ലാ വിഷയങ്ങൾക്കും



Aപ്ലസ് കരസ്ഥമാക്കിയ അർജുൻ ആർ.വി. രാജ. തൃപ്പൂണിത്തുറ ഭാരതീയ വിദ്യാഭവനിലെ വിദ്യാർത്ഥിയായ അർജുൻ ചിറയ്ക്കൽ കോവിലകത്ത് ശോഭാ വർമ്മയുടെയും വെള്ളാങ്ങല്ലൂർ കോവിലകത്ത് രവിവർമ്മരാജ യുടെയും മകനാണ്.



### കുമാരി കീർത്തനവർമ്മ

ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടി ഉന്നത വിജയം കരസ്ഥമാക്കിയ കുമാരി കീർത്തന വർമ്മ, മണ്ടൂർ മരങ്ങാട്ടു മഠത്തിൽ സി.കെ. പുരുഷോത്തമന്റെയും ശ്രീമതി എൻ.പി. വസന്ത ടീച്ചറുടെയും മകളാണ്.

### ഭാവനവർമ്മ

ചിറക്കൽ കോവിലകത്ത് ലക്ഷ്മീവിലാസത്തിൽ സുധാകര വർമ്മയുടേയും കൈപ്പട്ടൂർ വാക്കയിൽ കോയിക്കലിൽ സുഷമാവർമ്മയുടെയും മകൾ ഭാവനവർമ്മ 2010-ൽ നടന്ന കേരള എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയത്തിനും A+ ഗ്രേഡ് നേടി വിജയം കൈവരിച്ചു.

### കൃഷ്ണ അനുജൻ



2010-ൽ CBSE നടത്തിയ 12-ാം ക്ലാസ് പരീക്ഷയിൽ 97.4 മാർക്കോടെ കേരളത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കൃഷ്ണ അനുജൻ. കിളിമാനൂർ കോവിലകത്ത് പ്രസന്ന വർമയുടെയും തൃപ്പൂണിത്തുറ കോവിലകത്ത് എസ്. അനുജന്റെയും പുത്രിയാണ്.

കൊച്ചിൻ റിഫൈനറി സ്കൂളിലെ വിദ്യാർത്ഥിയായിരുന്ന കൃഷ്ണ 2009-ൽ NTSE സ്കോളർഷിപ്പിനും 2010-ൽ KVPY (കിശോർ വൈഗ്യാനിക് പ്രോത്സാഹൻ യോജന) സ്കോളർഷിപ്പിനും അർഹയായി.

കൃഷ്ണ തുടർ വിദ്യാഭ്യാസത്തിന് പൂണെയിലെ IISER (Indian Institute of Science Education & Research) ൽ 5 വർഷത്തെ BS/MS പ്രോഗ്രാമിന് ചേർന്നു.






## താമര

ദേശീയ പുഷ്പമാം താമരയല്ലേ,
കുളിരോടെ വിടരുന്ന പൂവല്ലേ,
ചുണയുടെ പൂവല്ലേ, കൊതി
തോന്നും നിറമല്ലേ,
പതിവായി വിടരില്ലേ?
പുഞ്ചിരി തൂകില്ലേ, മന്ദ–
മായാടില്ലേ,
വെള്ളത്തിൽ വളരില്ലേ,
വാണീടെ ഗൃഹമല്ലേ,യഴകിന്റെ–
യഴകല്ലേ
സൂര്യനെ നോക്കില്ലേ?

**അശ്വതി ലക്ഷ്മീവർമ്മ**
**ക്ലാസ് – 4 സനാതനാ പബ്ലിക് സ്കൂൾ**

## കുട



**ആദിത്യവർമ്മ**

എട്ടു കമ്പികളൊത്തുചേർന്നൊരു
വൃത്തരൂപം ധരിച്ചിതാ
എത്തിടുന്നൂ കറുത്ത വേഷത്തി
ലത്ര നമ്മെത്തുണയ്ക്കുവാൻ
ഘോരമാരി ചൊരിയവേ വെയിൽ-
ചൂടിൽ നമ്മൾ പൊരിയവേ
ആശ്രയം നമുക്കുള്ളതീയൊരു
കോലുകോലുന്ന തോഴനാം
എത്ര ദുഃഖം സഹിച്ചും ഞങ്ങടെ
മിത്രമാകുന്ന രക്ഷകാ
മാനവർ ഞങ്ങൾക്കങ്ങതൻ ത്യാഗ-
ജീവിതം തന്നെ മാതൃക.

❑

## ഗ്രാമാതുരമൊരു സ്വപ്നം



**കെ. പ്രേമചന്ദ്രവർമ്മ**

പുലരാറായപ്പോഴോയെന്നോർമ്മയില്ല
വീണ്ടും മയങ്ങീ മധുരമാമൊരു സ്വപ്നലഹരിയിൽ
നടക്കുന്നേതോ മൺവീഥിയിൽ, മെല്ലെ മെല്ലെ-
ച്ചിറകും വീശിയലസം മാലാഖ പോൽ

വശങ്ങളിൽ പൂമരങ്ങൾ തൻ തണൽ
കാറ്റിലിളകും പൂഞ്ചില്ലകൾ മൊഴിയുന്നു സ്വാഗതം
പറയുന്നൂ യാത്രാമൊഴി വഴി പിന്നിടുമ്പോൾ
തഴുകുന്നൂ പൂമണക്കുളിർകാറ്റീ പഥികനെ.

ഗൃഹങ്ങൾ തൻ പൂമുറ്റത്ത് കുരുന്നുകൾ തൻകളി
ഇറയത്തൊരു കോണിൽ വൃദ്ധമധുരപ്പഴമൊഴി
അകായിലെവിടെയോ കിലുങ്ങും പാദസരം
തൊടിയിലെവിടെയോ വിയർക്കും നവയൗവനം.

അരികെപ്പൊന്തകളിൽ കുഞ്ഞിക്കിളികൾ തൻമൊഴി
എതിരെ ചിരിച്ചൊരാൾ വന്നു തിരക്കീ വിശേഷങ്ങൾ
അകലെയെവിടെയോ അരുവിച്ചിലമ്പൊലി
അകലെ കാണാക്കാവിൽ മുഴങ്ങുന്നൊരുശംഖൊലി
അകലെയിരുളിലായ് തെളിയും ചെറുദീപം
അലസം... ശാന്തം... ആത്മനിർവൃതികരമനുപമം.

വയലിൽ ഇളങ്കാറ്റിലുലയും നെല്ലോലകൾ
അഴകിൻ തിരകൾ തീർക്കും ഹരിത സാഗരങ്ങൾ
അകലെ നീലവാനിലലയും വെൺകൊറ്റികൾ
കിളിയാട്ടാൻ കൂവി, വരമ്പിൽ കരുമാടികൾ

ഉറക്കം ഞെട്ടിയുണർന്നു വൈകിയോ നേരം?
ഉടനെ ധൃതിയിൽ തുടങ്ങണം ദിനചര്യ
ഇനിയും വൈകിയാൽ വൈകും കർമ്മക്ഷേത്രത്തിലെത്താൻ
കണി നന്നാകില്ല തീർച്ച, കലമ്പും കണിശക്കാർ

ഇരമ്പും വാഹനത്തിലിരിക്കവെ ചുറ്റും
നിബിഡമാം കോൺക്രീറ്റ് വനം, ഉള്ളിൽ വന്യജീവികൾ
വിശപ്പില്ലെങ്കിലുമിവയാക്രമിക്കും... ഇപ്പോൾ
നുണഞ്ഞിരിക്കാം ഈ നറും പുലർകാലസ്വപ്നം ✠

# വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരംക്ഷത്രിയക്ഷേമസഭ പ്രവർത്തന റിപ്പോർട്ട്

മാർച്ച് മാസത്തെ പരിപാടിയിൽ മുൻ ക്ഷത്രിയക്ഷേമസഭ പ്രസിഡന്റ് കെ.എൽ.ശ്രീകൃഷ്ണദാസ് തിരക്കഥ യെഴുതി സംവിധാനം ചെയ്ത 'സ്മാരക ങ്ങളിലൂടെ' എന്ന ഡോക്യുമെന്ററി പരമ്പര യിൽ രാജാരവിവർമ്മ, സ്വാതിതിരുനാൾ, ശ്രീചിത്തിരതിരുനാൾ, വയലാർ രാമ വർമ്മ തുടങ്ങിയവർ നൽകിയ സംഭാവന കളെക്കുറിച്ച് പ്രദർശനവും പ്രഭാഷണ വും നടത്തുകയുണ്ടായി.

ഏപ്രിൽ മാസം 25-ാം തീയതി സഭാംഗങ്ങളായ ആദിത്യവർമ്മയും അദ്ദേഹ ത്തിന്റെ പത്നി വിജയലക്ഷ്മി തമ്പുരാട്ടി യും ചേർന്ന് ക്ഷത്രിയസമുദായത്തിലെ അൻപതോളം വരുന്ന സാഹിത്യകാരന്മാർ കവിത, അക്ഷരശ്ലോകം, കഥകളി, കൂടി യാട്ടം എന്നിവയിൽ നൽകിയ സംഭാവന കളെക്കുറിച്ച് അവലോകനം നടത്തുക യും സഭാംഗങ്ങൾ ഗാനങ്ങൾ അവതരി പ്പിക്കുകയും ചെയ്തു. 2009- ലെ കേരള സംഗീതനാടക അക്കാദമി 'ഗുരുപൂജാ പുരസ്കാരം' (വയലിൻ) നേടിയ പ്രൊഫ. ഈശ്വരവർമ്മയെ തദവസരത്തിൽ അനു മോദനം നൽകി ആദരിച്ചു.

മെയ്മാസം ആദ്യവാരം സഭാംഗങ്ങൾ ഒരു വിനോദയാത്ര സംഘടിപ്പിക്കുകയു ണ്ടായി. ആലപ്പുഴ പുന്നമടക്കായലിൽ ഹൗസ്ബോട്ടിൽ നടത്തിയ ഈ വിനോദ യാത്രയിൽ സഭാംഗങ്ങൾ സജീവമായി പങ്കെടുക്കുകയുണ്ടായി.

ജൂൺമാസം തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭയിലെ കുട്ടികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു യുവജന സംഘടന രൂപീകരിക്കുകയുണ്ടായി. സഭാപ്രവർത്തനങ്ങളിൽ യുവാക്കളുടെ പങ്ക് കൂടുതൽ കൂടുതൽ ലഭ്യമാക്കാൻ സെക്രട്ടറി ആഹ്വാനം ചെയ്തു. അതിന്റെ ഭാഗമായി ജൂൺ 13-ാം തീയതി പ്രശസ്ത സാഹിത്യകാരിയും ചെഷയർഹോം സെക്രട്ടറിയുമായ ശ്രീമതി വിമലാ മേനോൻ പങ്കെടുക്കുകയും 'വ്യക്തിത്വ വികസനം' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തുകയും ചെയ്തു. തുടർന്ന് കുട്ടികൾ അവതരി പ്പിച്ച വിവിധ കലാപരിപാടികൾ ഉണ്ടായി.

## തൃശൂർ ക്ഷത്രിയക്ഷേമസഭ

ഏപ്രിൽ മാസത്തിൽ നടത്തിയ വിഷുവേലയ്ക്കുശേഷം തൃശൂർ ക്ഷത്രിയ ക്ഷേമസഭ പുതിയ ഒരു പദ്ധതി ആവി ഷ്ക്കരിച്ചു. പ്രവർത്തനങ്ങൾ താഴെ ത്തലം വരെ എത്തിക്കുവാൻവേണ്ടി വിവിധ സ്ഥലങ്ങൾ കേന്ദ്രീകരിച്ചു ക്ലസ്റ്റ റുകൾ രൂപീകരിച്ചു.14 ക്ലസ്റ്ററുകളാണ് ഇപ്പോൾ ആശയതലത്തിലുള്ളത്. ഇതിൽ ആദ്യ ക്ലസ്റ്ററിന്റെ ഉദ്ഘാടനം 13.06.2010നു പൂങ്കുന്നത്ത് നടന്നു. പൂങ്കുന്നം West-end apartments-ൽ ശ്രീ കൃഷ്ണവർമ്മ രാജായുടെ വസതി ആയിരുന്നു വേദി. കുടുംബാംഗങ്ങൾ ആവേശത്തോടെ പങ്കു ചേർന്നു. ഓരോ ക്ലസ്റ്ററുകളും അവരുടെ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതിനു സഭയുടെ ഏകോപനം കൂടി ആവുകയും ചെയ്യുമ്പോൾ സഭാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകും. അടുത്ത മാസം കോട്ടപ്പുറം, ശങ്കരൻ കുളങ്ങര ക്ലസ്റ്ററുകൾ കൂടി രൂപീകരി ക്കാൻ തീരുമാനിച്ചു. രക്ഷാധികാരി എ.കെ. രാജരാജവർമ്മ ക്ലസ്റ്ററിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് വിശദീകരിച്ചു. പ്രസി ഡന്റ് പ്രഹ്ലാദവർമ്മ, സെക്രട്ടറി മനോജ് വർമ്മ, പി. കെ. മുരളീധരരാജ എന്നിവർ സംസാരിച്ചു. സുചിത്രവർമ്മയെ കൺ വീനർ ആയി തെരഞ്ഞെടുത്തു.

## കൊരട്ടി ക്ഷത്രിയ ക്ഷേമസഭ

കൊരട്ടി ക്ഷത്രിയ ക്ഷേമസഭയു ടെയും, കൊരട്ടി സ്വരൂപം ട്രസ്റ്റിന്റേയും സംയുക്ത പൊതുയോഗം 2010 മെയ് 2-ാം തിയതി ഞായറാഴ്ച വൈകിട്ട് 6 മണിക്ക് വാളൂർ മഹേശ്വരി മെമ്മോറിയൽ ഹാളിൽ വച്ചു കൂടുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**പുതിയ ഭരണസമിതി**

പുതിയ ഭരണസമിതിയിലേക്ക് താഴെപ്പറയുന്നവരെ ഐകകണ്ഠേന തിരഞ്ഞെടുത്തു.

കെ. വിക്രമൻ (പ്രസിഡന്റ്), കെ. കേരളവർമ്മ (വൈസ് പ്രസിഡന്റ്), പി.ആർ. സോമവർമ്മ (സെക്രട്ടറി), കെ. സുനിൽവർമ്മ (ജോയിന്റ് സെക്രട്ടറി) പി.ഉഷാരാജ (ട്രഷറർ) മെമ്പർമാർ കെ. ആദിത്യവർമ്മ, പി.സി.സി. രാജ, പി.ഗോദവർമ്മ, പി. കൊച്ചനിയൻ, കെ. രാമവർമ്മൻ, നന്ദകുമാർവർമ്മ, ഷൈജൻ കുമാർ, വി. ശാന്ത, കെ. ഉഷ.

**രജതജൂബിലി**

കൊരട്ടി ക്ഷത്രിയ ക്ഷേമസഭയുടെ 25-ാം വാർഷികത്തോടനുബന്ധിച്ചുള്ള ആഘോഷപരിപാടികൾ സമുചിതമായി കൊണ്ടാടുവാൻ തീരുമാനിച്ചു. കൊരട്ടി സ്വരൂപത്തിലെ എല്ലാ കുടുംബാംഗങ്ങളും പ്രതിമാസം നൂറ് രൂപ വീതം ജൂബിലി ആഘോഷഫണ്ടിലേക്ക് സംഭാവന നല്കു വാനും വിവിധ കലാസാഹിത്യ സാംസ്കാ രിക പരിപാടികളോടെ സെപ്തംബർ, ഡിസംബർ, മെയ് മാസങ്ങളിൽ 3 ഘട്ടങ്ങ ളായി നടത്തുവാനും തീരുമാനമെടുത്തു.

രജതജൂബിലി ആഘോഷ കമ്മിറ്റി യുടെ ജനറൽ കൺവീനറായി ശ്രീ.പി. ഗോദവർമ്മയേയും ട്രഷറർ ആയി ശ്രീ.പി. കൊച്ചനിയനേയും കമ്മിറ്റി അംഗങ്ങളായി മറ്റു 12 പേരെയും തിരഞ്ഞെടുക്കുകയു ണ്ടായി.

## കൊച്ചി ക്ഷത്രിയ സമാജം

കൊച്ചി ക്ഷത്രിയ സമാജത്തിന്റെ വാർഷിക പൊതുയോഗം 9.5.2010ൽ സമാ ജമന്ദിരത്തിൽ വച്ചുചേർന്നു. സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർ ട്ടും ട്രഷറർ കണക്ക് അവതരിപ്പി ച്ചതും പാസ്സാക്കി. താഴെപ്പറയുന്നവരെ

2010 - 11ലെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

എൻ.വി. കൊച്ചനുജൻ (പ്രസിഡന്റ്), ഗായത്രി വർമ്മ (വൈസ് പ്രസിഡന്റ്), കെ.പി. രവിവർമ്മ (സെക്രട്ടറി), വിനോദ് വർമ്മ, വി.കെ. ജയറാം (ജോയിന്റ് സെക്രട്ടറിമാർ) ലീലാവർമ്മ (ട്രഷറർ)

കൂടാതെ 10 ഭരണസമിതിയംഗങ്ങളെയും തിരഞ്ഞെടുക്കുകയുണ്ടായി.

കെ. സരോജം പ്രസിഡന്റായും ഗീതാവർമ്മ സെക്രട്ടറിയായും 20 പേർ അടങ്ങുന്ന ഒരു മഹിളാവിഭാഗ ത്തേയും തിരഞ്ഞെടുക്കുകയുണ്ടായി.

## കരിവെള്ളൂർ ക്ഷത്രിയ ക്ഷേമസഭ

മാർച്ച് മാസത്തെ ഭരണസമിതി യോഗവും കുടുംബസംഗമവും 21ന് നടന്നു. വൈസ് പ്രസിഡന്റ് സി. മാധവൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. സമുദായ ശ്മശാന പ്രശ്നത്തിൽ കൈക്കൊണ്ട നടപടി, മെമ്പർഷിപ്പ് പ്രവർത്തനം, തിരുവാതിര ടീമിന്റെ പ്രവർത്തനപുരോഗതി, ക്ഷാത്രസന്ദേശത്തിന് കൂടുതൽ വരിക്കാരെ ചേർക്കുന്ന കാര്യം, 27.6.2010ന് നടക്കുന്ന സംസ്ഥാന വാർഷിക സമ്മേളനത്തിന്റെ ക്രമീകരണം എന്നീ വിഷയങ്ങളിൽ വിശദമായ ചർച്ച നടന്നു. വി.എം. കൃഷ്ണകുമാർ, സുദേവ വർമ്മ,എൻ.എം. കൃഷ്ണൻ ഉണിത്തിരി, പി.കെ. മോഹനവർമ്മ, സി.കെ. പുരുഷോത്തമൻ, വി.എം. ബാലകൃഷ്ണൻ, എൻ.പി.വസന്ത, വി.എം. ഇന്ദിര, ടി.എം. ദീപ, പ്രസീത കൃഷ്ണകുമാർ, ദേവീ പ്രഭാ വർമ്മ, ശ്രീദേവി, എസ്. വർമ്മ, സി.കെ. വാസന്തി എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. മേഖലാകമ്മിറ്റികൾ അതാതു പ്രദേശത്തെ മെമ്പർഷിപ്പു പ്രവർത്തനം, ക്ഷാത്രസന്ദേശം വരിക്കാരെ ചേർക്കൽ, യോഗം വിളിച്ചു ചേർക്കൽ എന്നിവക്ക് നേതൃത്വം കൊടുക്കണമെന്ന സെക്രട്ടറിയുടെ നിർദ്ദേശം അംഗീകരിച്ചു. യോഗം 5 മണിക്ക് അവസാനിച്ചു.

**മെയ് 2010**

മെയ് മാസത്തെ യോഗം 30ന് നടന്നു. വൈ. പ്രസിഡന്റ് ശ്രീ.സി. മാധവന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് വായിച്ചു. സംസ്ഥാന സമ്മേളന നടത്തിപ്പ് സംബന്ധിച്ച വിശദമായ ചർച്ച നടത്തി. കലാപരിപാടികൾ, സമ്മേളനസ്ഥലം, പബ്ലിസിറ്റി, ഭക്ഷണം, മറ്റ് ക്രമീകരണങ്ങൾ എന്നീ വിഷയങ്ങളിൽ വിശദമായ ചർച്ച നടന്നു.

**പ്രധാന തീരുമാനങ്ങൾ**

1. സംസ്ഥാന സമ്മേളന നടത്തിപ്പിനായി ഓരോ കുടുംബത്തിൽ നിന്നും ചുരുങ്ങിയത് 100 രൂപ പിരിച്ചെടുക്കാൻ തീരുമാനിച്ചു.

2. സമ്മേളനം ഓണക്കുന്ന് ശ്രേയസ്സിൽ വെച്ച് നടത്താനും, സമ്മേളന നഗരിന് നമ്മുടെ സജീവ പ്രവർത്തകനായ, അകാലത്തിൽ നമ്മെ വിട്ടു പിരിഞ്ഞ യു.കെ. രാജവർമ്മ (സുന്ദരേട്ടൻ) യുടെ പേർ നൽകാനും തീരുമാനിച്ചു.

3. വിവിധ കലാപരിപാടികൾ നടത്താൻ തീരുമാനിച്ചു.

4. പ്രസിഡന്റിന്റെ ചുമതല താല്ക്കാലികമായി വഹിക്കാൻ വൈ. പ്രസിഡന്റ് ശ്രീ.സി. മാധവനെ ചുമതലപ്പെടുത്തി.

5. സാമ്പത്തികച്ചെലവുകൾ നിർവഹിക്കാൻ ട്രഷററേയും പരസ്യച്ചുമതല വഹിക്കാൻ സെക്രട്ടറിയേയും അധികാരപ്പെടുത്തി.

യോഗം വമ്പിച്ച വിജയമാക്കിത്തീർക്കാൻ എല്ലാ മെമ്പർമാരും ആത്മാർത്ഥമായി ശ്രമിക്കണമെന്ന് സെക്രട്ടറി ആഹ്വാനം ചെയ്തു. സി.കെ. രാഘവവർമ്മ സ്വാഗതവും കെ. ചന്ദ്രകാന്തൻ നന്ദിയും പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

## ചാലക്കുടി ക്ഷത്രിയ ക്ഷേമസഭ

ചാലക്കുടി ക്ഷത്രിയ ക്ഷേമ സഭയുടെ വാർഷിക പൊതുയോഗം ഏപ്രിൽ 18ന് തെക്കേമഠത്തിൽ നടന്നു. പ്രസിഡന്റ് ടി.കെ. കേരളവർമ്മ ആദ്ധ്യക്ഷം വഹിച്ച യോഗം ടി.കെ. രാമവർമ്മ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടും വരവുചെലവു കണക്കുകളും യോഗം പാസ്സാക്കി. കലാരംഗത്തും വിദ്യാഭ്യാസത്തിലും വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി. വിഭവസമൃദ്ധമായ സദ്യക്കുശേഷം കുട്ടികളുടെ നൃത്തം, ഗാനലാപനം തുടങ്ങിയ പരിപാടികൾ നടന്നു.കിഴക്കേമഠത്തിൽ ബാലപ്രിയ അവതരിപ്പിച്ച 'ഇനിയും പുഴ ഒഴുകും' എന്ന നാടകം ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.

**പുതിയ ഭാരവാഹികൾ**

പ്രസിഡന്റ്: ടി.കെ. കേരളവർമ്മ
സെക്രട്ടറി : ഗോദവർമ്മ
ജോ.സെക്രട്ടറി : മഹേഷ്കുമാർ
ട്രഷറർ: ടി.പി. മുകുന്ദൻ

**സമിതിയംഗങ്ങൾ**

ടി.കെ. രാമവർമ്മ, വി.കെ. രാമ വർമ്മ, മുരളീധരവർമ്മ, ഉദയവർമ്മ, ഗീതാവർമ്മ, പ്രേമാവർമ്മ

## കടത്തനാട്ട് പുതിയ യൂണിറ്റ്

പുറമേരി കേന്ദ്രമാക്കി സഭയുടെ കടത്തനാട്ട് യൂണിറ്റ് രൂപീകൃതമായി. മെയ് 20ന് ശങ്കരവർമ്മരാജയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മ രാജ, സംസ്ഥാന സെക്രട്ടറി പി. സുബ്രഷ് കുമാർ വർമ്മ, ഓർഗനൈസിംഗ് സെക്രട്ടറി, ടി.എം. ശ്രീകുമാർ എന്നിവർ സംസാരിച്ചു. ശങ്കര വർമ്മരാജ പ്രസിഡന്റും ധനഞ്ജയൻ തമ്പാൻ സെക്രട്ടറിയുമായുള്ള ഭരണസമിതി രൂപീകരിച്ചു.

## ആലപ്പുഴ യൂണിറ്റ് രൂപീകരിച്ചു

ആലപ്പുഴയിൽ ജൂൺ 13ന് ചേർന്ന ബന്ധുജനങ്ങളുടെ യോഗം ആലപ്പുഴ കേന്ദ്രമാക്കി പുതിയ യൂണിറ്റു രൂപീകരിക്കുന്ന തിനു തീരുമാനിച്ചു. പ്രൊഫ. വി.കെ. കേരളവർമ്മയുടെ അദ്ധ്യക്ഷത യിൽ കൂടിയ യോഗത്തിൽ സംസ്ഥാന സെക്രട്ടറി പി. സുബ്രഷ് കുമാർവർമ്മ, സംസ്ഥാന

വൈസ് പ്രസിഡന്റ്പി.ജി. ശശികുമാർ വർമ്മ, ക്ഷാത്രസന്ദേശം ചീഫ് എഡിറ്ററും മുതിർന്ന സഭാപ്രവർത്തകനുമായ രവി വർമ്മരാജ എന്നിവർ സംസാരിച്ചു. സംസ്ഥാന ട്രഷറർ രാജരാജവർമ്മ, കെ.എൽ. ശ്രീകൃഷ്ണദാസ് എന്നിവർ യൂണിറ്റ് രൂപീകരണപ്രവർത്തനങ്ങൾക്കായി എത്തിയിരുന്നു. ചെമ്പ്രോൽ, അനന്തപുരം കൊട്ടാരങ്ങളിൽ നിന്നുള്ള പ്രതിനിധികളും അമ്പലപ്പുഴ നിന്നുള്ള പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു. പ്രൊഫ. വി.കെ. കേരളവർമ്മ പ്രസിഡന്റായും വി. കെ. മധുകുമാർ വർമ്മ സെക്രട്ടറിയായും താത്കാലിക ഭരണസമിതി രൂപീകരിച്ചു.

## ചേർത്തലയൂണിറ്റ് വാർഷികം

കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ വാർഷിക പൊതുയോഗം 30.5.2010ന് ചെങ്ങണ്ട കാട്ടുങ്കൽകോവിലകത്തുവെച്ച് പ്രസിഡന്റ് വിജയവർമ്മയുടെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ സം സ്ഥാന സെക്രട്ടറി പി. സുഭാഷ്കുമാർ വർമ്മ, രഘുനാഥവർമ്മ, രവീന്ദ്രവർമ്മ, ഹരികൃഷ്ണവർമ്മ എന്നിവർ സഭാ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. പരിമണത്തു കോവിലകത്ത് പി. കെ. രവീന്ദ്രവർമ്മ പ്രസിഡന്റായും ശ്രീ ശൈലത്തിൽ എൻ. ഉദയവർമ്മ സെക്രട്ടറിയായും ഉള്ള പുതിയ ഭരണ സമിതി നിലവിൽ വന്നു. യോഗാനന്തരം വിവിധ കലാപരിപാടികൾ അരങ്ങേറി. കുമാരി സ്നേഹാവർമ്മ അവതരിപ്പിച്ച ഭരതനാട്യം വളരെ ശ്രദ്ധേയമായിരുന്നു. അക്ഷര ശ്ലോക സദസ്സ് ഗാനമത്സരം എന്നിവയും നടന്നു. യൂണിറ്റ് ഏർപ്പെടു ത്തിയ വിദ്യാഭ്യാസ സ്കോളർഷിപ്പ് ശ്രീ. അഭിജിത് വർമ്മ ശ്രീ അനന്തകിഷോർ വർമ്മ എന്നിവർക്ക് വിതരണം ചെയ്തു. കേന്ദ്രസഭയിലേക്ക് വേണുഗോപാൽ വർമ്മ, ജയചന്ദ്രവർമ്മ എന്നിവരെ നാമ നിർദ്ദേശം ചെയ്തു.

## ക്ഷത്രിയക്ഷേമസഭയുടെ വാർഷികസമ്മേളനം

ക്ഷത്രിയക്ഷേമസഭയുടെ 29-ാ മത് വാർഷിക സമ്മേളനം ജൂൺ 26ന് കരിവെള്ളൂർ ഓണക്കുന്ന് 'സുന്ദരേട്ടൻ നഗറി'ൽ (യു.കെ. രാജവർമ്മ) വെച്ചു നടന്നു. രാവിലെ പത്തു മണിക്കാരംഭിച്ച വാർഷിക പൊതുയോഗത്തിൽ കേരളത്തിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. കുമാരി ആതിരാവർമ്മയുടെയും കുമാരി സ്വാതിയുടേയും പ്രാർത്ഥനയോടെ സമാരംഭിച്ച യോഗത്തിന് കരിവെള്ളൂർ യൂണിറ്റ് പ്രതിനിധി കൃഷ്ണകുമാർ സ്വാഗതമാശംസിച്ചു. കഴിഞ്ഞവർഷം നടന്ന പരിപാടികളും അവലോകനവും വരുംവർഷത്തെ പരിപാടികളു ടെ ലഘുരൂപരേഖയുമാണ് ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതെന്ന് പ്രസിഡന്റ് കെ.സി. മാനവർമ്മരാജ പറഞ്ഞു മാത്രവുമല്ല ഈ വാർഷികം ഉത്തരമേഖല സമ്മേളനം കൂടിയായി നടത്തുകയാണ്. അദ്ധ്യക്ഷന്റെ ലഘു ഉപക്രമ പ്രസംഗത്തിനുശേഷം സെക്രട്ടറി വാർഷിക റിപ്പോർട്ടവതരിപ്പിച്ചു. വാർഷിക റിപ്പോർട്ട് അടുത്ത ലക്കം ക്ഷാത്രസന്ദേശത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. സംസ്ഥാന ട്രഷറർ രാജരാജവർമ്മ പോയ വർഷത്തെ വരവുചെലവു കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വിവിധ യൂണിറ്റുകളുടെ പ്രതിനിധികൾ സംസാരിച്ചു. ക്ഷത്രിയക്ഷേമസഭയുടെ സ്ഥാപകനേതാവായിരുന്ന എം.സി. കേരളവർമ്മരാജയുടെ ജന്മവാർഷികം ആഘോഷിക്കുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ബന്ധുജനങ്ങളും ക്ഷത്രിയക്ഷേമസഭയും ചേർന്ന് നടത്തുവാൻ ഉദ്ദേശിക്കുന്ന പരിപാടികളെക്കുറിച്ച് ശ്രീ. പി.ജി. ശശികുമാർവർമ്മ വിശദീകരിച്ചു. വാർഷികയോഗത്തിൽ പാസ്സാക്കാനുള്ള പ്രമേയങ്ങളും അദ്ദേഹം അവതരിപ്പിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറി മനോജ് വർമ്മ യോഗത്തിന് നന്ദി പറഞ്ഞു. തുടർന്ന് വിവിധ സമാനസമുദായ സംഘടന കളുടെ പ്രതിനിധികൾ പങ്കെടുക്കുന്ന പൊതുസമ്മേളനം നടന്നു. വി. മാധവന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് വി.എം. കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. യോഗം പ്രശസ്ത സിനിമാ-സീരിയൽ നടനായ മഞ്ജുളൻ ഉൽഘാടനം ചെയ്തു. ഒരു കലാകാരനായതുകൊണ്ടാണ് ക്ഷത്രിയ ക്ഷേമസഭയുടെ യോഗത്തിൽ താൻ നിർബന്ധമായും പങ്കെടുക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. കൂടിയാട്ടമെന്ന കലാരൂപം അന്യം നിന്നുപോകാതെ സംരക്ഷിച്ചത് രാജാക്കൻമാരാണെന്ന് മഞ്ജുളൻ ഓർമ്മിപ്പിച്ചു, അദ്ദേഹം ഒരു നാടൻ പാട്ടും അവതരിപ്പിച്ചു. തുടർന്ന് യോഗക്ഷേമസഭയെ പ്രതിനിധീകരിച്ച് മധുമരങ്ങാട്, പുഷ്പകസമാജത്തെ പ്രതിനിധീകരിച്ച് പി.കെ. നമ്പീശൻ, വാര്യർ സമാജത്തെ പ്രതിനിധീകരിച്ച് പ്രഭാകരവാര്യർ എന്നിവർ സംസാരിച്ചു. സമാന സംഘടനകളുടെ ഒരു ഐക്യവൈദി രൂപീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് എല്ലാ പ്രാസംഗികരും ഊന്നിപ്പറഞ്ഞു. മുന്നോക്ക സമുദായങ്ങൾ ഒറ്റക്കെട്ടായി നിൽക്കണമെന്ന സന്ദേശമാണ് യോഗത്തിലുടനീളം ഉയർന്നുവന്നത്. കരിവെള്ളൂർ യൂണിറ്റിന്റെ രക്ഷാധികാരി എൻ.കെ. നാരുഉണിത്തിരിയും സംസാരിച്ചു.

ഈ വർഷത്തെ മഹാറാണി സേതുപാർവ്വതിബായിസ്മാരക സ്കോളർഷിപ്പുകൾ പ്രസിഡന്റ് കെ.സി. മാനവർമ്മരാജ വിതരണം ചെയ്തു. സിദ്ധാർത്ഥ് വർമ്മ, ഉണ്ണിക്ക്യഷ്ണവർമ്മ, നീരജ് വർമ്മ, കുമാരി ശ്രുതി എന്നിവർക്കാണ് ഈ വർഷം സ്കോളർഷിപ്പുകൾ ലഭിച്ചത്. കരിവെള്ളൂർ യൂണിറ്റ് പുതിയതായി ഏർപ്പെടുത്തിയ പെൻഷൻ പദ്ധതിയുടെ ഉദ്ഘാടനവും വാർഷികയോഗത്തിൽ നടന്നു. യൂണിറ്റിലെ മുതിർന്ന അംഗങ്ങളെ ആദരിക്കുന്ന ചടങ്ങും ഇതോടനുബന്ധിച്ച് നടന്നു. മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് MSc Psychology പരീക്ഷയിൽ സ്വർണ്ണമെഡലോടെ ഒന്നാംറാങ്കു നേടിയ കുമാരി വി.എം. മിനിക്ക് യോഗം അനുമോദനം നൽകി.

# സാംസ്കാരികം

## കൊച്ചേറ ഫൗണ്ടേഷൻ

കലാംകൊച്ചേറ രചിച്ച ഋതുചക്രം (കഥാസമാഹാരം) മാ നിഷാദ (കവിതാ

സമാഹാരം) എന്നീ കൃതികളുടെ പ്രകാശനം കോട്ടയ്ക്കകം കൃഷ്ണവിലാസം കൊട്ടാരത്തിൽ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ നിർവ്വഹിച്ചു. കൃഷി വകുപ്പു മന്ത്രി മുല്ലക്കര രത്നാകരൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. അശ്വതി തിരുനാൾ ഗൗരിലക്ഷ്മിഭായി തമ്പുരാട്ടി ഭദ്രദീപം കൊളുത്തി. "ഋതുചക്രം" ഡോ.ഷാജിപ്രഭാകരനും, "മാ നിഷാദ" ചെമ്പൂർ സുകുമാരൻനായരും സ്വീകരിച്ചു. ഗിരീഷ് രാജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. ജോർജ്ജ് ഓണക്കൂർ, പി. നാരായണക്കുറുപ്പ്, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, ചുനക്കര രാമൻകുട്ടി, ആർ.എം. പരമേശ്വരൻ, ഡോ. വിളക്കുടി രാജേന്ദ്രൻ, കാര്യവട്ടം ശ്രീകണ്ഠൻനായർ, കവടിയാർ രാമചന്ദ്രൻ, കലാം കൊച്ചേറ, സജി തുടങ്ങിയവർ പ്രസംഗിച്ചു.

## ചിറക്കൽ കോവിലകം

### ഉജ്ജ്വലനേട്ടം

ഈ വർഷത്തെ സംസ്ഥാന യുവജനോത്സവത്തിൽ ചിറയ്ക്കൽ കോവിലകത്തെ ഐശ്വര്യരാജ ഭരതനാട്യത്തിന് ഒന്നാംസ്ഥാനവും, കുച്ചിപ്പുഡിയിൽ രണ്ടാം സ്ഥാനവും, മോഹിനിയാട്ടത്തിന് "എ" ഗ്രേഡും ഗ്രൂപ്പ് ഡാൻസിന് രണ്ടാം സ്ഥാനവും നേടി കാണികളുടെ പ്രശംസ പിടിച്ചുപറ്റി. സംസ്ഥാന യുവജനോത്സവത്തിൽ വ്യക്തിഗതമായി ഏറ്റവും കൂടുതൽ പോയിന്റു നേടിയ വിദ്യാർത്ഥിയെന്ന നിലയിൽ തിളങ്ങിയതും ഐശ്വര്യയാണ്. ഭരതനാട്യത്തിൽ ഒന്നാംസ്ഥാനം നേടുന്ന കലാകാരിക്ക് ഈ വർഷം ആദ്യമായി ഏർപ്പെടുത്തിയ അഞ്ചു പവന്റെ സ്വർണ്ണക്കപ്പ് ഐശ്വര്യരാജക്കു ലഭിച്ചു. മാനവ വിഭവശേഷി മന്ത്രാലയം നടത്തുന്ന സാംസ്കാരിക പരിപാടിയുടെ ഭാഗമായി ഐശ്വര്യയ്ക്ക് ജപ്പാനിലേക്ക് പോകാനുള്ള ക്ഷണം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് സിൽവർഹിൽസ് ഹൈസ്കൂളിലെ ഒമ്പതാംക്ലാസ്സ് വിദ്യാർത്ഥിനിയാണ് ഐശ്വര്യ. ചിറയ്ക്കൽ കോവിലകത്തെ സന്ധ്യാരാജയുടെയും ആയിരാഴി കോവിലകത്തെ കൃഷ്ണകുമാറിന്റെയും മകളാണ് ഐശ്വര്യ.

## സ്വരരാഗം പ്രകാശനം ചെയ്തു



7-2-2010-ൽ തിരുവനന്തപുരത്ത് തീർത്ഥപാദമണ്ഡപത്തിൽ ശ്രീ മൂകാംബികാസംഗീത വിദ്യാലയത്തിന്റെ 10-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ സി. അംബികാവർമ്മയുടെ "സ്വരരാഗം" എന്ന കർണ്ണാടക സംഗീത പാഠങ്ങൾ രണ്ടാംപതിപ്പ് ശ്രീ രാമവർമ്മ (കിളിമാനൂർ കൊട്ടാരം) പ്രകാശനം ചെയ്യുകയും ചലച്ചിത്ര പിന്നണി ഗായിക ബി. അരുന്ധതി ഏറ്റുവാങ്ങുകയും ചെയ്തു.

## കേരളപാണിനി എൻഡോവ്മെന്റ് പുരസ്കാരം സമ്മാനിച്ചു

മാവേലിക്കര: കേരളപാണിനി എ.ആർ. രാജരാജവർമ്മയുടെ കുടുംബാംഗങ്ങൾ അദ്ദേഹത്തിന്റെ പേരിൽ ഏർപ്പെടു ത്തിയിട്ടുള്ള എൻഡോവ്മെന്റ് അവാർഡ് പ്രൊഫ. ഒ.എൻ.വി. കുറുപ്പ് ധന്യ പി.ഡി.യ്ക്ക് സമ്മാനിച്ചു. കേരളത്തിലെ സർവകലാശാലയിൽ നിന്ന് മലയാളം എം.എ.യ്ക്ക് ഏറ്റവും ഉയർന്ന മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥിയ്ക്കാണ് അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. മാവേലിക്കര ശാരദാമന്ദിരത്തിൽ നടന്ന ചടങ്ങിൽ ശാരദാമന്ദിരം ട്രസ്റ്റ് പ്രസിഡന്റും എ.ആർ. രാജരാജവർമ്മയുടെ കൊച്ചുമകളുമായ രത്നം രാമ വർമ്മ അദ്ധ്യക്ഷത വഹിച്ചു. നാട്ടുഭാഷകളെ തള്ളിക്കളയുന്ന കൊളോണിയൽ കാലഘട്ടത്തിൽ മലയാളത്തെ ഉന്നത വിദ്യാഭ്യാസ പീഠത്തിൽ കുടിയിരുത്തിയത് എ.ആർ. തമ്പുരാനായിരുന്നു എന്ന് ഒ.എൻ. വി. കുറുപ്പ് അനുസ്മരിച്ചു. പന്തളം വലിയ തമ്പുരാൻ, പി. രാമവർമ്മ രാജാ, ക്ഷാത്രസന്ദേശത്തിന്റെ മുഖ്യ പത്രാധിപരും ക്ഷത്രിയ ക്ഷേമ സഭയുടെ തിരുവനന്തപുരം യൂണിറ്റ് പ്രസിഡന്റുമായ എം. രവിവർമ്മരാജാ, കേരളപാണിനി എ.ആർ. സ്മാരക ഭരണ സമിതി പ്രസിഡന്റ് കറ്റാനം ഗോപിനാഥൻ നായർ, സെക്രട്ടറി ഇലിപ്പക്കുളം രവീന്ദ്രൻ, സംസ്കൃത സർവകലാശാല തൃശൂർ പ്രാദേശിക കേന്ദ്രം ഡയറക്ടർ ഡോ.എം. കൃഷ്ണൻ നമ്പൂതിരി എന്നിവർ സംസാരിച്ചു. ഡോ.ആർ. ശ്രീലതാവർമ്മ സ്വാഗതവും ഡോ. ജി. വിശാഖവർമ്മ നന്ദിയും പറഞ്ഞു

## അമൂല്യഗ്രന്ഥങ്ങൾ അക്കാദമിയിലെത്തിയിട്ട് 21 വർഷം

സാഹിത്യചക്രവർത്തിയുടെ അമൂല്യഗ്രന്ഥശേഖരം സാഹിത്യ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും അറിവിന്റെ അക്ഷയഖനിയായി അപ്പൻതമ്പുരാൻ സ്മാരകത്തിലെത്തിയിട്ട് 21വർഷം പൂർത്തിയാകുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ഗ്രന്ഥ ശേഖര ത്തിലെ 701 പുസ്തകങ്ങളാണ് കേരള സാഹിത്യഅക്കാദമിയുടെ തൃശൂർ അയ്യന്തോളുള്ള അപ്പൻ തമ്പുരാൻ സ്മാരകത്തിലെ റഫറൻസ് വിഭാഗത്തിലുള്ളത്.

സംസ്കൃതം, മലയാളം, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, ഉറുദു, കന്നട തുടങ്ങിയ ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ ഇവയിലുൾപ്പെടുന്നു.

ഗ്രന്ഥശേഖരം 1989 സെപ്റ്റംബർ 26ന് ഹരിപ്പാട് ബോയ്സ് ഹൈസ്കൂളിൽ നടന്ന ചടങ്ങിലായിരുന്നു സാഹിത്യ അക്കാദമിക്കു കൈമാറിയത്. അന്നത്തെ സാംസ്കാരികമന്ത്രി ടി.കെ.രാമകൃഷ്ണൻ കൊടുങ്ങല്ലൂർ കുഞ്ഞുണ്ണി രാജയിൽ നിന്നും ഇവ ഏറ്റുവാങ്ങുകയായിരുന്നു.

ഇപ്പോൾ പുസ്തകശാലകളിൽ ലഭ്യമല്ലാത്ത അമൂല്യഗ്രന്ഥങ്ങളും ഇതിലുൾപ്പെടും. കൂടാതെ 41 ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ഒന്നിലധികം ലക്കങ്ങളും ആക്കാദമിക്കു നല്കിയിരുന്നു.

ക്ഷത്രിയസംഘടനാ ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന രാജകീയ ക്ഷത്രിയസഭയുടെ മെമ്മോറാണ്ടവും നിയമങ്ങളും, രാജകീയ ക്ഷത്രിയസഭ ഒന്നാം വാർഷിക റിപ്പോർട്ട് എന്നീ പുസ്തകങ്ങളും ഗ്രന്ഥശേഖരത്തിൽ ഉൾപ്പെടുന്നുണ്ട്.

അനിഴംനാൾ ലക്ഷ്മിത്തമ്പുരാട്ടിയുടെ പക്കലുണ്ടായിരുന്ന ഏഴ് മാനുസ്ക്രിപ്റ്റുകളും കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജയുടെ ഗ്രന്ഥശേഖരത്തിൽ നിന്നും 28 പുസ്തകങ്ങളും 13 ആനുകാലികങ്ങളുടെ വിവിധ ലക്കങ്ങളും അന്ന് അക്കാദമിക്കു കൈമാറിയിരുന്നു

## പുസ്തകപ്രകാശനം

കൊരട്ടി സ്വരൂപത്തിലെ കുഞ്ഞനുജൻ തമ്പുരാന്റെ ശതാഭിഷേകത്തോടനുബന്ധിച്ച് മകൾ ശൈലജ രാജീവ് വർമ്മ ശേഖരിച്ച ശ്ലോകങ്ങളുടെയും സ്തോത്രങ്ങളുടെയും സമാഹാരം 'സമർപ്പണം' പ്രകാശനം ചെയ്യപ്പെട്ടു. കൊരട്ടി സ്വരൂപത്തിലെ വലിയ തമ്പുരാട്ടി സുഭദ്രതമ്പുരാട്ടി ആദ്യപ്രതി കുഞ്ഞനുജൻ തമ്പുരാന് നൽകിക്കൊണ്ടാണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്. സന്താനവല്ലി തമ്പുരാട്ടിയുടെ ഓർമ്മയ്ക്കായി നടത്തിവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് ശൈലജ വർമ്മ സംസാരിച്ചു. അഡ്വ. നന്ദകുമാർ വർമ്മ യോഗനടപടികൾക്ക് നേതൃത്വം കൊടുത്തു. അനുപമവർമ്മ സ്വാഗതവും കൃഷ്ണകുമാർ രാജ നന്ദിയും പറഞ്ഞു.

## രാഘവൻതിരുമുൽപ്പാട് ആയുർവേദത്തിന്റെ ആചാര്യൻ – ഡോ. പൗലോസ്




ആയുർവേദത്തിന്റെ മൂലസംസ്കൃത ഗ്രന്ഥങ്ങളിൽ നിന്ന് നേരിട്ടുതന്നെ ജ്ഞാനം സമ്പാദിച്ച ആചാര്യനാണ് വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാടെന്ന് കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ. കെ.ജി. പൗലോസ് പറഞ്ഞു.

തിരുമുൽപ്പാടിന്റെ നവതിയാഘോഷങ്ങൾ ചാലക്കുടിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വൈദ്യഭൂഷണം കെ.രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷനാണ് ചടങ്ങ് സംഘടിപ്പിച്ചത്.

തലമുറകളുടെ ആചാര്യനാണ് രാഘവൻ തിരുമുൽപ്പാട്. അദ്ദേഹം സിദ്ധാന്തത്തിൽ ഉറച്ചുനിന്നതോടൊപ്പം പ്രയോഗത്തിൽ നിറഞ്ഞുനിൽക്കുകയും ചെയ്തു. പുതിയ തലമുറ ഇംഗ്ലീഷിലൂടെയാണ് ആയുർവേദത്തെ അടുത്തറിയുന്നത്. എന്നാൽ തിരുമുൽപ്പാട് പഠനത്തിനു പയോഗിച്ചത് സംസ്കൃതമൂലഗ്രന്ഥങ്ങളാണ്. ആയുർവേദത്തിന്റെ തനിമ ഉൾകൊണ്ട് തിരുമുൽപ്പാട് കാലഘട്ടത്തിന് മാതൃകയായി – ഡോ. കെ.ജി. പൗലോസ് പറഞ്ഞു.



കേരള ആരോഗ്യസർവകലാശാല പ്രൊ. വൈസ് ചാൻസലർ ഡോ.സി. രത്നാകരൻ തിരുമുൽപ്പാടിന് ഉപഹാരം സമർപ്പിച്ചു. എം.ജി.യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. രാജൻ ഗുരുക്കൾ അദ്ധ്യക്ഷനായി. തിരുമുൽപ്പാട് എഴുതിയ പുസ്തകങ്ങളുടെ പ്രകാശനകർമ്മം കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസിയിലെ പി. ആർ. കൃഷ്ണകുമാർ നിർവ്വഹിച്ചു. ഡോ. അനിത ജേക്കബ്, ഡോ. സി. രാമനാഥൻ, ഡോ. കെ. ശ്രീകുമാർ, ഡോ. പി.എം. വാരിയർ, ഡോ. വി.ജി. ഉദയകുമാർ, ഡോ. മഹാദേവൻ, ഡോ.ജി. ഗംഗാധരൻ, ഡോ. എം. പ്രസാദ്, ഡോ. കേസരി എന്നിവർ പ്രസംഗിച്ചു. തിരുമുൽപ്പാട് മറുപടി പറഞ്ഞു. തുടർന്ന് ദേശീയ ശാസ്ത്രസദസ്സ് നടത്തി. ഡോ.എം. മനോജ്കുമാർ, ഡോ. ജി. ശ്യാമകൃഷ്ണൻ, ഡോ. ആന്റണിജോസ്, ഡോ. എം. മനോജ്, ഡോ.കെ.പി. യദുനന്ദനൻ, ഡോ. ശശികുമാർ നെച്ചിയിൽ, ഡോ. പി.പി. ജിഗീഷ് എന്നിവർ പങ്കെടു ത്തു. ഡോ. കെ. ശങ്കരൻ, ഡോ. വി.സി. ദീപ് എന്നിവർ മോഡറേറ്റർമാരായി.

ഉച്ചതിരിഞ്ഞ് ആയുർവേദത്തിന്റെ ആരോഗ്യം എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ സി. ഗൗരീദാസൻനായർ മോഡറേറ്ററായി . ഡോ. ഡി. വിനയചന്ദ്രൻ, ഇ. ഉണ്ണികൃഷ്ണൻ, എൻ. മാധവൻകുട്ടി, ഡോ.എ.എ. ബേബി എന്നിവർ ചർച്ചയിൽ പങ്കെടുത്തു

## ചിറയ്ക്കൽ കോവിലകം

### വൈവാഹികം

**രാജശ്രീവർമ്മ – അനിലൻ**

ചിറയ്ക്കൽ കോവിലകത്ത് പ്രീതാ വർമ്മയുടേയും (പുതിയ കൊട്ടാരം), പാലക്കൽ സുരേഷിന്റെയും മകൾ രാജശ്രീവർമ്മയും കനകത്തിടത്തിൽ ജനാർദ്ദനന്റെയും പുതിയേടത്ത് രമണിയുടേയും മകൻ അനിലനും തമ്മിലുള്ള വിവാഹം മെയ് 6ന് കടലായി ശ്രീകൃഷ്ണ ക്ഷേത്രത്തിന് സമീപമുള്ള ശാരദാ കല്യാണമണ്ഡപത്തിൽ വെച്ച് നടന്നു.

**അമൃത – ശ്രീജിത്ത്**

ചിറക്കൽ കോവിലകത്ത് ദിവാകര വർമ്മയുടേയും (കൗസ്തുഭം) തിരുവണ്ണൂർ കോവിലകത്ത് ലതാവർമ്മയുടെയും മകൾ 'അമൃതയും' ചേർത്തല പരിമണത്ത് കോവിലകത്ത് വിജയ വർമ്മയുടേയും കിളിമാനൂർ കൊട്ടാര ത്തിൽ ജയശ്രീവർമ്മയുടേയും മകൻ 'ശ്രീജിത്തും' തമ്മിലുള്ള വിവാഹം ഏപ്രിൽ 18ന് കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു.

**അശ്വതി കെ.കെ. വർമ്മ –**
**സുധീഷ് കെ. വർമ്മ**

ചിറക്കൽ കോവിലകത്ത് പരേതനായ കൃഷ്ണകിഷോറിന്റേയും ഉദയ കോവിലകത്ത് ലളിതകുമാരിയുടേയും മകൾ അശ്വതി കെ.കെ.വർമ്മയും ചങ്ങനാശ്ശേരി അയർകാട്ടു വയലിൽ (കൃഷ്ണ വിഹാർ) കെ.ആർ. കേരളവർമ്മയുടേയും ശ്യാമള തമ്പുരാട്ടിയുടേയും മകൻ സുധീഷ് കെ. വർമ്മയും തമ്മിലുള്ള വിവാഹം കോഴിക്കോട് ഹോട്ടൽ അളകാ പുരിയിൽ വെച്ച് മെയ് 10ന് നടന്നു.

## കുടുംബയോഗങ്ങൾ

**മണക്കാട്**

ജൂൺ 12 വൈകുന്നേരം കരിവെള്ളൂർ മണക്കാട് സി.കെ. രാഘവ വർമ്മയുടെ ഭവനത്തിൽ വെച്ച് കുടുംബ യോഗം നടന്നു. കരിവെള്ളൂരിൽ വെച്ച് നടക്കുന്ന സംസ്ഥാന വാർഷിക സമ്മേളനം വിജയിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പ്രവർത്തകസമിതി അംഗം വി.എം. കൃഷ്ണകുമാർ വിശദീകരിച്ചു. മെമ്പർമാരുടെയും മറ്റും പങ്കാളിത്തക്കുറവ് കാരണം യോഗം ഉദ്ദേശിച്ച രീതിയിൽ നടന്നില്ല. ഇത്തരം പ്രധാന യോഗങ്ങളിൽ അംഗങ്ങൾ പങ്കെടുക്കാത്തതിൽ യോഗം ഖേദം പ്രകടിപ്പിച്ചു. സമ്മേളനം വമ്പിച്ച വിജയമാക്കാൻ യോഗം എല്ലാ മെമ്പർ മാരോടും ആഹ്വാനം ചെയ്തു. യോഗം 5 മണിക്ക് അവസാനിച്ചു.

**അമ്പലം റോഡ്**

കരിവെള്ളൂർ യൂണിറ്റിന്റെ പരിധിയിൽ വരുന്ന ഈ പ്രദേശത്തെ കുടുംബാംഗങ്ങളുടെ യോഗം ജൂൺ 13 ന് പി. കെ. രാജശേഖരവർമ്മയുടെ ഭവനത്തിൽ നടന്നു. വി.എം. കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. വൈസ് പ്രസിഡന്റ് സി. മാധവൻ അദ്ധ്യക്ഷത വഹിച്ച യോഗം പി.കെ. പത്മിനിതമ്പുരാട്ടി നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. 27.6.2010ന് കരിവെള്ളൂരിൽ വെച്ച് നടത്താൻ തീരുമാനിച്ച ക്ഷത്രിയ ക്ഷേമ സഭ സംസ്ഥാന വാർഷിക സമ്മേളനം വമ്പിച്ച വിജയമാക്കിത്തീർക്കുന്ന തിനുള്ള തീരുമാനം യോഗത്തിൽ നടന്ന ചർച്ചയിൽ ഉണ്ടായി. മോഹനവർമ്മ, ഉദയ ശങ്കരവർമ്മ, സി.കെ. പുരുഷോത്തമൻ, വി.എം. ബാലകൃഷ്ണൻ, രാജശേഖരവർമ്മ, നന്ദകുമാരവർമ്മ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. സംസ്ഥാന വാർഷിക സമ്മേളനത്തിൽ പരമാവധി അംഗങ്ങൾ പങ്കെടുത്തു സമ്മേളനം വിജയിപ്പിക്കാൻ തീരുമാനിച്ചു. യോഗം 5 മണിക്ക് അവസാനിച്ചു.

### ശതാഭിഷേകം

**കുഞ്ഞനുജൻ തമ്പുരാൻ**

കൊരട്ടിസ്വരൂപത്തിൽ ശ്രീ. കുഞ്ഞനുജൻ തമ്പുരാന്റെ ശതാഭിഷേകം മെയ് 21, 22 തീയതികളിൽ സമുചിതമായി ആഘോഷിക്കപ്പെട്ടു. 21ന് സ്വവസതിയിൽ പൂജാദികർമ്മങ്ങളും 22ന് നടന്ന ആഘോഷങ്ങളിൽ കുട്ടികളുടെ പാട്ട്, ഡാൻസ്, കവിതാ പാരായണം, പ്രസംഗം മുതലായവും 'സമർപ്പണം' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനവും മുഖ്യ ഇനങ്ങളായിരുന്നു. ബാലചന്ദ്രൻ വെള്ളോടി, ഉദയവർമ്മ, റൂബിവാര്യർ എന്നിവർ തമ്പുരാനെ പൊന്നാടയണിച്ച് ആദരിച്ചു. ശൈലജവർമ്മ എഴുതിയ മംഗളപത്രം ലക്ഷ്മിവർമ്മയും ഐശ്വര്യവർമ്മയും ചേർന്ന് വായിച്ചു. പിറന്നാൾ സദ്യക്കു ശേഷം ചാക്യാർകൂത്ത്, കൈകൊട്ടിക്കളി, നളചരിതം (മൂന്നാം ദിവസം) കഥകളി എന്നിവയും ഉണ്ടായിരുന്നു.

**തങ്കം വലിയ തമ്പുരാട്ടി**

ചിറക്കൽ പടിഞ്ഞാറെ കോവിലകത്ത് (ജയ്മഹൽ) തങ്കം വലിയ തമ്പുരാട്ടിയുടെ ശതാഭിഷേകം ഏപ്രിൽ 19ന് കടലായി ശ്രീകൃഷ്ണക്ഷേത്രത്തിന് സമീപമുള്ള ശ്രീകൃഷ്ണാ ഓഡിറ്റോറിയത്തിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. തിരു വല്ലാ പാലിയക്കര കൊട്ടാരത്തിൽ പരേതനായ വി.ജി. രവിവർമ്മ (കുഞ്ഞിക്കുട്ടൻ) ആണ് ഭർത്താവ്.

### ചരമം

**സരസ്വതിക്കുട്ടി തമ്പുരാട്ടി**

കൊടുങ്ങല്ലൂർ കോവിലകത്തെ അമ്മ തമ്പുരാൻ, ചിറയ്ക്കൽ കോവിലകത്തെ സരസ്വതിക്കുട്ടി തമ്പുരാട്ടി (86) 18.5.2010 ൽ അന്തരിച്ചു. പരേതരായ, ചിറക്കൽ കോവിലകത്തെ ഗൗരിതമ്പുരാട്ടിയുടേയും പള്ളത്തേരി മനക്കൽ വാസുദേവൻ നമ്പൂതിരിയുടേയും മകളാണ്. കോഴിക്കോട് പാടേരി മനയ്ക്കൽ പരേതനായ ചക്രൻ നമ്പൂതിരിയായിരുന്നു ഭർത്താവ്.

**അംബ തമ്പുരാട്ടി**

പൂഞ്ഞാർ: കോയിക്കൽ രാജ കുടുംബത്തിലെ വലിയ തമ്പുരാട്ടി മകയിരം തിരുനാൾ അംബ തമ്പുരാട്ടി (94) അന്തരിച്ചു. പരേതനായ കോടനാട് നാരായണൻ നമ്പൂതിരിയുടെ ഭാര്യയാണ്. പരേതരായ പി. കേരളവർമ്മരാജാ, പൂഞ്ഞാർ വലിയ രാജാവ് ആലക്കോട്ട് പി. ആർ. രാമവർമ്മ രാജ, കേണൽ ഗോദവർമ്മരാജ എന്നിവരുടെ ഹോ ദരിയാണ്.



മക്കൾ: പി.കെ. ആർ.വി. രാജ (റിട്ട. ഫ്ളൈറ്റ് ഇൻസ്ട്രക്ടർ) പി.എ. ഗോദവർമ്മ രാജ (ചാർട്ടേഡ് അക്കൗണ്ടന്റ്, വർമ്മ ആൻഡ് വർമ്മ, തിരുവനന്തപുരം) കുമാരിവർമ്മ, പരേതനായ പി. കേരള വർമ്മരാജാ (ആസ്പിൻവാൾ കമ്പനി), പി.ആർ. അശോക വർമ്മരാജാ (റിട്ട. പ്രിൻസിപ്പൽ എസ്. എം. വി.എച്ച്. എസ്. എസ്. പൂഞ്ഞാർ), മാലിനി നമ്പൂതിരി, മായാരാമവർമ്മ, ദിലീപ്കുമാർ വർമ്മ (സിവിൽഎൻജിനീയർ, മുംബൈ), മീരാവർമ്മ (തിരുവനന്തപുരം), പ്രദീപ് കുമാർവർമ്മ (അക്കൗണ്ട ന്റ്,മുംബൈ), മരുമക്കൾ: ലീലാരാമവർമ്മ, വൃന്ദാദേവി തമ്പുരാൻ (റിട്ട. പ്രൊഫസർ കേരള യൂണിവേഴ് സിറ്റി), ആർ.വി. കുഞ്ഞപ്പൻ തമ്പുരാൻ (റിട്ട. എൻജിനീയർ), പരേതയായ അംബികാ കേരളവർമ്മ (മാവേലിക്കര), ചന്ദ്രികാവർമ്മ (ചിറയ്ക്കൽ കോവിലകം), ആർ. രാമവർമ്മ (കിളിമാനൂർ കൊട്ടാരം), എം.എം.ജി. നമ്പൂതിരി (റിട്ട. എം.സി.എ), മംഗളാവർമ്മ (പന്ത ളം കൊട്ടാരം, പി.ജി. ശശികുമാരവർമ്മ (മന്ത്രി പാലൊളി മുഹമ്മദ് കുട്ടിയുടെ അഡീഷണൽ പേഴ്സണൽ സെക്രട്ടറി), ഗായത്രി വർമ്മ മുംബൈ (കിളിമാനൂർ കൊട്ടാരം)

## രാമവർമ കുട്ടപ്പൻ തമ്പുരാൻ



തൃപ്പൂണിത്തറ: കൊച്ചി രാജ കുടുംബാംഗം തൃപ്പൂണിത്തുറ ഭദ്രാലയം പാലസിൽ രാമവർമ കുട്ടപ്പൻ തമ്പുരാൻ (93) അന്തരിച്ചു. പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡ് മുൻ പ്രസിഡന്റാണ്. ഭാര്യ: തങ്കം വർമ, മക്കൾ: രാധ (മുംബൈ), കൃഷ്ണൻ, ഗോപാൽ. മരുമക്കൾ: ഉണ്ണി, ശോഭന.

## കൃഷ്ണൻനമ്പൂതിരിപ്പാട്

തൃപ്പൂണിത്തറ: മുരിയമംഗലത്ത് മനയ്ക്കൽ കൃഷ്ണൻ നമ്പൂതിരിപ്പാട് (റിട്ട. കനറാ ബാങ്ക് മാനേജർ- 79) അന്തരിച്ചു. ഭാര്യ: തൃപ്പൂണിത്തുറ പാലസ് നമ്പർ 11- ൽ പത്മ തമ്പുരാൻ. മക്കൾ: രഞ്ജിനി (റിയാദ്), രഘുനന്ദനൻ (മാക്കാപ്പൈവുഡ് ഇൻഡസ്ട്രീസ് രാജശ്രീ (റിയാദ്), മരുമക്കൾ: ശ്രീകുമാർ (ഓസ്ട്രേലിയൻ എംബസി റിയാദ്), രാധിക, പ്രകാശ് വർമ (അൽമറൈ- റിയാദ്).

## എ. ഗോദവർമ്മ

ഹരിപ്പാട്ട് അനന്തപുരത്തു കൊട്ടാരത്തിൽ എ. ഗോദവർമ്മ (85) കാക്കനാടുള്ള മകന്റെ വസതിയിൽ ജൂലായ് 7ന് നിര്യാതനായി. ഭാര്യ കൊടുങ്ങല്ലൂർ കോവിലകത്തെ വലിയ തമ്പുരാട്ടി പുത്തൻ കോവിലകത്ത് അമ്മിണിക്കുട്ടി തമ്പുരാട്ടി. മക്കൾ കെ. രാജലക്ഷ്മി, പരേതയായ കെ. ശാരദ, കെ. മോഹനൻ (ഓറിയന്റൽ എക്സിം, കൊച്ചി) മരുമക്കൾ: വി. കെ.എം. വർമ്മ (റിട്ട. കാനറാ ബാങ്ക്) പി. രാജരാജവർമ്മ സുധാകരൻ (പന്തളംകൊട്ടാരം), കെ.സി. സുധ (കടന്നമണ്ണ കോവിലകം)

## ഉദയവർമ്മരാജ

കണ്ണൂർ അടുത്തില കോവില കത്തെ വലിയരാജ ഉദയവർമ്മരാജ (ബാലൻ തമ്പുരാൻ - 83) നിര്യാതനായി. പരേതരായ മല്ലിശ്ശേരി മൂത്തേടത്ത് രാമൻ നമ്പൂതിരിയുടെയും അടുത്തില കോവിലകത്ത് കുഞ്ഞാണ്ടു തമ്പുരാട്ടിയുടെയും മകനാണ്. ഭാര്യ: കോട്ടയ്ക്കൽ കോവി ലകത്ത് ചെറിയ അനുജത്തി തമ്പുരാട്ടി. മക്കൾ: കെ.സി. സുനന്ദതമ്പുരാട്ടി, കെ.സി. ഉഷതമ്പുരാട്ടി, കെ.സി. പ്രകാശ് രാജ, കെ.സി. ദിലീപ് രാജ, മരുമക്കൾ: കെ. സുകുമാരൻ, കെ.സി. മോഹൻരാജ, സി.കെ. മഞ്ജുള.

## പൂഞ്ഞാർ വലിയരാജ പി. കേരള വർമ്മ രാജ

പൂഞ്ഞാർ രാജ കുടുംബത്തിലെ മുതിർന്ന അംഗം പി. കേരളവർമ്മ രാജ (89) ജൂൺ 5ന് നിര്യാതനായി. പൂഞ്ഞാർ



കോയിക്കൽ കൊട്ടാരത്തിൽ പുതുശ്ശേരി നാരായണൻ നമ്പൂതിരിയുടെയും കാർത്തിക തിരുനാൾ അംബ തമ്പുരാട്ടിയുടെയും തൃതീയ പുത്രനായി 1921 ഫെബ്രുവരി 26ന് യോജിച്ചു. തിരുവനന്തപുരം മഹാരാജാസ് സയൻസ് കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, എന്നിവിടങ്ങളിൽ പഠിച്ചു. തിരുവിതാംകൂർ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ 5 വർഷക്കാലം റേഞ്ചറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1984- ൽ തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ നിന്നും ഹിന്ദുമുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ച് ഒരു ലക്ഷത്തിപന്തീരായിരത്തോളം വോട്ടുകൾ നേടി മൂന്നാംസ്ഥാനത്തെത്തി. 1998- ൽ വീണ്ടും പാർലമെന്റ് തിരഞ്ഞെടുപ്പിൽ ബി.ജെ.പി. സ്ഥാനാർത്ഥിയായി മത്സരിച്ചു. 82ലെ വിശാല ഹിന്ദു ഐക്യ സമ്മേളനത്തിന് നേതൃത്വം നൽകിയതിലും നിലയ്ക്കൽ സമരത്തിന്റെ വിജയത്തിലും കേരള വർമ്മരാജ വഹിച്ച പങ്ക് അദ്ദേഹത്തെ ജന പ്രിയനായകനാക്കാൻ സഹായിച്ചു. കേരളക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റ്, ബി.ജെ.പി. ദേശീയ നിർവാഹകസമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള ഹോട്ടൽ ഓണേഴ്സ് അസ്സോസിയേഷൻ പ്രസിഡന്റ്, താന്ത്രിക വിദ്യാപീഠം അദ്ധ്യക്ഷൻ എന്നീ നിലകളിലും അദ്ദേഹത്തിന്റെ സേവനം അവിസ്മരണീയമാണ്. കേണൽ ഗോദവർമ്മ രാജയുടെ സഹോദരൻ എന്ന നിലയിലും തിരുവിതാംകൂർ രാജകുടുംബാംഗവുമായി അടുത്ത ബന്ധമുള്ള ആളെന്ന നിലയിലും അദ്ദേഹം ഏവർക്കും ആദരണീയനായിരുന്നു.

ഭാര്യ: ചേന്ദമംഗലം (പാലിയം) കുടുംബാംഗം കനകക്കുഞ്ഞമ്മ.

മക്കൾ: പി. കെ. പ്രേമചന്ദ്രൻ (ജനറൽ മാനേജർ, ചെന്നൈ തങ്കം ഹോട്ടൽ) പരേതനായ പി. കെ. രഘു (പ്രിൻസിപ്പൽ, പൂഞ്ഞാർ SMV ഹയർ സെക്കന്ററി സ്കൂൾ)

**ദിലീപ്കുമാർ വർമ്മ**

മാവേലിക്കര കൊട്ടാരത്തിൽ എം. ആർ. രാജരാജവർമ്മയുടെയും കിളിമാനൂർ കൊട്ടാരത്തിൽ വിമലാബായി തമ്പുരാട്ടിയുടെയും മകൻ ദിലീപ്കുമാർ വർമ്മ (56) മെയ് 17ന് നിര്യാതനായി. തിരുവനന്തപുരത്തെ ശ്രീചിത്രാ മെഡിക്കൽ സെന്ററി ലും പിന്നീട് ദുബായിലും ഏറെക്കാലം ജോലി നോക്കിയിട്ടുണ്ട്. ചിത്രകല, സംഗീതം, നാടകം തുടങ്ങിയവയിൽ ജന്മസിദ്ധമായ കഴിവുള്ളയാളായിരുന്നു പരേതൻ.

**ആർ. രാമവർമ്മ കോയിത്തമ്പുരാൻ**

തിരുവല്ലാ പായിക്കേകര കൊട്ടാരത്തിൽ ആർ. രാമവർമ്മ കോയിത്തമ്പുരാൻ (86) കാർത്തികപ്പള്ളി കൊട്ടാരത്തിൽ ജൂൺ 27ന് നിര്യാതനായി. കാർത്തികപ്പള്ളി ഗവ. യു.പി. സ്കൂൾ അദ്ധ്യാപക നായിരുന്നു. ഭാര്യ: കാർത്തികപ്പള്ളി കൊട്ടാരത്തിൽ ചതയംനാൾ ഓമനത്തമ്പുരാട്ടി. മക്കൾ: കേരള വർമ്മ (രഘു), രാമവർമ്മ (വിജയൻ), ഗിരിജ, ശോഭ, ജയശ്രീ, ഇന്ദിര, സുശീല, രാജശ്രീ. മരുമക്കൾ: ലത, കൃഷ്ണകുമാരി, അശോകൻ, തിലകൻ, സുധീരൻ, ജയകുമാർ, രഞ്ജിത്ത്, പ്രവീൺ.

**ആർ. രാജേന്ദ്രവർമ്മരാജ**

മാവേലിക്കര വലിയ കൊട്ടാരം ലക്ഷ്മിവിലാസത്തിൽ ആർ. രാജേന്ദ്രവർമ്മ രാജ (71) ജൂൺ 12ന് തൃപ്പൂണിത്തുറ പ്രശാന്തി അപ്പാർട്ട് മെന്റ്സിൽ നിര്യാതനായി. മാവേലിക്കര സെഷൻസ് കോർട്ടി ലും പിന്നീട് ചെന്നൈയിൽ ഇൻഡ്യാമീറ്റേഴ്സിലും ജോലി നോക്കിയ ശേഷം ഏറെക്കാലം കൊച്ചിയിൽ OEN



ഇൻഡ്യാ ലിമിറ്റഡിൽ കൊമേഴ്സ്യൽ മാനേജരായിരുന്നു. ഭാര്യ: കിളിമാനൂർ കൊട്ടാരത്തിൽ സൗദാമിനിബായി. മക്കൾ: പാർവ്വതിവർമ്മ, ബാല ഗോപാൽ വർമ്മ. മരുമകൻ: സതീഷ്വർമ്മ. ബ്രിഗേഡിയർ (റിട്ട.) എൻ. നന്ദകുമാരവർമ്മ, അശോക് കുമാർ വർമ്മ, ജയാവർമ്മ എന്നിവർ സഹോദരങ്ങളാണ്.

**പത്മാവതി തമ്പുരാട്ടി**

തിരുവല്ലാ പാലിയേക്കര കൊട്ടാരത്തിൽ പത്മാവതി തമ്പു രാട്ടി (78) മെയ് 28ന് പാലിയേക്കര കൊട്ടാരത്തിൽ നിര്യാതയായി.




## വരനെ ആവശ്യമുണ്ട്

### BOX No. 427

ക്ഷത്രിയ യുവതി 25 വയസ്സ് (20-5-1985) പൂയം നക്ഷത്രം,B.Tch (Electrical & Electronics Engineering. സോഫ്റ്റ്വെയർ എൻജിനീയ് ( Infosys) 158 cm, 51Kg. Whetish complexion. അച്ഛൻ പാലക്കാട് സ്വകാര്യ സ്ഥാപനത്തിന്റെ പാർട്ണർ. അമ്മ ബാങ്ക് ഉദ്യോഗസ്ഥ. ക്ഷത്രിയ യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നും ജാതകക്കുറിപ്പ് സഹിതം വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ല ര ശി

| | | | |
|---|---|---|---|
| ശു | ബു സ | ര കു | - |
| - | ഗ്രഹനില | | ച |
| ഗു മാ | | | - |
| - | ല മ | ശി | - |

ശു

ഗു മ
കു
മാ

ച ബു സ

### BOX No. 429

ക്ഷത്രിയ യുവതി 21 വയസ്സ് (14.3.1989). മകയിരം നക്ഷത്രം, 159 സെ.മീ. ഉയരം. B. Tech (I.T) സോഫ്റ്റ് വെയർ എഞ്ചിനീയറായി നിയമനം. അനുയോജ്യരായ ക്ഷത്രിയ യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (ashokkosseri@gmail.com)

| | | | |
|---|---|---|---|
| - | - | ച കു ഗു | - |
| ര ശു ബു സ | രാശി | | - |
| - | | | ശി |
| ല മ | - | മാ | - |

| | | | |
|---|---|---|---|
| കു ഗു | - | ശു | ര |
| - | നവാംശം | | ശി |
| ബു സ | | | ച ല |
| - | - | മാ | മ |

ജന്മശിഷ്ട കുജദശ 6 വർഷം 5 മാസം 10 ദിവസം

# അശ്രുപൂജ



എഴുമറ്റൂർ വരിപ്പൻകോട്ടു കോയിക്കൽ കെ. മോഹനവർമ്മ (64) ഏപ്രിൽ 23ന് മുംബൈയിൽ നിര്യാതനായി. അകാലത്തിൽ ഞങ്ങളെ വിട്ടുപിരിഞ്ഞ ഞങ്ങളുടെ എല്ലാമെല്ലാമായിരുന്ന ഈ സ്നേഹനിധിയുടെ ആത്മാവിന് നിത്യശാന്തി നേർന്നു കൊണ്ട് അശ്രു പൂജ കളോടെ

| | | | | | |
|---|---|---|---|---|---|
| ഭാര്യ | : | ലതാമോഹനൻ | സഹോദരി | : | റാണി ജയവർമ്മ |
| മക്കൾ | : | സ്വപ്നിൽ മോഹൻ | ,, ഭർത്താവ് | : | അഡ്വ. കെ ജയവർമ്മ |
| | | സ്വപ്ന മോഹൻ | ,, മക്കൾ | : | ആര്യ ജയവർമ്മ |
| | | | | | ആതിര ജയവർമ്മ |

ചെന്നിത്തല വഴയത്ത് പ്രേംനിവാസിൽ
ആർ. രാജരാജവർമ്മ, സുമതി രാജരാജവർമ്മ